REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം ചിത്രവാരിക

26th Meenam 1110.

8th April 1935.



സർവ്വരാജ്യബാലസംഘം.

U. P. S.

VOL. VII. No. 31

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക് ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി.

| | | | |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ചു അച്ചടിച്ചതു്) ടി | 1 | 8 | 0 |
| ടി (ആറുകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ, | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയന്റു) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട് | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (൨-ം ൩-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോല്പത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരീക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |
| ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം | 0 | 8 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | |
| 111-ആട്ടക്കഥകൾ സാധാരണബയന്റു്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയന്റു് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജൂഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ മീനം ൨൩-ാംനു- തിങ്കളാഴ്ച. | ലക്കം ൩൧.



തട്ടുക്കാമെങ്കിൽ തട്ടുത്തുകൊള്ളുക!

ന്യൂഗിനിയയിലെ ഒരു വില്ലാളി. ഇപ്പോൾ ഈ രാജ്യം ബ്രിട്ടീഷ്ഗവമ്മെൻറാണു ഭരിക്കുന്നതു്. അന്യോന്യം തലകൊയ്യുന്നവൃത്തിയിലാണു ഇന്നാട്ടുകാർ ബ്രിട്ടീഷ്ഭരണാരംഭത്തിനു്മുമ്പു ഏപ്പെട്ടിരുന്നതു്.

N. I. A.

# ചക്കാ.

## കുടിൽവ്യവസായത്തിനുള്ള ഏക മാർഗ്ഗം

(പി. കെ. കേരളവർമ്മ.)

1927-ൽ 'യങ്ങ്ഇൻഡ്യ'യിൽ ഗാന്ധിജി ഇങ്ങനെ എഴുതിയിരുന്നു: "ചക്കാകൊണ്ടു് അത്ഥമാക്കുന്നതെന്തെന്ന് മനസ്സിലാക്കുന്നതിനുമുൻപായി അതത്ഥമാക്കാത്തതു് എന്തെല്ലാമെന്നാണറിയേണ്ടതു്. ആദ്യമായി, നൂൽനൂല്പ് യാതൊരു വ്യവസായത്തോടും മത്സരിക്കുന്നതിനോ, യാതൊന്നിനേയും സ്ഥാനഭ്രംശം ചെയ്യുന്നതിനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. രണ്ടാമതു്, അരോഗദൃഢഗാത്രനായി ആദായകരമാംവണ്ണം തൊഴിലെടുത്തു് കാലക്ഷേപം കഴിക്കുന്നവനെ അതിൽനിന്നും വിടുത്തി ഇതിലേക്കാകർഷിക്കണമെന്നും അതുകൊണ്ടുദ്ദേശിക്കുന്നില്ല. അതുകൊണ്ടു് നൂൽനൂല്പിൽനിന്നും കിട്ടുന്ന ആദായത്തേയും, പരിശനിരക്കിനേയും കണക്കാക്കി മററു തൊഴിലുകളുമായി അതിനെ താരതമ്യപ്പെടുത്തുന്നതു ശരിയല്ല. ചുരുക്കത്തിൽ നൂൽനൂല്പുകൊണ്ടു് ആരും വലിയ ധനികനാകാമെന്നു മോഹിക്കേണ്ട. ആണ്ടിൽ ആറുമാസം തൊഴിൽ ഇല്ലാതെ കഴിഞ്ഞുകൂടുന്നതുകൊണ്ടു് ദാരിദ്ര്യംബാധിച്ചു് നട്ടം തിരിയുന്ന ഇൻഡ്യയിലെ വലിയ ഭൂരിപക്ഷത്തെ ഉദ്ദേശിച്ചു് നടപ്പാക്കപ്പെട്ടിട്ടുള്ള ഒരു പ്രസ്ഥാനമാണു് നൂൽനൂല്പ്. ഈ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും പെട്ടെന്നുള്ളതും സുസ്ഥിരവും പ്രായോഗികവുമായ ഒരു പരിഹാരമായിട്ടു മാത്രമേ അതിനെ വ്യാഖ്യാനിക്കേണ്ടതുള്ളു. ഈ രണ്ടു മഹൽപ്രശ്നങ്ങൾ നിലവിൽ ഇല്ലായിരുന്നെങ്കിൽ തുച്ഛമായ ആദായം തരുന്ന ഈ നൂൽനൂല്പിനു് ഇൻഡ്യയിൽ ഇത്ര ദേശീയമായപ്രാധാന്യം ഉണ്ടാകുകയില്ലായിരുന്നു. അതുകൊണ്ടു ചക്കയുടെ മാഹാത്മ്യത്തെപ്പററിയുള്ളപ്രശംസയിൽ, ഇൻഡ്യയിലെ കഠോരദാരിദ്ര്യത്തേയും, അതിനുള്ളകാരണത്തേയുംപററിയുള്ള ഒരറിവും അന്തർഭവിക്കാതെ തരമില്ല. ഇൻഡ്യയുടെ സ്വാജ്ജിതസ്വത്തായിരുന്ന കുടിൽവ്യവസായത്തിൻെറ നാശം, അതിനുപകരമായി മറെറാന്നും ആ സ്ഥാനം പിടിക്കാതെവന്ന കാരണം, ഉള്ള കന്നുകാലികളുടെ ക്ഷതി, ക്ഷാമത്തിൻെറയും ദുർഭിക്ഷതയുടേയും കൂടക്കൂടെയുള്ള ആവിർഭാവം, കൃഷിക്കാക്കു് ക്രമപ്രവൃദ്ധമായുണ്ടായ നിർദ്ധനത്വം മൂലം അവക്കു സ്വന്തം ചെറുഭൂമികളെ പരിഷ്കരിക്കുന്നതിലുണ്ടായ കെല്പില്ലാഴിക, ഇടത്തരക്കാരായ ഏജൻറന്മാർ ലങ്കാഷയർ വസ്ത്രങ്ങളെ ഗ്രാമങ്ങളിൽ കൊണ്ടുവന്നു് ഇറക്കി വരുത്തിക്കൂട്ടിയ വിഡ്ഢിത്തം, കൂടാതെ, പാശ്ചാത്യരെ അനുകരിച്ചു് ഇവിടെയും മില്ലുകളുടെ ആവിർഭാവം മൂലമുണ്ടായ അസമമായ ധനവിതരണം ഇതുകൊണ്ടൊക്കെ തൊഴിലില്ലായ്മയും ദാരിദ്ര്യവും ഇന്നു് ഇൻഡ്യയിലെ രണ്ടു മഹൽപ്രശ്നങ്ങളായി തീന്നിരിക്കയാണു്. എന്നാൽ പത്തൊൻപതാംനൂററാണ്ടിൻെറ ആദ്യഭാഗത്തു് ഉത്തരഇൻഡ്യയിലെ സമൃദ്ധിയിൽ പുഞ്ചിരിതൂകിക്കൊണ്ടുനിന്ന നിരവധിഗ്രാമങ്ങളുടേയും പട്ടണങ്ങളുടേയും മററും കഥയാണു് അന്നു് ഉത്തരഇൻഡ്യ പര്യടനം ചെയ്ത മി. മോണ്ടു് ഗോമറിമാർട്ടിൻേറയും, ഡാക്ടർ ബുക്കാനൻേറയും ചിത്രീകരണത്തിൽനിന്നും നമുക്കു് മനസ്സിലാകുന്നതു്. നൂൽനൂല്പ്, നെയ്ത്തു്, ചായവേല, ശില്പിവേല മുതലായ പല വകുപ്പുകളിലുമായി നിരവധിലക്ഷം പേക്കു് നിരന്തരമായ തൊഴിൽഉണ്ടാക്കിക്കൊടുത്തു് ഏററവും കാര്യക്ഷമമാംവണ്ണം ധനത്തിൻെറ സമവിതരണം അന്നു സാദ്ധ്യമാക്കി പ്രവത്തിച്ചുവന്നിരുന്നതുമെല്ലാംതന്നെ സന്നദ്ധസംഘങ്ങളായിരുന്നു എന്നും നമുക്കതിൽനിന്നും മനസ്സിലാകുന്നുണ്ടു്. ഇന്നത്തെ നിലയ്ക്കു ഈവിധമുള്ള ഒരു പ്രവത്തനം എത്ര യോജിക്കുമെന്നു് ചില ഔദ്യോഗികകണക്കുകൾതന്നെ പരിശോധിക്കാം. 1921-ലെ സെൻസസ് അനുസരിച്ചു് ഓരോ പ്രോവിൻസിലും ആളോഹരിയുള്ള കൃഷിസ്ഥലത്തിൻെറ വിസ്തീർണ്ണം നോക്കുക.

| പ്രോവിൻസ്. | കൃഷിസ്ഥലം. |
|---|---|
| ആസാം | 2 96 ഏക്കർ. |
| ബെങ്കാൾ | 3.12 " |
| ബോംബെ | 12.15 " |
| മദ്രാസ് | 4.91 " |
| പഞ്ചാബ് | 9.18 " |
| യു. പി | 2.51 " |

ഈവിധമുള്ള ദരിദ്രമായ ഭൂമിയുടമസ്ഥതയാണു 72 ശതമാനംപേക്കുമുള്ളതു്. ഇതിൽനിന്നും എത്ര കുറച്ചുസമയം മാത്രമേ ഓരോരുത്തനും ആണ്ടിൽ ഇതിനുവേണ്ടി ചിലവഴിക്കേണ്ടതുള്ളു എന്നുകാണാം. പഞ്ചാബിൽപോലും ആണ്ടിൽ ആറുമാസം തൊഴിൽഇല്ലാത്ത സമയമാണെന്നാണു വിദഗ്ദ്ധാഭിപ്രായം. അപ്പോൾ മററു പ്രോവിൻസുകളിലെ സ്ഥിതി നോക്കാൻണ്ടോ? ലങ്കാഷയറിൽ ഓരോരുത്തനും 21 ഏക്കർ കൃഷിഭൂമിയുണ്ടായിട്ടും മഞ്ഞുകാലത്തേക്കു വല്ല കുടിൽവ്യവസായവും ആളുകൾക്കു ഉണ്ടെങ്കിൽ എത്ര നന്നായിരുന്നു എന്നാത്രേ പറയാറുള്ളതു്- നെയ്ത്തുവ്യവസായം വളരെ അഭിവൃദ്ധിയിൽ എത്തിയിരിക്കുന്ന ഇററലിയിൽപോലും മൾബെറിച്ചെടി വിളയുന്നിടത്തെല്ലാം വിശ്രമസമയത്തെ മുഴുവനും അവിടെയുള്ള സ്ത്രീകൾ ഉപയോഗപ്പെടുത്തുന്നുണ്ടു്. അപ്പോൾ ഇൻഡ്യയെപ്പോലെ അതിവിസ്തൃതമായ ഒരു രാജ്യത്തു കൃഷിയോടനുബന്ധപ്പെട്ടുള്ള ഒരു കുടിൽവ്യവസായം ആവശ്യമാണോ എന്നുള്ള തക്കത്തിനു വകാശമില്ല. പക്ഷെ ഏതുതൊഴിലാണു കുടിൽവ്യവസായത്തിനു ഉത്തമമെന്നുള്ള സംശയംതന്നെ ചക്കാപ്രസ്ഥാനം തുടങ്ങിക്കഴിഞ്ഞതിനുശേഷം മാത്രമാണു് ഉണ്ടായതു്. ചക്കയാണു ഇതിനു ഇടംകൊടുത്തതെന്നുള്ളതുതന്നെ ആരും വിസ്മരിക്കാതെയിരിക്കട്ടെ! അതിൻെറ ശരിയായസ്വഭാവം മനസ്സിലാകുമ്പോൾ അതു ഫോർഡുകാർപോലെ ഒരു പുതിയ കണ്ടുപിടുത്തമല്ലെന്നും മനസ്സിലാകുന്നതാണു്. അമ്മയെ വേർപെട്ടുപോയ ഒരുകുട്ടി സ്വമാതാവിനെ തിരക്കി കണ്ടുപിടിക്കുന്നതിനോടു മാത്രമെ ചക്കയുടെ കണ്ടുപിടുത്തത്തെ ഉപമിപ്പിക്കാൻ തരമുള്ളു. ഇവിടെ കുട്ടി എന്നതിനു പുരോഗമനവീക്ഷണംനശിച്ച അനേകലക്ഷം ഇൻഡ്യക്കാർ; അമ്മ അവക്കു ആഹാരത്തിനു വകയുണ്ടാക്കിക്കൊടുത്തുവന്നിരുന്ന കരകൌശലപ്പണിയുമാകുന്നു. ഈ വാസ്തവം മനസ്സിലാക്കിയാൽപിന്നെ ഏതു കുടിൽവ്യവസായമാണു സ്വീകരിക്കേണ്ടതെന്നുള്ള തക്കത്തിനു വകയില്ലാതാകും. വ്യവസായങ്ങൾ പലതുണ്ടു്. കന്നുകാലിവളത്തൽ കൊള്ളരുതോ? എന്നൊരു ചോദ്യമുണ്ടാകാം. ശരി, ഇൻഡ്യ ഡൻമാക്കല്ല എന്നു ഓത്താൽ നന്നു്. ഇംഗ്ലണ്ടിലേക്കാവശ്യമുള്ള വെണ്ണയിൽ 40 ശതമാനം ഡൻമാക്കു തന്നെ നിവ്വഹിക്കുന്നു. 1900-ാമാണ്ടു 80 ലക്ഷംപവൻെറ വെണ്ണയാണു ഡൻമാക്കിൽനിന്നു ഇംഗ്ലണ്ടിലേക്കു കയററുമതിചെയ്തതു്. ഇതുപോലെ ഇൻഡ്യയ്ക്കു കയററുമതിചെയ്യുവാൻ ഇതിലും വലിയ ഒരു 'ഇൻഡ്യ' ഇല്ലതന്നെ- കൃഷി പരിഷ്കരിച്ചു ഇന്നുള്ള കൃഷിസ്ഥലത്തിൻെറ ചുരുക്കത്തെ പരിഹരിക്കാമെന്നുവച്ചാലതും സാദ്ധ്യമല്ല; കാരണം ഇൻഡ്യയ്ക്കു ഐർലണ്ടിനെപ്പോലെ പ്രശസ്തമായി നടത്തപ്പെടുന്ന കാഷികപദ്ധതികളൊ അതിനുള്ള വിദ്യാഭ്യാസപ്രബുദ്ധതയൊ ഒന്നുമില്ല. ഇത്രവലിയ ഒരു ജനതയ്ക്കു ഉപതൊഴിലായി വല്ല കുട്ടനിമ്മാണമോ, വട്ടിനെയ്ത്തോ, ചൂരൽവേലയോ ആരും പൊതുവെ ഉപദേശിയ്ക്കയില്ല അവയ്ക്കൊന്നും നൂലിനുള്ളതുപോലെ വില്പനസൗകര്യവും ഇല്ല.

ബംഗാളിൽ ചണംകൃഷിയുള്ള പരിസരങ്ങളിൽ ഒരു ചണമിൽ ഏർപ്പെടുത്തിയാൽ എന്താണു് പാശക്, എന്നു് നിസർഗ്ഗഫലിതമായ സ്വരത്തിൽ ചോദിച്ച ഒരു ഐ. സി. എസ്സ്. ഉദ്യോഗസ്ഥനെ ഞാൻ ഓക്കുന്നു. എന്നാൽ ഈ മില്ലുകൾ എല്ലാംകൂടി ഇന്നു് രണ്ടരലക്ഷം ജോലിക്കാരെ മാത്രമേ ഏർപ്പെടുത്തിയിട്ടൊള്ളു. വാസ്തവത്തിൽ അവ വരുത്തിക്കൂട്ടിയതു് സാധു ചണംകൃഷിക്കാരെ ഞെരിച്ചു് കുറെ മുതലാളന്മാരെയും ഏജൻറന്മാരെയും പുലത്തുകയായിരുന്നു എന്നു് മനസ്സിലാക്കണം. എഴുപതുവഷത്തെ പഞ്ഞിവ്യവസായ വൈദഗ്ദ്ധ്യം സമ്പാദിച്ചും, 50 കോടി രൂപാ മൂലധനത്തോടുകൂടിയും ഇരിക്കുന്ന മിൽഉടമസ്ഥസംഘം പറഞ്ഞറിയിക്കുന്നതു് മൂന്നുലക്ഷത്തി എഴുപതിനായിരം വേലക്കാരെ മാത്രമേ മില്ലുകൾ പ

(മി. റിച്ചാർഡ്ഗ്രെഗ്ഗ് തൻെറ വാദമുഖങ്ങളെ സ്ഥാപിക്കാൻ ഉപയോഗപ്പെടുത്തിയതും ഗാന്ധിജി എഴുതിയിരുന്നതുമായ ഒരു ലേഖനത്തിൻെറ സാരം.)

ലത്തുമുള്ള എന്നാണ്. ഇവർക്കു കിട്ടുന്ന കൂലികൊണ്ട് ഏതാണ്ട 15 ലക്ഷം പേരുടെ ചിലവ് നടക്കുന്നുണ്ട്. ഇതുംകൂടാതെ അല്പം ചില ഉദ്യോഗസ്ഥന്മാരെയും, ഗുമസ്താക്കളേയുംകൂടി മില്ലുകൾ പോററുന്നുണ്ട്. (ഇതു ആകെ തൊഴിൽ ഇല്ലാത്തവരുടെ എത്ര തുച്ഛഭാഗംമാത്രമാണ്?)

എന്നാൽ കൈകൊണ്ടുള്ള നൂൽനൂല്പിന്റെ ആദായത്തെപ്പററിയുള്ള പരാതി അതു കേവലം തുച്ഛമാണെന്നാണല്ലൊ ഏതായാലും നൂൽനൂല്പ് ഒരു പ്രധാന തൊഴിലായിട്ടല്ല സ്വീകരിക്കുന്നതെന്നുള്ള തത്വം മറക്കരുത്. ദിനമൊന്നിനു രണ്ടണ കിട്ടുമെങ്കിൽ അല്ലാ കുറേക്കൂടി കുറഞ്ഞസംഖ്യ മതി — ഒരണ കിട്ടുമെങ്കിൽതന്നെ ആണ്ടിൽ 24 രൂപാ ആയി. ഇതു ഇൻഡ്യയിലെ ദാരിദ്ര്യത്തിന്റെ നിഷ്ഠുരത മനസ്സിലാക്കിയിട്ടുള്ളവർക്ക് ഒട്ടും കുറഞ്ഞ സംഖ്യയാണെന്നു പറയാൻ സാധിക്കയില്ല ഒരാളുടെ ശരാശരി വരുമാനം ആണ്ടിൽ എന്തായിരിക്കുമെന്നു ഏകദേശം പതിനഞ്ചു പരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതിൽ ഒന്നുമാത്രം 116 രൂപയാണെന്നു പറഞ്ഞിരിക്കുന്നു. ഇതുതന്നെ സ്വീകരിച്ചാൽ 24 രൂപാ അത്ര നിസ്സാരമായ സംഖ്യയാണൊ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ എനിയും നൂൽനൂല്പ തന്നെ ഉപതൊഴിലായി സ്വീകരിക്കണമെന്നു പറയാനുള്ള മററു കാരണങ്ങളെയും ചുരുക്കിപ്പറയാം.

(1) അതു വളരെ എളുപ്പത്തിൽ പ്രയോഗിക്കാം. എന്തെന്നാൽ

(a) വലിയ മൂലധനം വേണ്ട ആവശ്യമുള്ള സാധനങ്ങളെല്ലാം എല്ലായിടത്തും കിട്ടും.

(b) അതു നടത്താൻ ഇൻഡ്യയിലെ ദരിദ്രഗണങ്ങൾക്കുള്ള പാടവം മതിയാകും

(c) അതിനു വലിയ അദ്ധ്വാനം ഇല്ലാത്തതുകൊണ്ടു കുഞ്ഞുങ്ങൾക്കും വൃദ്ധന്മാർക്കും അതിൽ ജോലിചെയ്യുകയും, തദ്വാര, കുടുംബഫണ്ടിനെ പോഷിപ്പിക്കയുംചെയ്യാം.

(2) ആഹാരം കഴിഞ്ഞാൽ പിന്നെ സാർവ്വത്രികമായിട്ടാവശ്യമുള്ളതു വസ്ത്രമാകയാൽ നൂലിനു സർവ്വവിധമായ വില്പനസൌകര്യവും ഉണ്ട്. സാധു കർഷകനു അവൻ ഇരിക്കുന്നിടത്തുതന്നെ അതിനുള്ള വില കിട്ടും

(3) കാലവർഷവും മററും അതിനു പ്രതിബന്ധമല്ലാത്തതിനാൽ എല്ലാകാലത്തും അതിനെ അവലംബിക്കാം

(4) കർഷകന്റെ ഭവനത്തിൽതന്നെ അതു ജോലികൊടുക്കുന്നതിനാൽ കുടുംബം ഛിന്നഭിന്നമായി പിരിയാതെസൂക്ഷിക്കാം.

(5) ഗ്രാമീണസമൂഹങ്ങളുടെ നശിച്ചുപോയിട്ടുള്ള പല ഗുണഭാഗങ്ങളേയും പുനരുദ്ധരിക്കാൻ അതിനുമാത്രമേ സാധിക്കയുള്ളു.

(6) കർഷകന്റെ എന്നതുപോലെ അതു നെയ്ത്തുകാരന്റെയും ഏകപിൻബലമാകുന്നു. ഇപ്പോൾതന്നെ ഏകദേശം ഒരുകോടിയോളംപേരെ പുലർത്തുന്ന കൈനെയ്ത്തിന്റെ സ്ഥായിയായ നിലനില്പിനു അതു അത്യന്താപേക്ഷിതമാണ്.

(7) അതിന്റെ പുനരുദ്ധാരണം മററു പല ഗ്രാമസംഘടനകൾക്കും അസ്ഥിവാരമിടും.

(8) ഇൻഡ്യയിലെ ലക്ഷോപലക്ഷം നിവാസികളുടെ ഇടയിൽ ധനത്തെ സമമായി വിതരണം ചെയ്വാൻ അതുകൊണ്ടുമാത്രമേ സാധിക്കയുള്ളു.

(9) സാധുകർഷകന്റെ തൊഴിലില്ലായ്മയ്ക്കു മാത്രമല്ലാ അതു ഉപശാന്തിയുണ്ടാക്കുന്നതു. തൊഴിൽതേടി ഒരു ലക്ഷ്യവും കിട്ടാതെ അലഞ്ഞുതിരിയുന്ന അഭ്യസ്തവിദ്യനായ യുവാവിനും അതുതന്നെയായിരിക്കും ഒരവലംബം. അതു നിർവ്വഹിക്കേണ്ടതായ ഈ പ്രശ്നത്തിന്റെ വലിപ്പംകൊണ്ടു, ആ പ്രസ്ഥാനത്തെ സംഘടിപ്പിച്ചു ത്വരിപ്പിക്കാൻ രാജ്യത്തുള്ള ഒന്നാംകിടയിൽനില്ക്കുന്നവരുടെ ശക്തിയും, ബുദ്ധിയുംകൊണ്ടുള്ള നേതൃത്വം അതിനാവശ്യമായിട്ടാണിരിക്കുന്നതു.

# "ആത്മാലാപം."

കൈനിക്കര കുമാരപിള്ള.

vi

അവിടുന്ന് എന്റെ കഴുത്തിലർപ്പിച്ച പുഷ്പമാല്യം! —
  പ്രാണനാഥാ, അതിത്രമാത്രം മുള്ളു നിറഞ്ഞതാണെന്ന് അന്നു ഞാൻ അറിഞ്ഞില്ല!

അതിന്റെ മൃദുലസ്പർശനത്താൽ പുളകം പൂണ്ടു, അതിന്റെ നവസുഗന്ധത്തിൽ മനം മയങ്ങി,
  ഞാൻ അതിനെ മാറത്തു ചേർത്തമർത്തി, —
  അഹോ! എന്റെ വക്ഷസ്സിൽ അസംഖ്യം മുള്ളുകൾ തുളച്ചുകയറി;
  എന്റെ രക്തംകൊണ്ടു ആ മാല ചുവന്നു,
  എന്റെ കണ്ണുനീർകൊണ്ടു അതു നനഞ്ഞു,
  അവിടുന്ന് എന്നെ ചതിച്ചല്ലോ എന്നോർത്തു ഞാൻ കരഞ്ഞു.

* * * * * *

ഞാൻ എന്തൊരു ബുദ്ധിശൂന്യ! — അവിടുന്ന് എന്റെ മൌഢ്യത്തെ ക്ഷമിക്കണം.
  ആ മുള്ളുകളാണ് ആ മാലയെ വാടാതെ കാക്കുന്നതു,
  എന്നെക്കൊണ്ടു അവിടത്തെ വിസ്മരിപ്പിക്കാതെ എന്നെ രക്ഷിക്കുന്നതു.

അവിടുന്ന് എനിക്കു സമ്മാനിച്ച മാല്യമാണതു, —
  ഞാൻ അതിനെ നിത്യവും മാറത്തു ചേർത്തണയ്ക്കുകതന്നെ ചെയ്യും;
  എന്റെ രക്തവും കണ്ണുനീരും അതിനെ നിത്യവും നനയ്ക്കും.
  അതു വാടാൻ ഞാൻ അനുവദിക്കുകയില്ല.
  എന്റെ വക്ഷസ്സിൽ തറഞ്ഞുതാഴുന്ന ഓരോ മുള്ളും എന്നെക്കൊണ്ടു ഓരോ നിമിഷവും അവിടത്തെ അനുസ്മരിപ്പിക്കും.
  ഞാൻ അവിടത്തെ മറക്കുകയില്ല.
  ആ മാലയിലെ പുഷ്പത്തെയോ മുള്ളിനെയോ ഏതിനെയാണ് ഞാൻ കൂടുതൽ സ്നേഹിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ.

അവിടുന്ന് എന്റെ കഴുത്തിലർപ്പിച്ച പുഷ്പമാല്യം! —
  പ്രാണനാഥാ, അതിത്രമാത്രം പ്രേമം നിറഞ്ഞതാണെന്ന് അന്നു ഞാൻ അറിഞ്ഞില്ല.

[പകർപ്പവകാശം പ്രബന്ധകർത്താവിനു.]


## കാമകലാസഞ്ചികകൾ

— ഠ —

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുഃഖഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു.

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

# ബന്ധകവാടം.

(പന്തളം കെ. പി. രാമൻപിള്ള ബി. ഏ.)

I

സുഖവിഭവ സുലഭ മിതേവിധ-
മിവിടെയെന്നെന്നുമാനന്ദസദ്യയിൽ
അമിതസൌഭാഗ്യശീലരാംനിങ്ങളൊ-
ന്നിനിയുമിക്കഥയോർമ്മിക്കയില്ലയോ?

ക്ഷണലിഖിതം ലഭിച്ചവരുണ്ടിനി
പരസ്സഹസ്രകം ബന്ധുക്കൾ വേറെയും
അവരശേഷവും വാതുക്കൽ വന്നതാ-
കതകുതട്ടി വിളിക്കുന്നു നിങ്ങളെ!

അധികനേരമായിത്തെരുവീഥിയി-
ലശനപാനാദിയില്ലാതെ യായവർ
കൊട്ടവെയിലേററുനില്ക്കുന്നു: വേഗമി-
പ്പടിതുറക്കുവിൻ, സ്വാഗതംചെയ്യുവിൻ!

വഴിയിലെന്തോ വിഷമം ഭവിച്ചവർ
വരുവതിന്നല്പം താമസിച്ചെങ്കിലും
സഹജരാം നിങ്ങളൌദാർയ്യപൂർവ്വമ--
പ്പിഴകളൊക്കെ ക്ഷമിക്കേണ്ടതല്ലയോ?

ശരി,യതല്പവും സാധ്യമല്ലെങ്കിലോ
മതിയവർക്കു വിധിച്ചോരു ശിക്ഷകൾ,
കൊടിയ ക്ഷുൽപിപാസാദി വിവശരാ-
മവരിനിയെത്ര കാത്തുനിന്നീടണം?

ഹഹഹ! നിങ്ങൾ പറയുന്നു:-"കേവലം
തെരുവുതെണ്ടികളാമിപ്പരിഷയേ
വരുവതിന്നാരു ചൊല്ലിയിവണ്ണമി-
പ്പരിസരവുമശുദ്ധപ്പെടുത്തുവാൻ?"

ബഹുവിചിത്ര! മീധിക്കാരവാചക-
പ്രതിവചനമഭിമുഖമോതുവാൻ
അവരിലാർക്കാനുമല്പമെന്നാകിലു-
മുയിരുണരുവാൻ കാലമായെങ്കിലോ...?

അനതിദൂരമാംഭാവിയിൽ ശിഥിലമി-
ഘനതരമായ ബന്ധകവാടവും
തരിതരിയായ് ചവിട്ടിയെറിയുവാ-
നവരിലാർക്കാനും ശേഷിയുണ്ടാകിലോ...?

ഒരുസമയമിത്തീരശിലകൾ ത-
ന്നടിതകർന്നു വെറും മണൽപ്പൂഴിയെ
ശതശകലിതം പൂപ്പടവാരുവാൻ
കഴികയില്ലെന്നോ വാരാന്നിധിക്കിനി?

വെറുതെയെന്തിനായ് നിങ്ങളോടീവിധ-
മതുമിതും വൃഥാ വാദിച്ചിടുന്നുഞാൻ?
പഴയകാലം പ്രമാണമായ് കാണുവാൻ
പുറകിലാണല്ലൊ നിങ്ങൾക്കു കണ്ണുകൾ!

ഇതുവരെയ്ക്കുമിപ്പന്തലിൽനിന്നുഞാൻ
ചപലഗീതങ്ങൾ പാടിയുമാടിയും
വിഫലമെത്രയോ നാളുകൾ പോയതിൻ
പ്രതിവിധിക്കായി പിന്തിരിയട്ടെഞാൻ.

പ്രഭുസമക്ഷത്തു മാത്രമല്ലല്ലൊ മൽ-
പരമഗായകകർത്തവ്യമൂഴിയിൽ!

II

ഇതുവരെയ്ക്കൊരു പുഞ്ചിരിക്കെങ്കിലു-
മിടവരാത്തൊരെൻ പ്രാണസഖാക്കളേ!
ശിഥിലചിത്തക മണ്ഡലുവേന്തിയീ-
വെളിയിൽ നില്ക്കുന്ന പ്രേമഭിക്ഷുക്കളേ!
എരിയുമാത്മാവിന്നുഗ്രപിപാസയാൽ
കരയുമീ മർത്ത്യചാതക വർഗ്ഗമേ!

നയനനീരാഴിതന്നിലുയർന്നിടും
ക്ഷണികനീർപ്പോളയെന്നപോൽമേലിലും
ഒരു വെറും നെടുവീർപ്പിലീ ജീവിതം
മുഴുവനും സ്വയമാവിയാക്കീടുവാൻ

കരുതിടായ്ക;രതിനല്ല പിറന്നതീ-
മനുജരൂപത്തിൽ തന്നെ യീനമ്മളും.
ഇനിയുമുണ്ടിങ്ങവസരം, കേവല-
മൊരുദിനം മാത്രമല്ലിക്കലിയുഗം.

വെയിലുപോകും നിശീഥമണഞ്ഞിടു-
മതിനശേഷമൊരോമൽ പ്രഭാതവും.
ഉദയഭാസ്കരൻ നമ്മളെയായിടാം
പുലരിയിൽ നാളെ പുല്കുന്നതാദ്യമായ്

ഒരുസമയമെന്നാകാശ വ്യൂഹവും
നിശിതവാസ്തവം തട്ടിത്തകർക്കുകിൽ
അപജയാശങ്ക വേണ്ടാ സമയമു-
ണ്ടതിനുമപ്പുറം നമ്മൾക്കു വെല്ലുവാൻ!

അവശഹസ്തങ്ങളാണെന്നിരിക്കിലു-
മനവരതം നാം തട്ടി വിളിക്കുകിൽ,
കനകനിർമ്മിതമാകുമീ ഗോപുരം
വഴിതരാതെ തടക്കില്ല നിശ്ചയം.

അവധിയില്ലാത്തൊരീ നെടുവീർപ്പുകൾ
സകലതു മൊന്നുചേരാൻ തുടങ്ങിയാൽ
ഭയദമാമൊരു മേഘനിർഘോഷണ-
ധ്വനിയതിൽ നിന്നു വീഴാതിരിക്കുമോ?

ചുടുമിഴിനീർ പുഴകളിതേവിധം
പലവഴിയുമൊലിച്ചു കൂടിടുകിൽ
പ്രളയമെന്തിനു മറെറാന്നുവേണം;മീ-
യുലകമിന്നിതിൽതന്നെ താഴില്ലയോ?

വരിക നമ്മൾക്കു സാധ്യമല്ലാത്തത-
ല്ലിനിയുമേതുമി പ്രാകാരഖണ്ഡനം!

III

മതി,യിനിയുമെന്നോടക്കുഴലേ! നിൻ
പ്രണയഗാനം മറക്കുവാൻ കാലമായ്
മധുരസങ്കല്പസംപൂർണ്ണമായ നിൻ-
വിപുല സംഗീതസാമ്രാജ്യമാകവേ
ഒരു വെറും മായാധൂമികയാണതിൻ
വിലയിടിഞ്ഞതു നീയറിഞ്ഞില്ലയോ?

പതറിടേണ്ടതിലൊട്ടും നിനക്കൊരു
പുതിയ സംഗീതമുണ്ടു പഠിക്കുവാൻ!
അവിടെയെന്താണു കാണുന്നതെന്നുനീ
കരൾ പിടയ്ക്കാതെ സൂക്ഷിച്ചുനോക്കുക.

മധുരസ്വപ്നം പുരണ്ട വെൺമേഘവും
തരളതാരാകദംബവുമല്ലവർ
തവസുനിർമ്മല ഭാവനാഭ്രാന്തുകൾ-
ക്കിവിടെയില്ലല്ലൊ സന്ദർഭമേതുമേ!

മധുവിധുവിൻെറ സങ്കീർത്തനത്തിനാൽ
പുളകമേല്ക്കാത്ത ശ്രോതാക്കളാണിവർ.
മരണമണ്ഡലം ഭ്രമിയിൽ വീശിയ
കരിനിഴലുകളാകുമ കൂട്ടരിൽ

ഒരുനവീനമാം ഗാനലഹരിയാൽ
പുതിയജീവൻ പകരുവാൻപോരുകിൽ
ജനനമിന്നു സഫലം നിനക്കു;താ-
ണിനിയുമുള്ളൊരു കർത്തവ്യമൂഴിയിൽ!



സുപ്രസിദ്ധമായ വർക്കല ജനാർദ്ദനസ്വാമിക്ഷേത്രം.

# മുകിലനും പച്ചകുത്തേപ്പാടും.

(പി. കെ. കേശവപിള്ള)

"കാളിപ്പാൻകുള"ത്തിൽ രാജദ്രോഹികളാൽ മുക്കിക്കൊല്ലപ്പെട്ട അഞ്ചു രാജകുമാരന്മാരുടെ മാതാവായ ഉമയമ്മറാണിയുടെ കാലത്താണല്ലോ മുകിലൻ ഒരു ചെറിയ കുതിരപ്പടയുമായി തിരുവിതാംകൂറിലെത്തിയതു്. ബീജപ്പൂര്, ഗോൽക്കണ്ട എന്നീ രാജ്യങ്ങളെ പിടിച്ചടക്കുന്നതിനും, മഹാരാഷ്ട്രശക്തിയെ നശിപ്പിക്കുന്നതിനുമായി വൃദ്ധനായ അറംഗസീബ് ചക്രവർത്തി ദക്ഷിണഇൻഡ്യയിൽ വമ്പിച്ച ഒരു സൈന്യവുമായി എത്തിയ ആ കാലത്തുതന്നെയാണു് സർദാർ മുകിലൻ (മുഗൾസർദാർ) തിരുവിതാംകൂറിനെ ആക്രമിച്ചതു്. ഒരു ചെറിയ കുതിരസൈന്യവുമായി വന്നുചേന്ന മുകിലന്റെ ഉദ്ദേശം ഈ രാജ്യം പിടിച്ചടക്കണമെന്നായിരുന്നില്ലെന്നു പ്രത്യക്ഷമാണു്. അക്കാലത്തെ സമ്പ്രദായമനുസരിച്ചു, യുദ്ധാവശ്യത്തിലേക്കു വേണ്ട ധനം നിവൃത്തിയുള്ളിടത്തോളം ജനങ്ങളിൽനിന്നു ഏതുതരം ക്രൗര്യങ്ങൾ പ്രയോഗിച്ചും പിരിച്ചെടുക്കുന്നതിനു അറംഗസീബിനാൽ നിയോഗിച്ചയക്കപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ഒരുവൻ മാത്രമായിരുന്നു ഈ സർദാർ എന്നു വിചാരിക്കുന്നതിനാണു് ന്യായമുള്ളതു്. ദക്ഷിണഇൻഡ്യയിൽ പല സ്ഥലങ്ങളിലും കൊലയും കൊള്ളയും നടത്തി, നിർബാധം വിഹരിച്ച മുഗൾസർദാർ, അരാജകതാപൂർണ്ണമായും, മിക്കവാറും അനാഥമായും കിടന്ന തിരുവിതാംകൂറിലേക്കു സൈന്യസമേതം കടന്നതു ഒട്ടും അത്ഭുതാവഹമല്ലല്ലൊ. കൊല്ലവഷം ൮൫൬-ാമാണ്ടു ഈ രാജ്യത്തിലെത്തിയ മുഗൾ സർദാർ ഏതാനുംമാസക്കാലം മാത്രമേ തോവാളയ്ക്കും ഇടവായ്ക്കും മദ്ധ്യേയുള്ള പ്രദേശങ്ങൾ സ്വാധീനപ്പെടുത്തി, പണപ്പിരിവു നടത്തിയിരുന്നുള്ളു എന്നുംകാണുന്നുണ്ടു്. ഇങ്ങനെ അല്പകാലംമാത്രം തിരുവിതാംകൂറിൽ കഴിഞ്ഞുകൂടിയ ഈ സർദാർ, ഏതാനും ആചാരങ്ങൾ ഇവിടെ നടപ്പിലാക്കിഎന്നും, ചേക്കപ്പെക്ഷിയെപ്പോലെ കടന്നുകൂടി കൊലയും കൊള്ളയും നടത്തുകയും ഒടുവിൽ കോട്ടയം കേരളവർമ്മരാജാവിനാൽ തിരുവട്ടാററുവച്ചു വധിക്കപ്പെടുകയും ചെയ്ത സർദാർ നിർബ്ബന്ധപൂർവ്വം നടപ്പാക്കിയ ഈ ആചാരങ്ങൾക്കു് ഇവിടെ സ്ഥിരപ്രതിഷ്ഠ ലഭിച്ചു എന്നും വിശ്വസിക്കുവാൻ അധികംപേക്കും കഴിയുന്നതല്ല. സർദാർ ഒരു ഭരണാധികാരിയുടെ നില അവലംബിച്ചതായൊ, യഥാർത്ഥത്തിൽ രാജ്യഭരണകാര്യങ്ങൾ നടത്തിയതായൊ കാണുന്നില്ല. വെറും ഒരു കൊള്ളക്കാരനായി നാട്ടുചുററി നടന്ന ഇയ്യാളുടെ ആജ്ഞയെ ഭയന്നു തൽക്കാലത്തേക്കു് ജനങ്ങൾ ഈ ആചാരങ്ങൾ സ്വീകരിച്ചു എന്നു വിശ്വസിക്കാമെങ്കിൽതന്നെയും അവ സ്ഥിരമായി സാമാന്യജനങ്ങളുടെ ഇടയിൽ വേരുറപ്പിക്കുമെന്നു വിശ്വസിക്കുവാൻ പ്രയാസമായിട്ടാണിരിക്കുന്നതു് മുകിലൻ തിരുവിതാംകൂറിൽ നടപ്പാക്കിയ ആചാരങ്ങൾ താഴെ പറയുന്നവയാണുപോൽ.

൧. വീട്ടിനു വെളിയിൽ പോകുമ്പോൾ പുരുഷന്മാർ തലമൂടുകയും, സ്ത്രീകൾ ശരീരം മറയ്ക്കുകയും ചെയ്യണം.

൨. പുരുഷന്മാർ പത്തുവയസ്സിനുമുമ്പു ചേലാകർമ്മം നടത്തണം.

൩. വിവാഹാദിയന്തിരസന്ദർഭങ്ങളിൽ ബന്ധുജനങ്ങളും സുഹൃത്തുക്കളും ഒന്നിച്ചിരുന്നു ഒരുപാത്രത്തിൽനിന്നുതന്നെ ഭക്ഷിക്കണം.

൪. സ്ത്രീജനങ്ങൾ, ശരീരത്തിന്റെ മേൽഭാഗം നഗ്നമായിടാതെ, പുരുഷന്മാരെപ്പോലെ വസ്ത്രത്താൽ മറച്ചിരിക്കണം.

൫. കുട്ടികളുടെ ശിരസ്സിൽ ഉറുമാൽകെട്ടണം.

൬. സ്ത്രീകൾ ശരീരത്തിൽ ചില ഭാഗങ്ങളിൽ പച്ചകുത്തണം.

൭. തിരുവനന്തപുരത്തിനു വടക്കുള്ളവരെപ്പോലെ സ്ത്രീകൾ തററുടുക്കേണ്ടയാവശ്യമില്ല.

ബൗദ്ധനായ ഒരു ശത്രുവിനാൽ ഏപ്പെടുത്തപ്പെട്ട ഈ ആചാരങ്ങൾ, അന്നത്തെ ജനങ്ങൾ അല്പകാലത്തേക്കു അംഗീകരിപ്പാൻ നിർബന്ധിതരായിത്തീന്നു എന്നുതന്നെ വിചാരിക്കാം. എന്നാൽ മുകിലന്റെ വധത്തിനുശേഷവും ഇതെല്ലാം പഴയപടി അഭംഗമായി പാലിക്കപ്പെട്ടുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ലതന്നെ. ടിപ്പുവിന്റെ പടയോട്ടക്കാലത്തു്, ജീവനെ ഭയന്നു ഗോമാംസം ഭക്ഷിക്കുകയും ചേലാകർമ്മം നടത്തുകയും, തൊപ്പിയിടുകയും ചെയ്ത മലബാർ ഹിന്തുക്കളിൽ ഒരു വലിയഭാഗം ടിപ്പു കേരളം വിടുകയും ടിപ്പുവിന്റെ അധികാരം അസ്തമിക്കുകയുംചെയ്തതോടുകൂടി ഇസ്ലാം മതം ഉപേക്ഷിച്ചു വീണ്ടും ഹിന്തുക്കളായിത്തീരുകയുണ്ടായി മററു ഹിന്തുക്കൾ ദീർഘദൃഷ്ടി ഇല്ലായ്മയാൽ ഇവരെ തിരെ്യ സ്വമതത്തിൽ സ്വീകരിക്കുവാൻ സന്നദ്ധരാകാതെയിരുന്നിട്ടുപോലും, ജാതിഭ്രഷ്ട് സംഭവിച്ച ഈ ഹിന്തുക്കളിൽ ഗണ്യമായ ഒരു ഭാഗം ഒരു പ്രത്യേകഹിന്തുവിഭാഗമായി വേർപിരിഞ്ഞു നില്ക്കുവാനല്ലാതെ ഇസ്ലാംമതം സ്വീകരിക്കുവാൻ ഒരുങ്ങുകയുണ്ടായില്ല. സാമൂതിരിമഹാരാജാവിന്റെയും വൈദികമണ്ഡലത്തിന്റെയും പ്രത്യേകാനുമതിയോടുകൂടി അടുത്ത കാലത്തു് നായർസമുദായത്തിലേക്കു ചേക്കപ്പെട്ട ചേലാനായന്മാ (ടിപ്പുവിന്റെ കാലത്തു ചേലാകർമ്മം നടത്തിയ നായന്മാരുടെ സന്തതികൾ) രുടെ ചരിത്രം ഈ സന്ദർഭത്തിൽ സ്മത്തവ്യമത്രെ. മുകിലന്റെ വാഴ്ച തിരുവിതാംകൂറിൽ ദീർഘകാലം നിലനില്ക്കുകയും, അങ്ങനെ ആ ഭരണാധികാരികളുമായി ചിരകാലം സഹവാസത്തിനു ജനങ്ങൾക്കു ഇടവരികയും ചെയ്തിരുന്നുഎങ്കിൽ മേൽപറഞ്ഞ ആചാരങ്ങൾ ഇവിടെ നടപ്പിൽവരുവാൻ ധാരാളം മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു ഇതെങ്ങനെയുമാകട്ടെ ഈ ലേഖനോദ്ദേശം മുകിലാചാരങ്ങളെപ്പററി വിപുലമായ രീതിയിൽ ഒരു ചർച്ചചെയ്യുക എന്നുള്ളതല്ല. പച്ചകുത്തേപ്പാട്ട തിരുവിതാംകൂറിൽ നടപ്പിലായതു മുഗൾ സർദാറുടെ വരവിനുശേഷമാണൊ എന്നുള്ള വിഷയത്തെപ്പററി നാതിസംക്ഷേപമായി ചിലതു പ്രതിപാദിക്കണമെന്നു മാത്രമേ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു.

പച്ചകുത്തുന്ന ഏപ്പാട്ട വളരെ പുരാതനമായ കാലം മുതല്ക്കുതന്നെ പല ജനസമുദായങ്ങളുടെയും ഇടയിൽ നിലവിലിരിക്കുന്നതായി കാണാവുന്നതാണു്. കുരിശുയുദ്ധകാലത്തു് അറേബ്യാനിവാസികളുമായുണ്ടായ ബന്ധം നിമിത്തമാണു് പാശ്ചാത്യരുടെ ഇടയിൽ പച്ചകുത്തുസമ്പ്രദായം നടപ്പിലായതെന്നു വിശ്വസിക്കുന്നവരുണ്ടു്. ഇതു അബദ്ധമാണെന്നു പുരാതനരേഖകളാൽ പല പാശ്ചാത്യചരിത്രകാരന്മാരും പ്രത്യക്ഷപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. പുരാതനഗ്രീക്കരും, റോമരും, ശരീരത്തിൽ പച്ചകുത്തിവന്നിരുന്നു എന്നും, ദേവന്മാരുടേയും ദേവിമാരുടെയും രൂപങ്ങൾ പലനിറത്തിൽ ശരീരത്തിൽ കുത്തിവയ്ക്കുന്നതിൽ അവർ വളരെ താല്പര്യം പ്രദർശിപ്പിച്ചിരുന്നു എന്നുമാണു് ഇവരിൽ ചിലർ സമത്ഥിച്ചിരിക്കുന്നതു്. ട്രോജൻസമരത്തിനു് ഹേതുഭൂതയായിത്തീന്ന ഹെലൻരാജ്ഞി പച്ചകുത്തിനാൽ ശരീരം അങ്കിതപ്പെടുത്തിയിരുന്നുവത്രെ. പഴയ കാലത്തെ ഈജിപ്തുകാരുടെ ഇടയിൽ പച്ചകുത്തേപ്പാട്ടു് പ്രചുരപ്രചാരത്തിലിരുന്നിരുന്നു എന്നുള്ളതിനു ധാരാളം തെളിവുകൾ ഉണ്ടു്. ക്രിസ്ത്യാനികളുടെ ബൈബിളിലെ ആവത്തനപ്പുസ്തകത്തിൽ പത്തൊൻപതാം അദ്ധ്യായം, ൨൮-ാം വാക്യം, ഇസ്രായേൽ ജാതിക്കാരുടെ ഇടയിൽ പച്ചകുത്തു നടപ്പിലായിരുന്നു എന്നുള്ളതിനു നിരാക്ഷേപമായ സാക്ഷ്യംവഹിക്കുകതന്നെ ചെയ്യുന്നു. പോളിനേഷ്യന്മാർ, ആസ്ട്രേലിയായിലെ ആദിമനിവാസികൾ, ജപ്പാനിലെ എയിനസ് ജാതിക്കാർ, ചീനന്മാർ, ടിബററുകാർ, അമേരിക്കയിലെ റെഡ് ഇൻഡ്യന്മാർ, ആഫ്രിക്കയിലെ പല കിരാതവർഗ്ഗക്കാർ എന്നിവരെല്ലാം, പച്ചകുത്തേപ്പാട്ട ഒരുതരത്തിലല്ലെങ്കിൽ മററുതരത്തിൽ വളരെ നൂററാണ്ടുകൾക്കു മുമ്പു മുതൽ സ്വീകരിച്ചിരുന്നു.

പച്ചകുത്തു ഉത്ഭവിച്ചതിനെപ്പററി അന്വേഷണം നടത്തിയ വിദഗ്ദ്ധന്മാർ, അഭിപ്രായപ്പെട്ടിരിക്കുന്നതെന്തെന്നു അറിയുന്നതു പലക്കും രസകരവും വിജ്ഞാനപ്രദവുമായിരിക്കുമെന്നു വിശ്വസിക്കുന്നു. കൈരാതജീവിതം നയിച്ചുവന്ന(വരുന്ന) ജനങ്ങളുടെ ഇടയിലാണു് ഈ സമ്പ്രദായം ആദ്യം ഉത്ഭവിച്ചതു്. ഒരു വർഗ്ഗത്തിൽപെട്ടവരെ പ്രത്യേകം തിരിച്ചറിയുന്നതിനു ശരീരത്തിൽ ചില അടയാളങ്ങൾ ഉണ്ടാക്കുക എന്നുള്ളതായിരുന്നു ആദ്യമായി ഉണ്ടായിരുന്ന ഉദ്ദേശം. ഇതുസാധിക്കുന്നതിനു ശരീരത്തിൽ ചില ഭാഗങ്ങൾ, കൂപ്പിച്ച കല്ലുകൊണ്ടൊ, അസ്ഥിഖണ്ഡംകൊണ്ടൊ വെട്ടിമുറിക്കുകയാ

# ഉഷസ്സിൽ.

ചങ്ങമ്പുഴ കൃഷ്ണപിള്ള

"പനിനീർപ്പൂവൊന്നിന്നു നീയെനിക്കേകാമെങ്കിൽ
പകരംനിനക്കുഞാൻ തന്നിടാമൊരുക്രട്ടം! – "

... ... ... ... ... ...

പൂ പറിക്കുവാനായിട്ടന്നുഞാനുഷസ്സിലെ-
പ്പൂവനാന്തത്തിൽചെന്നു തനിയേനിന്നീടുമ്പോൾ;
കാമകോമളനാമത്തരുണൻ, പിന്നിൽക്കൂടി
മാമകോപാന്തത്തിങ്കലെമ്മട്ടോകടന്നെത്തി
ഒരുസംഭ്രമം,പെട്ടെ,ന്നൽപാൽപംവൈവർണ്ണ്യമെ-
ന്നിരുപൂങ്കവിളിലും വീശിയിട്ടെങ്ങോപോയി.
കണ്ടുഞാൻപൊടിയുന്നതപ്പൊഴുതദ്ദേഹത്തിൻ
ചുണ്ടിലൊരാനന്ദത്തിൻ സുന്ദരമന്ദസ്മിതം
അന്തിമസന്ധ്യാനനം മ്ലാനമായ് മാറുംതോറും
ചന്ദ്രലേഖയിലോലും ചന്ദ്രികാലേശംപോലെ!
ഒരുവാക്കോതാൻപോലും നാവുപൊങ്ങാതെൻഗാത്രം
ചെറുകാററിലെമുല്ലവല്ലിപോൽവിറക്കൊൾകെ
കേവലംനേരമ്പോക്കായ്, കൃത്രിമസ്വരത്തിലെ-
പ്പൂവമ്പൻപറകയാണെന്നൊടീവിധംതോഴി:—
"പനിനീർപ്പൂവൊന്നിന്നു നീയെനിക്കേകാമെങ്കിൽ
പകരം,നിനക്കുഞാൻതന്നിടാമൊരുക്രട്ടം! —"

... ... ... ... ... ...

വല്ലോരുംവന്നെത്തിയാ,ലാരംഗംകണ്ടാൽ,പോരേ?
വയ്യാവേലിക്കൊന്നിനിവേറെവല്ലതുംവേണോ?
പണ്ടത്തെക്കുട്ടികളിയിനിയുംകൈവിട്ടിട്ടി-
ല്ലുണ്ടതിൻപൊടിക്കൈകൾചിലതിപ്പൊഴുംകയ്യിൽ!
പൂകൊടുക്കാതദ്ദേഹംപോകില്ല;കൊടുത്താലും
പോകില്ല,-'പകരത്തി'നുണ്ടപ്പോ'ളൊരുക്രട്ടം!'

എന്തുചെയ്യിട്ടും,തോഴി? — വിഷമിച്ചുഞാൻ; നാനാ-
ചിന്തകൾപൊങ്ങിപ്പൊങ്ങിത്തുടിച്ചുമമചിത്തം.
എന്നിലന്നത്തെ—ക്കുട്ടിക്കാലത്തെ—യധികാരം
തന്നെ,യക്കളിത്തോഴനുണ്ടെന്നാ,ണിന്നുംഭാവം!
പ്രണയംമൂലംപക്ഷേസമ്മത;മെന്നാലും,നിർ-
ഘൃണമാംമറെറാന്നില്ലേ?—ലോകനീതിയാം,വ്യാഘ്രം!!
ആയതിൻദുരാചാരദംഷ്ട്രകൾ,താരുണ്യത്തിൻ
ന്യായഗൽഗദംകേട്ടാൽ, വിട്ടുമോമന്നൈർമ്മല്യത്തെ?
ഏതുസത്യവുംമൂടാനതിനുണ്ടല്ലോകൈയിൽ
പീതമാമൊരുവസ്ത്രം—ജീർണ്ണിച്ചോരപമാനം!
ഞാനതുചാർത്താമെൻെറ ജീവനധനംവേണ്ടി
മാനസംമദീയം, ഹാ, രാഗനിർമ്മലമല്ലീ!......

ഉടനേ,മുന്നിൽപൂത്തുനിന്നിട്ടുംപനിനീർപ്പൂ-
ച്ചെടിചായ്ച്ചൊരുപൂവുപൊട്ടിച്ചുസമ്മാനിച്ചേൻ.
"പകരംതരാനിതാണെ"ന്നുചൊ,ന്നല്പംനീങ്ങി-
സ്വകരത്താലെൻശിരസ്സുയർത്തി,പ്രേമോന്മത്തൻ
എൻകവിൾത്തടങ്ങളിൽ,ഫാലത്തി,ലധരത്തിൽ
സംക്രമിപ്പിച്ചാൻകുറേച്ചുംബനനിർവാണങ്ങൾ!
തോഴി,നീതലതാഴ്ത്തുന്നെന്തിനാ? —ണപ്പോളൊരു
കോഴയുംതോന്നീലെനി,ക്കെന്നെല്ലജാതാമോദം
തൽഗളനാളത്തിലെൻ കരവല്ലികൾകോർത്തു
ഗൽഗദസ്വരത്തിൽഞാൻചൊല്ലിനേനിതുമാത്രം: —
"പൂവതു,ഞാൻതന്നതു, വാടിപ്പോം! — എന്നാ,ലെൻെറ
ജീവനിൽ,ഭവാൻചേർത്തപുളകംമായില്ലല്ലോ!!..."

---

യിരുന്ന പതിവു്. മുറിവുണങ്ങുമ്പോൾ തൽസ്ഥാനത്തു ഒരു വടു ഉണ്ടാകുമെന്നുള്ളതു നിശ്ചയമാണല്ലൊ. കാലാന്തരത്തിൽ, യുദ്ധകാലത്തു് ശത്രുക്കളെ ഭയപ്പെടുത്തുവാൻ മുഖത്തും, ശരീരത്തിലും, വിവിധവർണ്ണങ്ങളിൽ ഓരോ രൂപം വരച്ചുവയ്ക്കുക എന്ന പതിവു ചില കിരാതവർഗ്ഗക്കാരുടെ ഇടയിൽ നടപ്പിൽവന്നു. യുദ്ധാവശ്യത്തിലേക്കു താല്ക്കാലികമായി പല നിറങ്ങളിൽ വരച്ചുവന്ന രൂപങ്ങൾ, സ്ഥിരമായി ശരീരത്തിൽ ഉണ്ടായിരിക്കത്തക്കവിധം അവർ കണ്ടുപിടിച്ച വിദ്യയുടെ ഫലമാണു പച്ചകുത്തെന്നു സാമാന്യമായി പറയാം മരിച്ചുപോയവരുടെ ആത്മാക്കളെ സന്തുഷ്ടിപ്പെടുത്തുന്നതിനും, രോഗബാധകളിൽനിന്നു വിമുക്തമാകുന്നതിനും, പച്ചകുത്തു് സഹായിക്കുമെന്നു വിശ്വസിക്കുന്ന കാപ്പിരിവർഗ്ഗക്കാർ ആഫ്രിക്കയിലും ശാന്തസമുദ്രത്തിലെ ചില ദ്വീപുകളിലും ഇന്നുമുണ്ടു്.

കാലക്രമേണ, പച്ചകുത്തു്, ആഭരണം പോലെ ശരീരാലങ്കാരമായ ഒന്നായി പരിഗണിക്കപ്പെടുവാൻ തുടങ്ങി. ന്യൂസിലാണ്ടിലെ മയോറികളുടെയും, ജപ്പാൻകാരുടെയും ഇടയിലാണു് പച്ചകുത്തു്, ഇങ്ങനെ ആഭരണംപോലെ, പരിഷ്കരിച്ചു ഉപയോഗിച്ചുതുടങ്ങിയതു്. എന്നാൽ നാഗരികാവസ്ഥയിൽ ഈ രാജ്യക്കാർ അഭിവൃദ്ധി പ്രാപിച്ചതിൻെറ ഫലമായി ഇപ്പോൾ അവരുടെ ഇടയിൽ പച്ചകുത്തുസമ്പ്രദായം മിക്കവാറും നിലച്ചുപോയിരിക്കുകയാണെന്നുതന്നെ പറയാം. വിവിധവർണ്ണാലംകൃതമായ രൂപങ്ങളാൽ ശരീരം മനോഹരമാക്കി, പരസ്പരം ആകർഷിക്കുന്നതിനു അപരിഷ്കൃതസമുദായങ്ങളിലെ സ്ത്രീപുരുഷന്മാർ പച്ചകുത്തിവരുന്നു എന്നു മി. ഹവാർഡ് എന്ന സഞ്ചാരി അഭിപ്രായപ്പെട്ടിട്ടുണ്ടു്. അർദ്ധനാഗരികാവസ്ഥയിലെത്തിയിട്ടുള്ള സമുദായങ്ങളിൽപെട്ട ചില സ്ത്രീകൾ ഇക്കാലത്തും, ജാക്കറ്റി (റവുക്ക)ൻെറ ആകൃതിയിൽ പച്ചകുത്തിനടക്കുന്നതു കണ്ടിട്ടുണ്ടെന്നും, ഒററനോട്ടത്തിനു് ഇവർ കുപ്പായംതന്നെ ധരിച്ചിരിക്കുകയാണെന്നു തോന്നിപ്പോകുമെന്നും, മി. ഹെഡേഴ്സൻ "ഡെയിലിറെക്കഡ്" എന്ന പത്രത്തിൽ എഴുതിയിരിക്കുന്നു. നാവികന്മാരുടെ ഇടയിലാണു് പച്ചകുത്തു് പൂർവ്വകാലം മുതൽക്കുതന്നെ പ്രചാരത്തിൽവന്നിട്ടുള്ളതു്. ഇക്കാലത്തും ശരീരത്തിൽ എവിടെയെങ്കിലും പച്ചകുത്തിയിട്ടില്ലാത്ത കപ്പലോട്ടക്കാർ വളരെ അപൂർവ്വമായിരിക്കുമെന്നു ഖണ്ഡിതമായി പറയാം

ഇൻഡ്യയിൽ പച്ചകുത്തു് വളരെ പുരാതനകാലംമുതൽ നടപ്പിലായി എന്നല്ലാതെ, നിശ്ചിതമായി ഒരു കാലഘട്ടത്തെ ഇതിലേക്കു ചൂണ്ടിക്കാണിക്കുവാൻ നിവൃത്തിയില്ല. ചൈനാക്കാർ, റോമന്മാർ, ഗ്രേക്കർ, യഹൂദന്മാർ, ഈജിപ്തുകാർ, പാഴ്സികൾ, അറബികൾ മുതലായവർ ഇൻഡ്യയുമായി വ്യാപാരം നടത്തിവന്നിരുന്നു- ഇവരിൽനിന്നായിരിക്കണം ഇൻഡ്യാക്കാർ പച്ചകുത്തഭ്യസിച്ചതു് മേല്പറഞ്ഞ രാജ്യക്കാരുമായി പ്രാചീനകാലത്തു ധാരാളമായി വാണിജ്യബന്ധമുണ്ടായിരുന്ന കേരളത്തിൽ, പച്ചകുത്തൽ, വളരെ നൂററാണ്ടുകൾക്കുമുമ്പായി നടപ്പിലായി എന്നു അനുമാനിക്കുന്നതിൽ യാതൊരു അബദ്ധവുമില്ലതന്നെ. തൻെറ ആക്രമണസ്മരണയെ നിലനിത്തുവാനായി മുകിലൻ ഏർപ്പെടുത്തിയ ആചാരങ്ങളിൽ ഒന്നു് പച്ചകുത്തലാക്കിയതു്, തിരുവിതാംകൂറിൽ ഈ സമ്പ്രദായം നിലവിലിരിക്കുന്ന ഒന്നാണെന്നു അയാൾ അറിയാതിരുന്നതുകൊണ്ടോ, അഥവാ അതിനു സാർവ്വത്രികമായ ഒരു പ്രചാരം ഉണ്ടാക്കണമെന്നു കരുതിയോ ആയിരിക്കണമെന്നു ഊഹിക്കുവാനാണു് അധികം ന്യായമുള്ളതു്. അതിനാൽ ക്രിസ്തുവിനു വളരെ നൂററാണ്ടുകൾക്കുമുമ്പുതന്നെ ലോകത്തിൻെറ വിവിധവിഭാഗങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള കേരളത്തിൽ - തിരുവിതാംകൂറിൽ - മുഗൾസർദാറുടെ ആഗമനശേഷമാണു് പച്ചകുത്തു ഏർപ്പാടു നടപ്പിലായതെന്നു പലരും പറയുകയും എഴുതുകയും ചെയ്യുന്നതു് ശരിയല്ലെന്നു കാണിപ്പാൻ ഈ ചെറുലേഖനം ഉപയുക്തമായിത്തീരാതിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

# സാമ്പിൾവക്കീലാഫീസ്.

[അച്ചു]

## II
## സന്നതുദിനം.

പുത്തൻ വക്കീൽ സാറു് സന്നതെടുക്കുന്ന ദിവസം ആസന്നമാകുന്നു. പലപല ഒരുക്കങ്ങൾക്കുമാലോചനകൾക്കുമിടയിൽ, വിവാഹത്തിന്റെ തലേന്നാൾ രാത്രി ദുശ്ചിന്താവിവശയായ യുവതിയുടെ നിദ്രയെ ഭജ്ജിക്കുന്ന വികാരക്ഷോഭംപോലെ അനവധി അസുഖങ്ങൾക്കു അധീനനായി "ഒരു പൂച്ചഉറക്കമെങ്കിലും ഉറങ്ങിയില്ലെങ്കിലെങ്ങിനെയാണു് നാളെ" എന്ന ചോദ്യത്തോടുകൂടി ഉറങ്ങാൻ കിടക്കുന്ന ശയനം ആരംഭിച്ച പതിനൊന്നുമണിക്കും ഏഴരനേററ മൂന്നരമണിക്കും മദ്ധ്യേ എത്രതവണ ഉണരുന്നു എന്നും എന്തെല്ലാം സ്വപ്നങ്ങൾ കണ്ടു എന്നും ക്ലിപ്തമായിപ്പറയുന്നതിനു കുബ്ളഖാന്റെ (Kubla Khan) രമ്യഗോപുരത്തെപ്പററി സ്വപ്നം കണ്ടതുമുഴുവൻ കുറിക്കാൻസാധിച്ച കോളറിഡ്ജിന്റെ ഓർമ്മശക്തിക്കുപോലും സാദ്ധ്യമല്ല. പതിനൊന്നുമണിക്കു് കുംഭകൎണ്ണസേവക്കു മുതിൎന്ന വക്കീൽ കുഞ്ഞങ്കരച്ചാരെ ഒന്നുരണ്ടുമണിക്കൂർ കഴിഞ്ഞിട്ടും നിദ്രാദേവി സമീപിക്കുന്നില്ല. അടുത്തദിവസം സംഭവിക്കാൻ പോകുന്ന സംഗതികൾ സിനിമാസീൻപോലെ ഇദ്ദേഹത്തിന്റെ മുമ്പിൽക്കൂടി പാഞ്ഞുമാറുന്നു. സീൻമാററങ്ങളോടു് യോജിച്ചെന്നോണം നിദ്രയും ഓടിഓടി മറയുന്നു. വളരെ കഷ്ടപ്പെട്ടു ഒടുവിൽ സാധുവക്കീൽ സ്വപ്രയത്നം കൂടാതെ മയക്കത്തിൽ ലയിക്കുന്നു. സന്ദർഭഗൌരവത്തെ ഓൎത്തു ഗുമസ്തൻ കണിയാൻ പണിക്കരും സ്വഭാൎയ്യാത്രയത്തെയും പുത്രദ്വയാദശത്തെയും ഉപേക്ഷിച്ചു വക്കീലാഫീസിലെ ബഞ്ചേൽ ആണു് അന്നു് പള്ളിക്കുറുപ്പുകൊള്ളുവാൻ നിശ്ചയിച്ചിരിക്കുന്നതു്. പുതുതായി വാടകയ്ക്കെടുത്ത വീട്ടിനു് ബാധഉപദ്രവം മാറി ഐശ്വൎയ്യവും വൎദ്ധിക്കുവാനും തന്റെ യജമാനനും തനിക്കും മേൽഗതി ഉണ്ടാകുവാനും പ്രഹ്ളാദസ്തുതിയും, വക്കീൽവൃത്തിയിൽ മററുള്ളവരുമായി ഇടപെടേണ്ടിവരുമ്പോൾ ചെയ്യേണ്ട വാദകോലാഹലങ്ങളുടെ ഒരു സൂചനയായിട്ടായിരിക്കാം, രാമായണത്തിൽനിന്നും രാവണജടായുയുദ്ധവും ജടായുമോക്ഷവും വക്കീലിന്റെ മുമ്പിൽവച്ചുതന്നെ പണിക്കർ വായിക്കുന്നു. ഈ വായനയുടെ ഫലമൊ മനസ്സിൽ കെട്ടിയിരുന്ന ആകാശക്കോട്ടയുടെ ശക്തിയോ, എന്തെന്നറിഞ്ഞുകൂടാ, അദ്ദേഹത്തിന്റെ കണ്ണുകൾ അടയുന്ന മാത്രയിൽ ഓരോരോ സ്വപ്നങ്ങളും അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷമായിത്തുടങ്ങുന്നു.

സ്വപ്നത്തിൽ ബാരിസ്റ്ററായിതീൎന്ന കുഞ്ഞങ്കരച്ചാർ കക്ഷിയിൽ ധ്യാക്കാരുടെ ഭാഗംപിടിച്ചു വാദിക്കുവാൻ നൈറോബിയിലേക്കു ആകാശവിമാനംവഴി പോകവേ, എതൃകക്ഷിക്കാർ പക്ഷികളായിവന്നു- ഇതു് സ്വപ്നത്തിലോ യക്ഷികഥകളിലൊ അല്ലാതെ സാധിക്കുമോ?- വിമാനത്തെതടഞ്ഞു് യുദ്ധം ചെയ്തു്, വിമാനം മറിഞ്ഞു്, അറബിക്കടലിൽ വീണു്, താൻ വെള്ളം കുടിച്ചുകുടിച്ചു് കുഴഞ്ഞു് കീഴോട്ടുതാഴുന്നതും മൂക്കുമൂടിവച്ചിരിക്കുന്ന കൈ എടുക്കുന്നതും, ഉണൎന്നു് ദീർഘനിശ്വാസം വിട്ടു് എഴുന്നേൽക്കുന്നതുംഎല്ലാം ഒന്നിച്ചുകഴിയുന്നു. വീണ്ടും നിദ്രാദേവിയെ ധ്യാനിച്ചു് പ്രത്യക്ഷമാക്കി സ്വപ്നം കാണുന്നു. ഇത്തവണ വക്കീലും ജഡ്ജിയുമായി ലാപോയന്റിൽ തക്കമാണു്. വാദം മൂത്തുമൂത്തു് ലഹളയായി "കൈവയ്പിൽ" എത്തുമ്പോൾ വീണ്ടും ഉണരുന്നു. എന്തിനധികം പറയുന്നു. ഇങ്ങനെ അനവധി സ്വപ്നങ്ങൾ കണ്ടു്, കഷ്ടപ്പെട്ടു്, ഒരുവിധം മണി മൂന്നരയാകുന്നു. അപ്പോൾ ഗുമസ്തൻ "നേരംവെളുത്തു. ഇനി ഒന്നുണരണം. ഈ തൊഴിലിനു് നേരം ഉച്ചതിരിയുന്നതുവരെ കിടന്നുറങ്ങുവാനും മററും ഒക്കുകയില്ല," എന്നു് ശാസനരൂപത്തിലുള്ള ഒരു പള്ളിഉണൎത്തലിനു് ഒരുമ്പെട്ടു് വക്കീലിനോടു അടുക്കുന്നു. വക്കീൽ ചാടി എഴുനേററു്, "ഞാൻ എപ്പൊഴേ ഉണൎന്നുകിടക്കുന്നു പണിക്കരെ," എന്നു് ഗുമസ്തനെ സമാധാനപ്പെടുത്തി സ്നാനാദി നിത്യകൎമ്മങ്ങൾക്കായിത്തിരിക്കുന്നു. അടുത്തുള്ള ക്ഷേത്രത്തിൽ നിൎമ്മാല്യം തൊഴുതു്, സന്നതെടുക്കുന്നതോടുകൂടി ദേവനേയും തൃപ്തിപ്പെടുത്തി കൈവശാവകാശം സ്ഥാപിക്കുവാൻ വക്കീൽ അമ്പലത്തിലേക്കും, ഏതെല്ലാം ജാതിമതക്കാരിൽനിന്നും കക്ഷികളെ ആശിക്കുന്നുണ്ടോ അവരുടെയെല്ലാം ദേവാലയങ്ങളിൽ മെഴുകുതിരി ആദിയായ വഴിപാടുകളും പൂജകളും (ഈ ചടങ്ങുകളിൽ ഉള്ള വിശ്വാസത്തെക്കാൾ കൂടുതൽ അതിൽ അന്തൎഭവിച്ചിരിക്കുന്ന നയകോവിദത്വമാണു്) നടത്തുന്നതിനു് ഗുമസ്തൻ ആ സ്ഥലങ്ങളിലേക്കും യാത്രയാകുന്നു.

വക്കീൽജാതിയിൽപെട്ട പലരും നേരം 'പരപര'യെന്നു് വെളുക്കുമ്പോഴത്തേക്കു പുതുവക്കീലിന്റെ അവരോധനത്തിൽ പങ്കുകൊള്ളുവാനുത്സുകരായിഎത്തുന്നു. ഈ ചടങ്ങുകളെല്ലാം കഴിച്ചു് അധികംനാൾ ആകാത്തതും ഇപ്പോൾ "പുതുപഴവന്മാ"രായിതീൎന്നു്, കുഞ്ഞങ്കരച്ചാൎക്കു് വഴിതെളിച്ചു് മാമൂൽവിധങ്ങൾ ഉപദേശിക്കുവാൻ തയാറിൽ നിൽക്കുന്നവരുമായ അയൽവാസി "വക്കീൽപിള്ളേർ" എത്തുന്നതു പലരും പലവിധത്തിലാണു്. ചിലർ മെതിയടിമേൽ കയറി ഒററമുണ്ടും തോൎത്തുമായി, മററുചിലർ കാലത്തെ എഴുനേററു് ഒരു വെററിലക്കിറുമാത്രം കയ്യിൽ എടുത്തു് മററു സാധനങ്ങൾ പുതുസഹോദരന്റെ ഇനാഗുറേഷൻ(പ്രാരംഭ)ച്ചിലവുകളുടെ കൂട്ടത്തിൽനിന്നും പററിക്കൊള്ളാമെന്നുള്ള സൂക്ഷ്മബുദ്ധിയോടുകൂടി, ഭക്തശിരോമണിയായ അപരൻ മി: ചാരുടെകൂടി കോവിലിൽപോയി മടങ്ങിവന്നു് വീട്ടിൽപോയി മുണ്ടുമാറി, തിരികെ വന്നു്, ക്ഷേത്രയാത്രയിൽ പുതുവക്കീലുമായി താൻ നേടിയിരിക്കുന്ന ബന്ധം മററുള്ളവർ അറിയുന്നെങ്കിൽ എന്തു്, അറിയുന്നില്ലെങ്കിൽ എന്തു്, എന്നുള്ള ഭാവത്തിൽ സമാധാനബുദ്ധിയോടുകൂടി, നാലാമതൊരുകൂട്ടർ പല്ലുതേയും കഴിഞ്ഞു് കാപ്പികുടി സൌകൎയ്യംപോലെ അങ്ങനെയിങ്ങനെ കഴിയട്ടെ എന്നൊരു ആലോചനയില്ലാ ആലോചനയോടുകൂടി; ഇതിനുംപുറമേ വേറൊരു കൂട്ടർ, വക്കീൽ വിവാഹിതനാണെങ്കിൽ, തങ്ങളുടെ ഭാൎയ്യമാരെ അങ്ങേപ്പുറത്തു കൊണ്ടുചെന്നാക്കി, ഈ മംഗളവേളയിൽ യുവസ്നേഹിതന്റെ ഭാൎയ്യയ്ക്കു വേണ്ട പ്രോത്സാഹനവും ഉപദേശവും നൽകുവാൻ ശട്ടംകെട്ടി, താൻ ആ വിട്ടുമായി "അങ്ങേപ്പുറം വഴി" അടുത്ത ബന്ധുവാണെന്നുള്ള ഒരു സ്വാതന്ത്ര്യബോധത്തോടുകൂടി; ഇങ്ങനെയെല്ലാമാണു ഓരോരുത്തരും എത്തുന്നതു്. ഇവരെല്ലാം പ്രത്യേകനടപടിക്രമങ്ങളാണു് ഈ അവസരത്തിൽ കൈക്കൊള്ളുന്നതെങ്കിലും ഇവരിൽ പൊതുവെ വ്യാപിച്ചുകാണുന്ന ഒരു വലിയ ഗുണമുണ്ടു്. അതു തൊഴിലില്ലായ്മകൊണ്ടു് പ്രവൃദ്ധമായിത്തീൎന്ന അലസതയാണു്. അതിന്റെ ലക്ഷണങ്ങളാണല്ലൊ ഈ പ്രഭാതചേഷ്ടകൾ ഈ കോമരക്കാരുടെ സകലവിധനിൎദ്ദേശങ്ങളും, അഭിപ്രായങ്ങളും 'ദേഷ്യപ്പെടലു'കളും, എല്ലാം അനുഭവിക്കാൻ തയാറായിരിക്കണം സാധു കുഞ്ഞങ്കരച്ചാർ! കാലത്തെ കാപ്പിക്കു ക്രമത്തിലധികം ക്ഷണിക്കാത്ത "ഗസ്റ്റുന്മാർ" (അതിഥികൾ) അവിടെയുണ്ടു്. സുഖമായി കാപ്പികുടിയും കഴിച്ചു്, തങ്ങൾക്കു നഷ്ടമില്ലാത്ത അഭിപ്രായങ്ങളും, ചില നീചരുചിദ്യോതകമായ കുററങ്ങളും കുറവുകളും, കൂസലില്ലാതെയങ്ങു തട്ടിവിടുന്നു. പാവം കുഞ്ഞങ്കരച്ചാൎക്കു് പരിഭ്രമംകൊണ്ടു് ഇഡ്ഡലി കീഴോട്ടിറങ്ങുന്നില്ല. വക്കീൽവേലയുടെ ഗൌരവവും ഭാരവും മുഴുവൻ തൊണ്ടയിൽ രണ്ടു ടോൺസിൽസ് (tonsils) വീങ്ങിയതുപോലെ അദ്ദേഹത്തെ ശ്വാസം മുട്ടിക്കുന്നു മററുള്ളവരുടെ ഈ "ചക്കാത്തു" കാപ്പികുടി കഴിയുന്നതോടുകൂടി കാൎയ്യാന്വേഷി യുവവക്കീൽ സംഘത്തിന്റെ എണ്ണവും നന്നാക്കുറയുന്നു. ശേഷിക്കുന്നതു് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഗുമസ്തൻ പണിക്കർ, വീട്ടിൽനിന്നും വന്നിരിക്കുന്ന ചില അടുത്തബന്ധുപ്രമാണികൾ, നാട്ടിൽനിന്നും, വക്കത്തായിട്ടു് സന്നതെടുക്കുന്നെ ഉടൻ ഫയലാക്കുവാൻ നഷ്ടമില്ലാത്ത ഒരു കേസുംകൊണ്ടു് അന്ന്യൻ കൊടുത്ത യാത്രച്ചിലവുംപററി എത്തിയിരിക്കുന്ന ഒരു കരപ്രധാനി, വക്കീൽ സംഘത്തിലെ ഭക്തശിരോമണിസഹിതമുള്ള ഒന്നുരണ്ടു "മനപ്പൂൎവ്വസ്നേഹിതന്മാർ" (sincere friends) ഇതിനെല്ലാത്തിനുംപുറമെ, വകയിൽ ഒരനന്തിരവൻ, ഒരു ററഅളിയൻ,-ഇവരെല്ലാമാണു് ഒരേഴെട്ടുമണിയാകുമ്പോൾ വിട്ടിൽ കാണുന്നതു്. വകയിൽ ഉള്ള അനന്തിരവൻകുമാരന്റെ ആവിർഭാവത്തിനു പല കാരണങ്ങളുമുണ്ടു്. ഒന്നാമതു വക്കീലദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തി

നായി തറവാട്ടുജംഗമവസ്തുക്കൾ പണയപ്പെടുത്തിയതിനു പ്രതിവിധിയായി അനന്തിരവനെ പഠിപ്പിക്കയോ ഇല്ലെങ്കിൽ ഗുമസ്തൻപണിയിൽ പരിശീലിപ്പിക്കയെങ്കിലും ചെയ്കയോ ചെയ്യുന്നതിനുള്ള മുഖവുരയായിട്ടാണു കുമാരുവിന്റെ വരവിനെ പരിഗണിക്കേണ്ടതു്. രണ്ടാമതു സർവ്വഭോക്താവു് എന്നു വിശ്രുതിപെററ ഗുമസ്തൻപണിക്കരുടെ വിക്രിയകൾക്കു ഒരു ചെക്കു (തടസ്സം) ആയിട്ടുകൂടി ഈ തറവാട്ടുകക്ഷത്തെ കണക്കാക്കാതിരിക്കുന്നില്ല. ഇതൊന്നുംപോരെങ്കിൽ, വക്കീൽ വിവാഹിതനാണെങ്കിൽ, കുടുംബത്തിലെ പൊതുസ്വത്തായ കുഞ്ഞങ്കരച്ചാരുടെ വരുമാനങ്ങൾക്കു ശരിയായ കണക്കു സൂക്ഷിക്കുന്നതിനു കാരണവരാൽ നിയുക്തനായ ആഡിററർ ജനറൽ (കണക്കുപരിശോധകൻ) ആയും; പ്രസ്തുത തറവാട്ടിലെ സ്ത്രീകളുടെ അനുഗ്രഹവുംവാങ്ങി വക്കീൽ-ഭാര്യാ-സത്വത്തിന്റെ നടപടികൾ സൂക്ഷിച്ചു സമയാസമയം റിപ്പോർട്ടുചെയ്യുന്നതിനു എത്തിയിരിക്കുന്ന സീ ഐ. ഡി. സ്പെഷ്യൽകറസ്പാണ്ടന്റു (പ്രത്യേകലേഖകൻ) ആയും; എന്തായാലും തൽക്കാലം ഗുമസ്തൻപണിക്കു് സവാരിചെയ്യുന്നതിനു സൌകര്യമായി കിട്ടിയ മട്ടക്കുതിര (Pegu pony) ആയും; വക്കീലാഫീസ്സു ആവശ്യങ്ങൾക്കുള്ള കടലാസ്സ്, ചായ, പലഹാരാദികൾ കടയിൽനിന്നും വാങ്ങിക്കൊണ്ടുവരുന്നതിനുള്ള ആഫീസ്പ്യൂൺ, പണിക്കർക്കും സ്നേഹിതന്മാക്കും വേണ്ടിവരുന്ന മുറുക്കാനുംമററും സാധാരണമായി കാശിനും ചിലപ്പോൾ വെറുതെയും സപ്ലൈചെയ്യുന്നതിനുള്ള നാൺഅഫിഷ്യൽ (അനുദ്യോഗസ്ഥ) ചൊക്രായും ആയും; അമ്മാവനായ വക്കീലിന്റെ ജനതാവശ്യംപ്രമാണിച്ചുള്ള ചില്ലറ സൌകര്യങ്ങൾനോക്കിക്കൊടുക്കുന്നതിനുള്ള പ്രിയമരുമകനായും; അമ്മായിക്കു ആദ്യത്തെ കുഞ്ഞുണ്ടാകുന്നതുവരെ "ഞൊടാനും ചിത്തപറയുവാനും" ഉള്ള ഒരു 'മള്ള-ശംഖാ'യും; ആഹാരസമയങ്ങളിൽ എക്സ്ട്രാകറികളും കാപ്പിയും പലഹാരങ്ങളും നൽകുന്ന അരിവയ്പുകാരന്റെ ഉററബന്ധുവും അസിസ്റ്റൻറുംകൂടിയായും; മുററം തൂത്തുവാരാൻവരുന്ന ചെട്ടിച്ചിപ്പെണ്ണിന്റെ ജോയിന്റുകാമുകൻ (മററതു അരിവയ്പുകാരനാണെന്നു സ്പഷ്ടമാണല്ലോ-) ആയും; വക്കീലാഫീസിലും പരിസരങ്ങളിലും പ്രചരിക്കുന്ന ഒരു ജന്തുവാണു് ഈ അനന്തിരവൻ കുമാരു. ഇതിനെല്ലാത്തിനും പുറമേ, വക്കീൽ ആൾ ചെറുപ്പം. ലോകപരിചയം കുറവു്. ഗുമസ്തൻ വീരൻ- കക്ഷികളും പട്ടണവാസികളും തികഞ്ഞ കള്ളന്മാർ ഇങ്ങനെ ചിക്കാഗോയിലുള്ള ബാംകുകൾകൊള്ള ചെയ്യുന്ന പാതാളരാജാക്കന്മാരുടെ (Underworld Kings അല്ലെങ്കിൽ ചോരപ്രമാണികൾ) ഇടയിൽ സ്ഥിതിചെയ്യുന്ന കോടീശ്വരനെപ്പോലെ ഭയവിഹ്വലനായി കഴിച്ചുകൂട്ടേണ്ടുന്ന യുവവക്കീലിന്റെ നില സുരക്ഷിതമാക്കി സന്ദർഭോചിതമായ ഉപദേശങ്ങൾ കൊടുക്കുന്നതിനു ഒരു സന്ദർശക സമിതിയും (Board of visitors) രൂപവൽക്കരിക്കുന്നു. ഈ ബോർഡിന്റെ എക്സ് ഒഫിഷ്യോപ്രസിഡണ്ടു വക്കീലിന്റെ കാരണവരും, സെക്രട്ടറി വക്കിലിന്റെ വകയിൽ ഒരു അനുജത്തിയെ വിവാഹംകഴിച്ചിരിക്കുന്ന ലോകപ്രഖ്യാതിസമ്പാദിച്ച വേലുച്ചേട്ടനുമാണു്- വേലുച്ചേട്ടൻ അമ്മാവനേയും വക്കീലിനേയും കൂട്ടിഘടിപ്പിക്കുന്ന ടെലഫോൺ ആയതുകൊണ്ടു്, വക്കീലിനെക്കാൾ വളരെഅധികം പ്രായക്കൂടുതൽഉള്ള ആളല്ല. ചെറുപ്പകാലത്തു അല്പതന്റേടം കാണിച്ചതിന്റെ ഫലമായി മുമ്പിൽ ഒരു പല്ലു് നഷ്ടമായിട്ടുള്ള ഒരു "പൂടകൊഴിഞ്ഞ" എക്സ്-ചട്ടമ്പിയാണു വേലുച്ചേട്ടൻ. വേലുച്ചേട്ടൻ മധ്യവയസ്സിനെക്കാൾ കൂടുതൽ യൌവ്വനത്തോടാണു ചേർന്നിരിക്കുന്നതെങ്കിലും, ലോകപരിചയവും, കാര്യവിവരവും, ആൾസ്വാധീനവും, ദീർഘബുദ്ധിയുമുള്ള ഒരു "ചുണക്കുട്ടി" ആണെന്നു ഭാര്യാഗൃഹത്തിലും, ചുററുപാട്ടിലും, വിശേഷിച്ചു സ്ത്രീലോകത്തിലും, തദ്വാരാ വക്കീലിന്റെ കാരണവപ്രദേശങ്ങളിലും പരക്കെ സമ്മതമാണു്. അതുകൊണ്ടു മാത്രമാണു് ഈ ബോർഡിന്റെ കാര്യദർശിത്വം അഭിപ്രായവ്യത്യാസംകൂടാതെ ഇദ്ദേഹത്തിനു കൊടുത്തതു്. സ്വതസ്സിദ്ധമായ പുളപ്രാഭവം കൊണ്ടും, താഴ്ന്നജാതിക്കാരുടെഇടയിൽ ഉള്ള സ്വാധീനശക്തികൊണ്ടും, ധൃഷ്ടടിച്ചു നടക്കുന്നതിനാൽ അൽദാരിദ്ര്യമൂർത്തികൾ അനുവദിച്ചുകൊടുത്തിരിക്കുന്ന ദിവ്യത്വം കൊണ്ടും, എല്ലാം വക്കിലിനെ തൊഴിലിൽ ഗണ്യമായി സഹായിക്കുവാൻ അദ്ദേഹം പ്രാപ്തനാണെന്നുള്ള ബോധം, വക്കിൽതുടങ്ങിയ സകല ചെറുപ്പക്കാർക്കും, അമ്മാവിതുടങ്ങിയുള്ള സകല "നിരക്ഷരകുക്ഷികൾ" ക്കുപോലും, ഉണ്ടു്. ഇങ്ങനെയുള്ള ആൾ ആണു വേലുച്ചേട്ടൻ. സന്ദർഭത്തിന്റെ പ്രാധാന്യം ഓർത്തു മടക്കി തോളിൽ ചാർത്തിയിരിക്കുന്ന കച്ചത്തോർത്തു സഹിതംകാർത്ത്യായനിഅമ്മയുടെ കാര്യശേഷിയോടുകൂടി സർവ്വത്ര വ്യാപിച്ചുകാണുന്ന വേലുച്ചേട്ടനോടു് ആഗതരാകുന്ന സകലരും കുശലംചോദിക്കുന്നുമുണ്ടു്.

---

# എന്റെ അഭ്യർത്ഥന.

(കെ എസ്സ്. വിശ്വംഭരൻനായർ, പാണ്ടങ്കരി.)

(മഞ്ജരി.)

ക്രൂരിരുളിന്റെകവാടംകടക്കുവാ-
നാരോമൽപൊൻകതിരെത്തീടുമ്പോൾ,
രാവിന്റെതാരകത്തുമലർമാലക-
ളാവിഭാതത്തിലൊളിച്ചീടുമ്പോൾ,
ജീവിതനായക,താവകപാദതാ-
രീവിധമെന്നുംഞാൻപൂജിച്ചീടാം.
സാരസുഗന്ധമൊഴുക്കുംസുമങ്ങളെ-
ന്നാരാമമെത്രയോപാഴിലാക്കി!
മഞ്ജുനിർത്തുവുമീമഞ്ജുളസൂനങ്ങ-
ളഞ്ജലികൂപ്പിഞാനപ്പിക്കട്ടെ?
എന്നുമിങ്ങീവിധമർച്ചനചെയ്തുഞാൻ
നിന്നുകൊള്ളട്ടേവിനമ്രനായി!
മാനവമാധുര്യംപൂശുന്നപ്രേമത്തിൻ
ഗാനങ്ങൾപാടീടാതാകുംകാലം,
ആത്മക്ഷതങ്ങൾക്കലിവുതളികാതന്നോ-
രാശാമുഖംകറുത്തിട്ടുംകാലം,
സൗഭ്രാത്രശാഖിയിൽചേരുംഫലങ്ങളാം
കാരുണ്യംകാറിന്നമാകുംകാലം,
എന്നുംലോകേശാഞാനീവിധമർച്ചിച്ചു
നിന്നുകൊള്ളട്ടെ വിനമ്രനായി!

*          *          *

ശാരദചന്ദ്രികാകാന്തികല്ലോലത്തി-
ലാരാജിക്കുന്നമൽതാരകമേ,
അന്ധതാമിസ്രത്തിലാണ്ടോരുഖദ്യോത-
മെന്തുനിനക്കുസമർപ്പിക്കുന്നു?
മാനസബാഷ്പകണികകൾകൊണ്ടൊരു
മാലചമച്ചുഞാനപ്പിച്ചീടാം.

*          *          *

ഭാസുരകോരകമാധുരീലോലനായ്
ഭാവിയിൽഗാനങ്ങൾമൂളീടാതെ
ദിവ്യവിപഞ്ചികഭംഗിയിൽമീട്ടിഞാൻ
ഭവ്യഗീതങ്ങൾമുഴക്കീടട്ടെ!
കൈവിട്ടസൌഭാഗ്യലക്ഷ്മിയെത്തേടി-
(ഞാൻ
കൈവിളക്കേന്തിയണഞ്ഞിടാതെ,
മാമകജീവിതവാഹിനിവററിക്കു-
മാമരണത്തെവരിക്കുവാനായ്
മന്ദമിളകുന്നമാമരത്തോപ്പിലെ
ച്ചന്ദനശീതളതെന്നലേല്ക്കെ
കോകിലകേകിശുകാളികളെന്നിവ
സാക്രതംതൂകുന്നഗാനംകേൾക്കെ,
കല്പകമൊട്ടുകളൊത്തുരചിച്ചുഞാ-
നല്പമാസമ്മാനമപ്പിക്കട്ടെ!!

---

## പൊസ്തോമലോകം.

സർ ആർതർ കോണൻഡോയിലിന്റെ

**THE LOST WORLD**

എന്ന നോവലിന്റെ അധികൃതമായ
പരിഭാഷ പുസ്തകരൂപത്തിൽ
തയാറായിരിക്കുന്നു.

വില രൂപാ ൧ അണ ൮

ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

# വാർത്താസംഗ്രഹം.

## ലോകം

21 സംവത്സരക്കാലം ചൈനയിൽനിന്ന വിട്ടുനിന്നിരുന്ന ടിബററ് ഒടുവിൽ നാങ്കിംഗ് നാഷണലിസ്ററുകളുടെ പക്ഷത്തിലേക്ക ചേരുവാൻ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു.

* * *

ഈയിടെനടന്ന ഈസ്ററബൂൺ ഉപതിരഞ്ഞെടുപ്പിൽ വിജയിയായ മി. ചാറത്സ് സ്ററവാർട്ട് ടെയ്ലർ എന്ന മെമ്പറിനു ഇരുപത്തിനാലു വയസ്സേയുള്ളു അദ്ദേഹമാണു കാമൺസിലെ ഏററവും പ്രായംകുറഞ്ഞ മെമ്പർ.

* * *

യുദ്ധകാലത്തെ പ്രശസ്ത വൈമാനികനായ മി. റാബെർട്ടുബെജാക്ക് എന്ന ഫ്റഞ്ചുവൈമാനികൻ പാരിസിൽനിന്നു ലണ്ടനിലേക്ക പറക്കുന്ന അവസരത്തിൽ വിമാനംതകർന്നു മരിച്ചുപോയിരിക്കുന്നു

* * *

1935-ൻെറ അവസാനത്തിൽ ഫ്റാൻസിൻെറ വിമാനസേന ജർമ്മനിയുടേതിനോടു ഒപ്പമായിത്തീരത്തക്ക ഒരു ബിൽ ഫ്റഞ്ചുപാർലമെൻറിൽ അംഗീകരിച്ചിരിക്കുന്നു ഫ്റാൻസിൻെറ ആശയെല്ലാം വിമാനസന്ധിയിലാണെന്നും, പക്ഷെ ആക്രമണംനേരിട്ടാൽ പകരംവീടാൻ തനിച്ചുപോലും ഫ്റാൻസു തയാറായിരിക്കുമെന്നും യുദ്ധകാര്യമന്ത്രി പറയുന്നു.

* * *

ആയുധങ്ങളോടുകൂടിയ ജർമ്മൻസൈന്യം ഇപ്പോൾ ഏഴുലക്ഷത്തിഅയ്യായിരം വരുമത്രെ. ജനറൽ ലൂഡൻഡോർഫ്, ജനറൽ വോൺസീക്ററ് എന്നിവരുടെ നേതൃത്വത്തിൽ ഒരു നാഷനൽ ഡിഫൻസ്കൗൺസിൽ രൂപവൽക്കരിക്കുന്നുമുണ്ട്. സൈനികാവശ്യങ്ങൾക്കും മററും ഭൂമി കൈവശപ്പെടുത്തുന്നതിനുള്ള പരമാധികാരത്തോടുകൂടി ഒരു റിച്ച്ബോർഡും സ്ഥാപിച്ചിരിക്കുന്നു. സകല സൈനികസങ്കേതങ്ങളും ഈ ബോർഡിൻെറ കീഴിലായിരിക്കും.

* * *

മൂന്നുരാജ്യങ്ങളിലെ തൊഴിലില്ലായ്മക്കാരുടെ സംഖ്യ ഏഴുസ്ഥാനങ്ങൾ അടങ്ങിയതാണ് എന്നു ഇൻറർനാഷനൽ ലേബർആഫീസിൽനിന്നും അറിയുന്നു ജർമ്മനിയിൽ 2,764,000-ം ബ്രിട്ടനിൽ 2272,000-ം ഇററലിയിൽ 1011,000-ം തൊഴിലില്ലായ്മക്കാരുണ്ട്. ബൽജിയം, ഫ്റാൻസ്, അയർലണ്ട്, പോളണ്ട്, നെതർലൻഡ്സ് എന്നിവിടങ്ങളിൽ ഈയിടെ തൊഴിലില്ലായ്മ അല്പമായി കൂടിയിരിക്കുന്നു.

* * *

കട്ടപ്പുമുള്ളതടികൊണ്ടു സാമാനങ്ങൾ പണിയുമ്പോൾ മിനുക്കുന്നതിനുമുമ്പായി തിളയ്ക്കുന്ന എള്ളെണ്ണ അതിന്മേൽ ഒഴിക്കുക. അതിനുശേഷം മണൽകടലാസുകൊണ്ടു മിനുക്കി മെഴുകിടുക ഇങ്ങനെചെയ്താൽ കാറോ വെയിലോ മഴയോ കൊണ്ടു ആ തടി ജീർണ്ണമാകുന്നതല്ല. എണ്ണ കോരുന്നതു രണ്ടുമൂന്നുപ്രാവശ്യം ആവർത്തിച്ചാൽ അത്ര കണ്ടു നന്ന്.

* * *

ഒരു ശാസ്ത്രജ്ഞൻ പ്രസവംസംബന്ധിച്ചുള്ള കണക്കുകൾ പഠിച്ചതിൻെറ ഫലമായി 87 പ്രസവങ്ങളിൽ ഒന്നുവീതം ഇരട്ടയായിരിക്കുമെന്നും 7569 പ്രസവങ്ങളിൽ ഒന്നിൽവീതം മൂന്നുകുട്ടികളുണ്ടായിരിക്കുമെന്നും ഏഴുലക്ഷം പ്രസവങ്ങളിൽ ഒരുപ്രാവശ്യം നാലുകുട്ടികളുണ്ടായിരിക്കുമെന്നും 57 ലക്ഷം പ്രസവങ്ങളിൽ ഒരുപ്രാവശ്യംവീതം അഞ്ചുകുട്ടികൾവീതം ഉണ്ടായിരിക്കുമെന്നുമാണ്. ഒരു പ്രസവത്തിനു അഞ്ചുകുട്ടികളുണ്ടായാൽ ആ കുട്ടികൾ വളരെനാൾ ജീവിക്കപതിവില്ലെങ്കിലും ക്യാനഡായിൽ ഡയോൺ എന്ന സ്ഥലത്തു ഒന്നിച്ചു പ്രസവിച്ച അഞ്ചുകുട്ടികൾ യാതൊരു തകരാറുംകൂടാതെ ആറുമാസമായി ജീവിക്കുന്നു അഞ്ചിൽകൂടുതൽ കുട്ടികൾ ഒററ പ്രസവത്തിൽ അപൂർവ്വമാണെങ്കിലും പന്ത്രണ്ടുവരെകുട്ടികൾ ഒറ്റപ്രസവത്തിൽ ജനിച്ചിട്ടുള്ളതായി അറിയുന്നു. പക്ഷെ അവയൊന്നും ഏതാനുംദിവസത്തിൽകൂടുതൽ ജീവിച്ചിട്ടില്ല.

* * *

## ഭാരതം.

ബോംബെയിലെ ഒരു കാൺഗ്രസ്പ്രമാണിയും കാൺഗ്രസ്പ്രവർത്തകസമിതിയിലെ ഒരംഗവും ബോംബെ പ്രാദേശിക കാൺഗ്രസ്കമ്മററി അദ്ധ്യക്ഷനുമായ മി. കെ. എഫ് നരിമാനെ ബോംബെകാർപ്പറേഷൻമേയറായി തിരഞ്ഞെടുത്തിരിക്കുന്നു.

* * *

ഇൻറർനാഷനൽ വാണിജ്യമണ്ഡലത്തിൻെറ ആറാമത്തു വാർഷികയോഗത്തിൻെറ അദ്ധ്യക്ഷസ്ഥാനത്തുനിന്നും മി. ഹുസെയിൻഭായി ലാൽജി ഇന്ത്യയിലെ ജനങ്ങളെ കൃഷിയിൽനിന്നു ഉപയോഗകരമായ വ്യവസായങ്ങളിലേക്കു തിരിക്കണമെന്നു ശക്തിയായി വാദിച്ചിരിക്കുന്നു

* * *



മാണ്ഡിയിലെ മഹാറാണി.

അയോദ്ധ്യയിൽ പ്രതാപഗാറിനു സമീപമുള്ള റാണിഗാഞ്ജിൽവച്ചു ഒരു മോട്ടാറപകടത്തിൽ മാണ്ഡിമഹാറാണിയ്ക്കു പരുക്കേൽക്കുകയുണ്ടായി. മഹാറാണി കപൂർത്തലാ മഹാരാജാവിൻെറ ഏകപുത്രിയാണ്.



ബർമ്മാ നിയമസഭയുടെ പ്രസിഡൻറ ആയിരുന്ന സർ ഓസ്കർ ഡി ഗ്ലാൻവിൽ (വലതുഅററം), ഡാക്ടർ ബാമാ(വിദ്യാഭ്യാസമന്ത്രി) ഒരു സ്നേഹിതൻ എന്നിവർ. നിയമസഭപ്രസിഡൻറിൻെറ പേരിൽ ഒരു അവിശ്വാസപ്രമേയം പാസ്സാക്കുകയും, അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നു നീക്കുകയും ചെയ്തിരിക്കുന്നു.



അമേരിക്കൻ കുബേരപുത്രിയും ഭർത്താവും —

മി- എച്ച്. ആർ ക്രാംവെല്ലും അദ്ദേഹത്തിൻെറ പത്നി ഡോറിസ് ഡ്യൂക്കും. ഈ ദമ്പതികൾ ഈയിടെ വാർദ്ധായിൽവച്ചു് മഹാത്മജിയെ സന്ദർശിക്കുകയും അദ്ദേഹവുമായി ഒരു അഭിമുഖസംഭാഷണം നടത്തുകയുമുണ്ടായി.

• കാശ്മീർമഹാരാജാവു കറാച്ചിയിൽനിന്നു രജതജൂബിലിസംബന്ധിച്ചു ക്രോയിഡനിലേക്കു പറന്നിരിക്കുന്ന വിമാനത്തിൽ വേറെ പതിനൊന്നു യാത്രക്കാരുണ്ടായിരുന്നു.

* * * * *

ഏപ്രിൽഅവസാനത്തിൽ കാൺഗ്രസ്സ്കമ്മററിയോഗങ്ങൾസംബന്ധിച്ചു അഖിലേന്ത്യാ കാൺഗ്രസ്സ് സോഷ്യലിസ്ററപാർട്ടി അംഗങ്ങളിൽ പലരും ജബൽപൂരിൽ വന്നുചേരുമെന്നുള്ളതിനാൽ പല പ്രധാന പ്രശ്നങ്ങളെയും ചർച്ചചെയ്യുന്നതിനായി ഏപ്രിൽ 21-ം 22-ം തിയതികളിൽ ഒരു സോഷ്യലിസ്ററപാർട്ടിയോഗം കൂടണമെന്നു നിശ്ചയിച്ചിരിക്കുന്നു

* * *

ലാഹൂറിൽ കാസൂർ സബ്ഡിവിഷനിൽ കട്ടത്ത മഞ്ഞുമഴനിമിത്തം അൻപതുഗ്രാമങ്ങളിൽ വിളവുനാശമുണ്ടായിരിക്കുന്നു ചില മഞ്ഞുകട്ടകൾക്കു ഇരുപതുതോലാവരെ തൂക്കമുണ്ടായിരുന്നത്രെ.

* * *

ബംഗാൾ യൂത്ത്ലീഗിൻെറ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഡിസംബർ 24-ാംതീയതി കാറൺവാലിസ് സ്ക്വയറിൽവച്ചു രാജദ്രോഹകരമായ ഒരു പ്രസംഗംചെയ്തതിനു ചീഫ്പ്രസിഡൻസിമജിസ്ട്രേട്ടു നനിസെൻഗുപ്തായ്ക്കു 18 മാസത്തെ കഠിനതടവു വിധിച്ചിരിക്കുന്നു.

* * *

50 മണിക്കൂർകൊണ്ടു മി. റായി എന്നൊരാൾ 350 മൈൽ ദൂരം സൈക്കിൾ ചവിട്ടിയിരിക്കുന്നു. എൻഡ്യൂറൻസ് സൈക്കിൾയാത്രയിൽ റിക്കാർഡ്ലംഘിക്കാനാണു ഈയാളുടെ ഉദ്ദേശം. എങ്ങുംനിൽക്കാതെ എത്രദൂരം ഒററത്തവണയായി ചവിട്ടാമെന്നു നോക്കുന്നതാണ് എൻഡ്യൂറൻസ്മത്സരം

* * *

1935-36-ൽ എവറസ്ററ് ആരോഹണംനടത്തുന്നതിനു ഇന്ത്യാഗവമെൺേറും ഇന്ത്യാസെക്രട്ടറിയുംമുഖേന ബ്രിട്ടീഷ്പർവ്വതനസംഘത്തിനു ടിബററൻഗവമെൺറിൻെറ അനുവാദം ലഭിച്ചിരിക്കുന്നതായറിയുന്നു. 1933-ലെ പർവ്വതനസംഘത്തെ നയിച്ച ഹ്യൂറട്ട്ലഡ്ജ് നായകത്വം വഹിക്കണമെന്നു സംഘം അപേക്ഷിക്കയും അദ്ദേഹം അതു സമ്മതിക്കയും ചെയ്തിരിക്കുന്നു. കമ്മററിയുടെ പ്ലാൻ യഥാവസരം പ്രസിദ്ധംചെയ്യുന്നതാണ്.

* * *

കറാച്ചിയിലെ വെടിവെപ്പിനെപ്പററി, പ്രത്യേകിച്ചു പ്രാദേശികാധികൃതന്മാർ ചെയ്തിരുന്ന കരുതലുകൾസംബന്ധിച്ചു അന്വേഷണംനടത്തേണ്ടയാവശ്യമില്ലെന്നാണു കറാച്ചിയിൽപോയി അന്വേഷണംനടത്തിയശേഷം ഹോംമെമ്പർ തീരുമാനിച്ചിരിക്കുന്നതു്. ഗവമെൺറ ദീർഘമായ ഒരു കമ്മ്യൂണിക്ക പുറപ്പെടുവിക്കാനുദ്ദേശിക്കുന്നു.

* * *

## കേരളം.

തിരുവിതാംകൂർ കൃഷിഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനത്തെ പൊതുവെ ഒന്നു അവലോകനംചെയ്യുവാനും അഭിവൃദ്ധിമാൎഗ്ഗങ്ങൾ ആരായുവാനുമായി കഴിഞ്ഞയാഴ്ച കൊല്ലത്തുവച്ചു കൃഷിഡയറക്ടർ മി. കെ. പരമേശ്വരൻപിള്ളയുടെ അദ്ധ്യക്ഷതയിൽ നടന്നതും മൂന്നുദിവസത്തേക്കു നീണ്ടുനിന്നതുമായ സമ്മേളനത്തിൽ, ഓരോ പ്രദേശങ്ങളിലും ഓരോ ഗ്രാമങ്ങൾ തിരഞ്ഞെടുത്തു അവിടെ അഞ്ചുവർഷത്തേക്കു തുടരെ പ്രവൎത്തനം നടത്തുന്നപക്ഷം അത്തരം ഗ്രാമങ്ങളെ മാതൃകാഗ്രാമങ്ങളാക്കിത്തീർക്കാൻ സാധിക്കുമെന്നു അദ്ധ്യക്ഷൻ നിർദ്ദേശിക്കുകയുണ്ടായി നെൽകൃഷിസംബന്ധിച്ചു ഇന്നുള്ള ഏകഗവേഷണകേന്ദ്രത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നും പ്രധാന നെൽകൃഷിസ്ഥലങ്ങളിൽ രണ്ടു കേന്ദ്രങ്ങൾകൂടി തുറക്കണമെന്നും കാൺഫറൻസു തീർച്ചയാക്കി. നാളികേരവ്യവസായത്തിൻെറ അഭിവൃദ്ധിക്കായി പരിഷ്കൃതഗവേഷണസൗകൎയ്യങ്ങളോടുകൂടി ന്യൂനതകളില്ലാത്ത ഒരു ഗവേഷണത്തോട്ടം വേണമെന്നും പൊൻമുടിയിൽ ഒരു പഴത്തോട്ടം സ്ഥാപിക്കണമെന്നും സംസ്ഥാനത്തെ പഴകൃഷിയെപ്പററി ഒരു സർവേ നടത്തണമെന്നും കാർഷികോൽപന്നങ്ങളുടെ മാർക്കററിംഗുസംബന്ധിച്ചു മാർക്കററിംഗ് ആഫീസർമാരുടെ നിയമനഃശേഷം ആലോചിക്കണമെന്നും കന്നുകാലികളുടെ അഭിവൃദ്ധി, വെറററിനറിഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനം, മൃഗങ്ങളുടെഇടയിലുള്ള സാംക്രമികരോഗനിരോധനം കൃത്രിമവളമുണ്ടാക്കൽ ഇവയും പ്രയോജനകരമാക്കണമെന്നു കാൺഫറൻസു തീരുമാനിച്ചു.

* * *

സർ ഷൺമുഖം ചെട്ടിയുടെ നിയമനത്തെസംബന്ധിച്ചു് ഹിന്ദുപത്രത്തിൻെറ പ്രതിനിധിയും കൊച്ചീമഹാരാജാവുമായി നടന്ന ഒരു സംഭാഷണംറിപ്പോർട്ടുചെയ്തിരിക്കുന്നു. ഇദ്ദേഹത്തെ തിരഞ്ഞെടുത്തതു തിരുമനസ്സുകൊണ്ടാണെന്നും ഇന്ത്യാഗവർമ്മെൻറിൽനിന്നും നാലുപേരുടെ നാമങ്ങൾ തൻെറ സചിവസ്ഥാനത്തേക്കു് നിർദ്ദേശിച്ചുകൂട്ടത്തിൽ മലയാളം അറിയാവുന്ന ആളും ഫെഡറേഷൻ കൊച്ചിതുറമുഖം മുതലായ കാൎയ്യങ്ങളിൽ കൊച്ചിക്കുവേണ്ടി ശുഷ്കാന്തിപൂർവ്വം പരിശ്രമിക്കുമെന്നു തനിക്കു വിശ്വാസമുള്ള ആളുമായ സർ ഷൺമുഖംചെട്ടി തിരഞ്ഞെടുക്കപ്പെട്ടു എന്നും ആണ് മഹാരാജാവു കല്പിച്ചതു്.



നാടകാഭിനയം—മഞ്ചേരി ബോർഡ്ഹൈസ്കൂൾ വാർഷികോത്സവത്തിൽ വിദ്യാർത്ഥികൾ "പ്രേമവാേഷ്ടം" എന്ന ഗദ്യനാടകം അഭിനയിച്ചപ്പോൾ എടുത്ത ഫോട്ടോ. കസേരയിൽ ഇടതുവശത്തു ഒന്നാമതായിഇരിക്കുന്നതു നാടകകൎത്താവായ മി. വി. വി. കെ. നമ്പ്യാർ ആണ്.

P. R. G.

## വിഷയവിവരം


| | | പേജു. |
|---|---|---|
| 1. | ചക്രാ | 4 |
| | പി. കെ. കേരളവൎമ്മ | |
| 2. | ആത്മാലാപം | 5 |
| | കൈനിക്കര കുമാരപിള്ള | |
| 3. | ബദ്ധകവാടം (കവിത) | 6 |
| | പന്തളം കെ. പി. രാമൻപിള്ള ബി. ഏ. | |
| 4. | മുകിലനും പച്ചകുത്തേപ്പാട്ടും | 7 |
| | പി. കെ. കേശവപിള്ള | |
| 5. | ഉഷസ്സിൽ (കവിത) | 8 |
| | ചങ്ങമ്പുഴ കൃഷ്ണപിള്ള | |
| 6. | സാമ്പിൾവക്കീലാഫീസ് സന്നതുദിനം | 8 |
| | അച്ചു | |
| 7. | എൻെറ അഭ്യൎത്ഥന (കവിത) | 10 |
| | കെ. വിശ്വംഭരൻനായർ | |
| 8. | വാൎത്താസംഗ്രഹം | 11 |
| 9. | വിമൎശനം | 13 |
| 10. | ഹരിണീസ്വയംവരം | 17 |
| | കരുമാടി കെ. രാമകൃഷ്ണപ്പണിക്കർ | |
| 11. | ഭൃംഗസംഗീതം. | 18 |
| | വി. വി. കെ. നമ്പ്യാർ. | |
| 12. | ബുദ്ധമതതത്വങ്ങൾ | 19 |
| | കെ. പി. ഗോപാലമേനോൻ | |
| 13. | വിധുരയായ മധുര (ചെറുകഥ) | 21 |
| | വിദ്വാൻ പട്ടോളി കൊച്ചുകൃഷ്ണൻനായർ | |
| 14. | ഗുട്ടൻബർഗ് | 23 |
| | തോമസ് ജേക്കബ് കരിപ്പാംപ്പറമ്പിൽ | |
| 15. | ബാലിദ്വിപിലെ വനിതകൾ | 25 |
| | വി. എസ്. എസ്. കണിയർ. | |


## മുഖചിത്രം.

യുദ്ധംസംബന്ധിച്ചു അമേരിക്കൻഐക്യനാടുകളുടേ തലസ്ഥാനമായ വാഷിംഗ്ടണിൽവച്ചു സർവ്വരാജ്യബാലസമിതി ചില ആഹ്ലാദപ്രകടനങ്ങൾ നടത്തുകയും, ലോകമൊട്ടാകെയുള്ളബാലികാബാലന്മാൎക്കുക്രിസ്തുമസ്സുസന്ദേശങ്ങൾ അയയ്ക്കുകയുംഉണ്ടായി. വാഷിംഗ്ടണിൽ അന്നുണ്ടായിരുന്ന 15 രാഷ്ട്രങ്ങളുടേ സ്ഥാനപതികളുടെ പുത്രന്മാരും പുത്രിമാരും ഇതിൽ പങ്കുകൊണ്ടിരുന്നു. ഓരോരുത്തരും ആദ്യം ഇംഗ്ലീഷിലും പിന്നീടു അവരവരുടെ ഭാഷയിലും ക്രിസ്തുമസ്സുസന്ദേശം കമ്പിയില്ലാക്കമ്പിമാർഗ്ഗം ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കും പ്രചരിപ്പിച്ചു ചിത്രത്തിൽ കാണുന്നതു ഫ്രാൻസ്, നിക്കാറാഗ്വവാ, പോളണ്ഡ്, മെക്സിക്കോ, ജപ്പാൻ, ബൊളിവ്യാ, ഗ്വാട്ടിമാലാ, സ്പെയിൻ, റുമേനിയാ, വെനിസ്വേലാ, ക്യാനഡാ, ആർജെൻറയിൻ മുതലായ രാജ്യങ്ങളിൽനിന്നും ഐക്യനാടുകളിലേയ്ക്കു നിയമിക്കപ്പെട്ടിട്ടുള്ള പ്രതിനിധികളുടെ പുത്രന്മാരും പുത്രിമാരും ആണ്.

U. P. S.


## ജ്യോതിഷം.

നിങ്ങളുടെ ഭാവിയെക്കുറിച്ചു് അറിയണമോ?

**'The Kerala Astrological Bureau'**

Quilon, Travancore, S. India.

ശരിയായി അറിയിച്ചുതരും.

# മലയാളരാജ്യം.

1110 മീനം 26-ാംനു- തിങ്കളാഴ്ച

ഇൻഡ്യാചക്രവത്തി തിരുമനസ്സിലെ രജതജൂബിലിമഹോത്സവം, ആ വിശിഷ്ട സംഭവത്തിനു അനുരൂപമായവിധത്തിൽ തിരുവിതാംകൂർസംസ്ഥാനത്തിന്റെ സകല ഭാഗങ്ങളിലും കൊണ്ടാടണമെന്നു മഹാരാജാവുതിരുമനസ്സുകൊണ്ടു ആജ്ഞാപിച്ചിരിക്കുന്നു ബ്രിട്ടീഷുകാരുമായുണ്ടായ സഖ്യംമുതൽ ബ്രിട്ടീഷ്സിംഹാസനത്തോടു തിരുവിതാംകൂർമഹാരാജാക്കന്മാർ അനുവത്തിച്ചുപോരുന്ന നിഷ്കളങ്കവും നിർവ്യാജവുമായ സ്നേഹബഹുമാനങ്ങളും ദൃഢമൂലമായ വിശ്വാസവും സുപ്രസിദ്ധമാണല്ലൊ. തിരുമനസ്സിലെ കല്പന ആ നിലയ്ക്കു വളരെ സമുചിതമായിട്ടുണ്ടെന്നുള്ളതു പ്രജകൾക്കു ആഹ്ളാദകരമത്രെ. മഹാരാജാവുതിരുമനസ്സിലെ പ്രജകൾക്കു അവിടത്തെനേക്കുള്ള ഭക്തി ബ്രിട്ടീഷുകാർക്കു ബ്രിട്ടീഷ്‌രാജവംശത്തോടുള്ള ആ സുപ്രസിദ്ധമായ രാജഭക്തിയേയും അതിശയിക്കുന്നതാകയാൽ ഈ കല്പന എങ്ങനെ കൊണ്ടാടണമെന്നുള്ളതു ഇപ്പോഴെ ഊഹിക്കാവുന്നതത്രെ സകലദിക്കിലും രജതജൂബിലി ആഘോഷിക്കുന്നതിനു വേണ്ട ആലോചനകൾ കഴിഞ്ഞു സാധനസാമഗ്രികൾ സംഭരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. തിരുമനസ്സിലെ ധാർമ്മികമനസ്ഥിതികൊണ്ടും ഭാഗ്യംകൊണ്ടും പ്രജകളുടെ ഹാർദ്ദമായഉത്സാഹംകൊണ്ടും ഈ മഹാക്ഷാമകാലത്തും ഈ മഹോത്സവം അവിടത്തെ ആഗ്രഹംപോലെ ആഘോഷിക്കാൻ വേണ്ട ദിവ്യാനുഗ്രഹംലഭിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. ഈ സംസ്ഥാനത്തു ഇപ്പോൾ പ്രചരണംലഭിച്ചുവരുന്ന വർഗ്ഗ, ജാതി, മതസ്പർദ്ധകൾ നിശ്ശേഷം മാഞ്ഞു ജനങ്ങളുടെയിടയിൽ യോജിപ്പും, സമാധാനവും പ്രചരിക്കാനും സർവ്വപ്രധാനമായ ദേശാഭിമാനം അവരിൽ തഴയ്ക്കാനും ഈ ശുഭാവസരം പ്രയോജനപ്പെടുകകൂടി ചെയ്യുമാറാകട്ടെ.

* * *

ബർളിനിൽവച്ചുനടന്ന ആംഗ്ലോജർമ്മൻ സംഭാഷണത്തിനിടയിൽ ജർമ്മനി പുതിയ ചില നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതായി കാണുന്നു ആക്രമണങ്ങളുടെ നിരോധനത്തിനുവേണ്ടി ഒരു ഉടമ്പടിപരമ്പരയുണ്ടാക്കണമെന്നും ഈ ഉടമ്പടിവ്യവസ്ഥകളെ ലംഘിക്കുന്നവർക്കു അന്യസഹായം ലഭിക്കാത്തവണ്ണം വ്യവസ്ഥചെയ്യണമെന്നുമാണു ജർമ്മനിയുടെ ആഗ്രഹം ഇത്തരം ഉടമ്പടികളെല്ലാംകൂടി ചേർത്തു് ഒടുവിൽ ബഹുമുഖമായ ഒരു ആക്രമണനിരോധനക്കരാർ ഉണ്ടാക്കാമെന്നു ജർമ്മനി വാദിക്കുന്നു. ഈ അഭിപ്രായങ്ങൾ ഫ്രാൻസിനും റഷ്യയ്ക്കും തീരെ സ്വീകാര്യമായി തോന്നിയിട്ടില്ല ബർളിൻയാത്ര വിഫലമായിത്തീർന്നിരിക്കുന്നതിനാൽ ബ്രിട്ടനും ഫ്രാൻസും ഇറ്റലിയും ഏകാഭിപ്രായത്തോടുകൂടി വത്തിക്കേണ്ടിയിരിക്കുന്നു എന്നും ഒരുസമയം യുദ്ധമാണുണ്ടാകുന്നതെങ്കിൽ കരണീയമെന്തെന്നു പൊതുവേ ഒന്നു ആലോചിച്ചുറയ്ക്കേണ്ടിയിരിക്കുന്നു എന്നുമാണു് ഇറ്റലിയിലെ മനോഗതി ഒരു യുദ്ധത്തെ താൻ സ്വയംചെന്നു വരിക്കുന്നതല്ലെന്നു ഹിറ്റ്ലർ പറഞ്ഞിരിക്കുന്നതു ആശ്വാസപ്രദം തന്നെ കാപ്റ്റൻ ഈഡന്റെ റഷ്യൻസംഭാഷണത്തിന്റെ ഫലമായി സോവിയറ്റുരാജ്യതന്ത്രജ്ഞന്മാരുടെ ഹൃദയപൂർവ്വമായ സഹകരണം സർവ്വരാഷ്ട്രസമാധാനസ്ഥാപനത്തിനു ലഭിക്കുന്നതാണെന്നു കാണുന്നു. സർവ്വരാഷ്ട്രീയസമാധാനം സ്ഥാപിക്കുന്നതിനു മുമ്പായി, ഒരു അഖിലലോകവിപ്ലവം ആവശ്യമാണെന്നുള്ള ഒരു അഭിപ്രായമാണു സാധാരണ സോവിയറ്റുഅധികൃതന്മാർ ഇതുവരേ പ്രസ്താവിച്ചുവന്നതു്. ഈ അഭിപ്രായഗതിയ്ക്കു മാറ്റം വന്നിട്ടുണ്ടെന്നു പ്രസ്തുത റഷ്യൻസംഭാഷണം തെളിയിക്കുന്നു സർവ്വ രാജ്യ സഖ്യ സംഘം മുഖേന ലോകസമാധാനത്തിനുവേണ്ടി പ്രവത്തിക്കുന്ന മറ്റു രാഷ്ട്രങ്ങളോടു സഹകരിക്കുന്നതിനു സോവിയറ്റുറഷ്യയിലെ മന്ത്രിമാർ സന്നദ്ധരായിരിക്കുന്നതു ഭാവിശ്രേയഃപിശുനശകുനമാണു്. അവരുടെ ഈ സന്നദ്ധതയെ വേണ്ടപോലെ ആദരിച്ചു പ്രവത്തിക്കുന്നതിനു സർവ്വരാജ്യസഖ്യസംഘത്തിലെ എല്ലാ അംഗങ്ങളും ഉത്സാഹഭരിതരായി കാണപ്പെടുമെന്നു വിശ്വസിക്കാം. മി. ഈഡന്റെ ഈ സന്ദർശനം "ഭാവിലോകസമാധാനത്തിന്റെ കേവലം ഒരു പ്രാരംഭംമാത്രമല്ല, പ്രത്യുത അതിന്റെ ക്രമപ്രവൃദ്ധമായ വളച്ചയ്ക്കു ആധാരമായ ഒരു സ്ഥിരപ്രതിജ്ഞകൂടിയാണു്" എന്നു സോവിയറ്റുമന്ത്രിമാർ പറഞ്ഞുകാണുന്നു. "കേവലം മാനുഷികമായുള്ള കൃത്രിമസമ്പ്രദായങ്ങൾമൂലം ലോകസമാധാനം പുനഃസ്ഥാപിക്കുന്നതു അശക്യമാണെന്നും, ദൈവകൃപകൂടി ഉണ്ടായാലല്ലാതെ അതു സാദ്ധ്യമല്ലെന്നും" സർ ഫിലിപ്പുഗിബ്ബസ് തന്റെ "മറ്റന്നാൾ" എന്ന ഒരുവിശിഷ്ടകൃതിയിൽ എഴുതിയിരിക്കുന്നതു ഈ സന്ദർഭത്തിൽ ഓർമ്മയിൽവരുന്നു. കാപ്റ്റൻ ഈഡന്റെ ശ്രമങ്ങൾക്കും, റഷ്യയുടെ ഈ സന്മനോഭാവത്തിനും, ഈശ്വരകൃപകൂടി ഉണ്ടായി, ലോകത്തിൽ സമാധാനം പുനഃസ്ഥാപിച്ചുകാണ്മാൻ ആഗ്രഹിക്കുകയും അതിലേക്കു പ്രവത്തിക്കുന്ന എല്ലാ ശക്തികൾക്കും സർവ്വവിജയവും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു

* * *

ചിത്രവാരികയുടെ പ്രസിദ്ധീകരണം തല്ക്കാലത്തേയ്ക്കു നിത്തിവയ്ക്കുവാൻ തൽപ്രവത്തകന്മാർ നിർബന്ധിതരായിത്തീർന്നിരിക്കുന്നു എന്ന വിവരം മാന്യവായനക്കാരെ അറിയിച്ചുകൊള്ളുന്നു. രണ്ടുമൂന്നു കാരണങ്ങൾ ഏകകാലത്തു വന്നുകൂടിയതുകൊണ്ടു ഇപ്രകാരം തീരുമാനിക്കേണ്ടിവന്നതാണെന്നും പ്രസ്താവിക്കേണ്ടതുണ്ടു. മുഖ്യമായി നാട്ടിൽ പൊതുവേയുള്ള സാമ്പത്തികദുരിതംതന്നെയാണു ചിത്രവാരികയുടെ, താല്ക്കാലികമെന്നു പ്രവത്തകന്മാർ ആശിക്കയും വിശ്വസിക്കയും ചെയ്യുന്ന, ഈ തിരോധാനത്തിനു കാരണം. ഈ അവസരത്തിൽ ചിത്രവാരികയുടെ നാളതുവരെയുള്ള ജീവിതഗതിയെ അവലോകനം ചെയ്യുന്നതു അസ്ഥാനത്തിലാകയില്ലല്ലോ ദിനപത്രങ്ങളുടെ അനുബന്ധമെന്നവണ്ണംപല വാരികകളും ലോകത്തു പലയിടങ്ങളിലും നടന്നുവരുന്നുണ്ടു്. ദിനപത്രങ്ങളുടെ പ്രസിദ്ധീകരണത്തിൽ ഗൗരവബുദ്ധിക്കാണു പ്രസക്തിയെങ്കിൽ പ്രസ്തുതവാരികകളുടെ വിഷയത്തിൽ 'ഒന്നു വായിച്ചുരസിക്കുവാനുതകുക' എന്നതിനാണു കൂടുതൽ പ്രാധാന്യം. സാമാന്യമായി ഈ ഒരു തോതു ദീക്ഷിക്കുവാൻ ചിത്രവാരിക ശ്രമിച്ചിട്ടുണ്ടു്. ചിത്രങ്ങളുടെ പ്രസിദ്ധീകരണം പ്രധാന ധർമ്മമായിരിക്കുമെന്നു പേരുകൊണ്ടുതന്നെ പ്രഖ്യാപനം ചെയ്യുന്ന ഈ വാരിക ആ വിഷയത്തിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുമുണ്ടു്. എന്നാൽ മറ്റുചില രാജ്യങ്ങളിലുള്ളതുപോലെ ഫോട്ടോകൾ സമ്പാദിക്കുന്നതിനുള്ള സൗകര്യമായ ഏർപ്പാടുകൾ ഇന്നാട്ടിൽ വിപുലമായ രീതിയിൽ ഇല്ലാത്തതിനാൽ പലപ്പോഴും വിദേശങ്ങളിൽ നിന്നു വരുത്തിയാണു ഫോട്ടോകൾ ബ്ളാക്കാക്കി പ്രകാശിപ്പിച്ചിട്ടുള്ളതു്. ഇതുനിമിത്തം വിദേശങ്ങളിലെ സംഭവങ്ങളും, രംഗങ്ങളും, പ്രകൃതിദൃശ്യങ്ങളും ആണു പ്രായേണ ചിത്രവാരികയിൽ സ്ഥലം പിടിച്ചിരുന്നതെന്നു വാദിക്കുന്നവരുണ്ടെങ്കിൽ കേരളത്തിലേയും ഭാരതത്തിലേയും അന്നന്നു നടക്കുന്ന സംഭവങ്ങളിൽ മുഖ്യമായവയെ പരാമർശിക്കുന്ന ചിത്രങ്ങളും ധാരാളമായി വാരിക പ്രകാശിപ്പിച്ചിട്ടുണ്ടെന്നുകൂടി ഓർക്കേണ്ടതാണു്. വാരികയുടെമാന്യലേഖകന്മാരോടു വാരികയ്ക്കുള്ള കൃതജ്ഞതയേയും രേഖപ്പെടുത്തിക്കൊള്ളട്ടെ. എഴുതുവാൻ 'കെല്പുള്ളവരെങ്കിലും പേരിനു പ്രചാരം കിട്ടിക്കഴിഞ്ഞിട്ടില്ലാത്ത' പല ലേഖകന്മാരുടേയും ലേഖനങ്ങൾ കഴിയുന്നത്ര പ്രസിദ്ധംചെയ്യുന്നതിൽ വാരിക യാതൊരു വൈമനസ്യവും കാണിച്ചിട്ടില്ല കൂടുതലും വിനോദത്തിനായി ഉദ്ദേശിക്കപ്പെട്ടിരുന്ന ഒരു ഗ്രന്ഥത്തിൽ തീവ്രമായ ശ്രദ്ധയോടെ ലേഖനവ്യവസായം ചെയ്യുന്ന പരിശ്രമശീലന്മാർക്കു പ്രാധാന്യം നൽകിയ നയം ആരും അപലപിക്കുമെന്നും തോന്നുന്നില്ല. പ്രസ്തുത ലേഖകന്മാരോടു് എപ്പോഴും കൃതജ്ഞതാബുദ്ധിയോടെ വാരിക പെരുമാറിവന്നിട്ടുമുണ്ടു്. എന്നിരുന്നാലുംപ്രസിദ്ധീകരിച്ച ലേഖനങ്ങളിൽ എത്രയോമടങ്ങു പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങളാണുള്ളതെന്നും പ്രസ്താവിക്കാതിരിക്കുന്നില്ല. ഇതു ഒഴിച്ചുകൂടാൻപാടില്ലാത്തതാണെന്നു ആർക്കും ബോദ്ധ്യപ്പെടുന്നതുമാണു. ഇത്രയുംപറഞ്ഞതുകൊണ്ടു ലബ്ധപ്രതിഷ്ഠന്മാർ വാരികയ്ക്കു ചെയ്തിട്ടുള്ള സഹായങ്ങളെ വിസ്മരിച്ചു എന്നർത്ഥമില്ലതാനും അവരോടും വാരികയ്ക്കുള്ള നന്ദി നിസ്സീമമാണു്. നയത്തിലും ആകൃതിയിലും മാറ്റങ്ങൾവരുത്തിയും നാട്ടിലെ സാമ്പത്തികദുരിതഫലങ്ങളെ ജയിച്ചു ജീവിക്കുവാൻ ചിത്രവാരികയ്ക്കു സാദ്ധ്യമാകുന്ന അവസരത്തിലും, ചിത്രവാരിക പുനരാവിർഭവിക്കുമെന്ന വിശ്വാസത്തിൽ, അപ്പോഴും അതിനെ വാത്സല്യപൂർവ്വം ജനങ്ങൾ കൊണ്ടാടുമെന്ന ആശയോടെ, ചിത്രവാരികയുടെ പ്രകാശനം തല്ക്കാലത്തേയ്ക്കു നിത്തിവയ്ക്കുന്നു.



(ഇടത്തുവശം)

ഇററാലിയൻസ്ഥാനപതിയും ഫ്ര
ണ്ടും തമ്മിലുണ്ടായ ഉടമ്പടിയെപ്പററിയു
ഷം ഇററാലിയൻസ്ഥാനപതി സി
മി. ലാവാലിനെ സന്ദർശിക്കുന്നതു്. ഇ
ന്ദർശിക്കുകയും, ഇംഗ്ലീഷ്മന്ത്രിമാർ ജർമ്മ
സമാധാനസ്ഥാപനം സംബന്ധിച്ച സം

(വലതുവശം)

ഒരു മിനിററിൽ അഞ്ചു മൈൽ— 
ലോകം ഏററവും വേഗത്തിൽ മോട്ടോർ
മണിക്കൂറിൽ 272 . 108 മൈൽവേഗത്തി
ഡേട്ടോണാസമുദ്രതീരത്തുവച്ചു ഇദ്ദേഹം 
ന്നതിനു ശ്രമിക്കുകയും മണിക്കൂർഒന്നിനു 
കാർ ഓടിക്കുകയും ചെയ്തു. ചിത്രത്തിൽ 
ടെ പതിനൊന്നുവയസ്സു പ്രായമുള്ള ജി



(വലതുവശം)

ഒരു പുതിയ ചികിത്സാസമ്പ്രദായ
ക്സ്സയിൻ കുത്തിവയ്ക്കുന്നതുപോലെ, ബാ
വാക്സ്സയിൻ കണ്ടുപിടിച്ച ഡാക്ടർ ജാ
ഈയിടെ സ്ഥാപിച്ച ആശുപത്രിയിലെ
വയ്ക്കുന്നതു്. ബാലന്മാർക്കും പ്രായമായ
ക്കുമെന്നാണു ഡാക്ടരുടെ അഭിപ്രാ
കോംമറുടെ ഒരു അസിസ്റ്റൻറായ ഡാ
യമുള്ള രോഗിയും അടുത്തായി നഴ്സുമാ

(ഇടത്തുവശം)

എന്താണിത്രഖേദം? — ഇവരിൽ 
സ്ഫുരിക്കുന്നതു്? രണ്ടുപേരും വിഷാദ
ണം ആർക്കറിയാം? റെയിനാൾട്ടൺ (ഇ
ബ്ളഡ്ഹൌണ്ടു്ജാതി പട്ടിക്കു ആറു
ളിൽ ഒന്നാമത്തെ സ്ഥാനവും സമ്മാനവ
ത്തു വിഷാദവും, അതൃപ്തിയുമാണു കാ
ഈ വികാരങ്ങൾ കാണപ്പെടുന്നു.

—ഒരു പട്ടിയുടെ വിഷാദവും.



വിദേശകാര്യമന്ത്രിയും:—ഫ്രാൻസും ഇംഗ്ല
വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയതിനുശേ
താർ ഗ്രാൻഡി ഫ്രഞ്ചു വിദേശകാര്യമന്ത്രി
തിനുശേഷം ഫ്രഞ്ചുമന്ത്രിമാർ ഇംഗ്ലണ്ടു സ
മി, റഷ്യ മുതലായ രാജ്യങ്ങൾ സന്ദർശിച്ചു
ാദങ്ങൾ നടത്തുകയും ഉണ്ടായല്ലോ

U. P- S.

ർ. മാൽകോം കാമ്പൽ ആണു ലോകത്തി
ാടിക്കുന്ന ആൾ. ഇതിനുമുമ്പ് ഇദ്ദേഹം
ൽ മോട്ടോർ ഓടിച്ചു. ഈമാസം 7-ാം
ന്ററിൽ 5 മൈൽ വേഗത്തിൽ കാർവിട്ടു
ശരാശരി 276.816 മൈൽ വേഗത്തിൽ
ാണുന്നതു സർ. മാൽകോം, പത്നി, അവ
എന്ന പുത്രി എന്നിവരാണു്.

U. P. S.



—മസൂരിനിവാരണാർത്ഥം ഒരുതരം വാ
വാർക്കുണ്ടാകുന്ന തളർവാതത്തിനു ഒരു
എ. കോൾമർ (ഫിലാഡൽഫിയ)
ആദ്യത്തെ രോഗിക്കു, ടി മരുന്നു കുത്തി
യ്ക്കും ഈ ചികിത്സ ശരിയായി ഫലി
ാം. ചിത്രത്തിൽ വലതുവശം ആദ്യം
ർ ജാൺജ്ജുക്ലഗ്ഗും, നടുക്കു 4 വയസ്സു പ്രാ
മനു കാണപ്പെടുന്നതു്.

U. P- S.

രുടെമുഖത്താണു ശോകരസം കൂടുതൽ
രായിട്ടാണു കാണപ്പെടുന്നതു്- കാര
ണ്ടു്) പട്ടണത്തിലെ ലിയോ എന്ന
ഇംഗ്ലണ്ടിലെ ബ്ളഡ്ഹൗണ്ടുക
ലഭിച്ചിട്ടുണ്ടെങ്കിലും, അതിന്റെ മുഖ
ണപ്പെടുന്നതു്. സ്നേഹിതന്റെ മുഖത്തും

U. P. S.

# GRAND SILVER JUBILEE OFFER

# RS. 20,000

## CLOSING DATE 18TH MAY 1935.

## FIRST PRIZE

# RUPEES TWELVE THOUSAND

## Second Prize Rs. 3,000 Third Prize Rs. 1,500

### SPECIAL PRIZES.

For the Competitor who submits the first all-correct entry.

A Brand New Baby Austin Car (Cost Rs. 2,800)

(On Show at Stanes Motors (S· India) Ltd., Coimbatore)

A Luxurious Royal Portable Typewriter (Rs. 2,30)

(For the Competitor who submits the next all-correct entry)

A Magnificent HASQVARNA Hand Sewing Machine (Rs. 120)

(For the next correct entry from a lady)

**Both on show at Messrs. Addison & Co. Madras.**

For the Competitor who submits the maximum number of entries.

**ONE BRAND NEW H. M. V. GRAMOPHONE WITH RECORDS**

**OR**

**One H. M. V. 8 Valve Superheterodyne All ware Radio Receiver**

**(Each Rs. 350)**

**On Show at Gramophone Co. Ltd., Bombay & Bangalore.**

## Rupee One per Entry.

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | R | O | S | E | | A Sweet flower | (57) |
| 2 | L | A | S | S | | Miss. | (51) |
| 3 | P | A | R | T | | Portion | (55) |
| 4 | | I | | E | | Passage of water | (46) |
| 5 | B | E | S | T | | Superlative | (46) |
| 6 | | A | | E | | Allowance | (44) |
| 7 | B | A | N | K | | Soothes in trouble | (28) |
| 8 | R | A | | | | Trial of speed | (27) |
| 9 | | | E | | | Female | (32) |
| 10 | C | L | | | | Clothed | (20) |
| 11 | | 1 | | E | | Current | (38) |
| 12 | M | E | T | E | R | A Measurement | (61) |

R : 18
O : 15
S : 19
E : 5
Total 57

**Ref:- Chamber's XX Centuary Dictionary.**

### WHAT TO DO.

You have to fill in the Blank Squares and find the words as per the clue given against each. The numerical value of the letters of the alphabet are given below and you can check the correctness of the solution by adding the numerical value of each letter of the word & comparing the sum with the number given against each. No. 9 has only three letters and No. 12 five.

Eg. Take No. 1. A sweet & lower (57) The answer is R O S E and the accuracy is checked as below.

| A | B | C | D | E | F | G | H | I | J | K | L | M | N | O | P | Q | R | S | T | U | V | W | X | Y | Z |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 |

**Rules & Conditions** An entrance fee of **Rupee One** is payable for each entry per M. O. only. Plain paper entries accepted. M. O. receipt must accompany the solution. Competitors shall write their name and address and the number of entries submitted on the back of the envelopes and on the M. O. coupons in Block capital letters.

In case of tie or ties the money will be equally divided. No correspondence can be entered into or interviews granted. Decision of the secretary in all matters relating to this competition is final and legally binding. Anybody not complyin with the rules will be disqualified.

Paid or honorary employees of the club or members of their families are not permitted to compete.

Enclose an addressed envelope and an anna postage stamp for posting the detailed winners' list.

Copies of key solution kept in sealed cover with Manager, "Times of Ceylon" and some other principal Newspapers in S. India.

Address all entries to the **"Competition Secretary"** and M· O's. to the **"Treasurer"**.

## INDO – EUROPEAN CLUB.

**Club House (W.) —— KOTTAYAM —— S. India.**

**PUBLISHING RESULT IN "MALAYALA RAJYAM" of 25th May 1935.**

# 'ഹരിണീസ്വയംവരം.'

(കരുമാടി കെ. രാമകൃഷ്ണപ്പണിക്കർ ബി. ഏ.)

കുഞ്ചൻനമ്പ്യാരുടെ അന്യാദൃശമായ കവിതാവാസന പരിപൂർണ്ണമായി പ്രകാശിക്കുന്ന ഒരു കൃതിയാണ് 'ഹരിണീസ്വയംവരം.' പ്രസ്തുതകൃതിയിലെ കഥാവിഷയം എത്രയും തന്മയത്വത്തോടും ഭാഷാകുശലതയോടും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. നന്ദനപ്പൂങ്കാവിലെ സുഗന്ധവാഹിയായ കുളിർകാറ്റേററു ആനന്ദോന്മത്തനായിത്തീരുന്ന ഇന്ദ്രൻ ഇന്ദ്രാണീസവിധത്തിലിരുന്നുകൊണ്ടു 'കേളീവിധങ്ങളിൽ ചാതുര്യമേറുന്ന' സുരാംഗനാവൃന്ദത്തെ ക്ഷണിക്കുന്നു. അവരുടെ ആഗമനത്തിനുശേഷം നാടകാചാര്യനായ ചിത്രസേനൻ ആഗതനാവുകയും, 'ലക്ഷ്മീസ്വയംവരം' എന്ന നാടകത്തെ കേളീവിനോദത്തിനായി തിരഞ്ഞെടുക്കുകയും ചെയ്യുന്നു. 'വിഷ്ണോക്ക്ധീശ്വരനോരായിരംകണ്ണിലൊന്നുരണ്ടെങ്കിലും പാരാതെമററുള്ളദേവിമാരിൽചെന്നുചേരുവാൻ' സമ്മതിക്കാത്ത നാരീശിരോമണിയായ ഉർവശിതന്നെ പാലാഴിമങ്കയുടെ വേഷംപൂണ്ടഭിനയംചെയ്യണമെന്നു ചിത്രസേനൻ അഭിപ്രായപ്പെടുന്നു. ആ ചാര്യൻെറ കല്പനപ്രകാരം സുരാംഗനകൾ സർവാംഗവിഭൂഷിതഗാത്രികളായി നൃത്തംതുടങ്ങുന്നു. അവരുടെ നടനചാതുരിയെപ്പററി കവി പ്രസ്താവിക്കുന്നതിപ്രകാരമാണു്.

... ... ... ... ...

"സുരകുലരമണീജനതാണ്ഡവമേവം
സുരുചിരമദനോദയമഞ്ജുളഭാവം"

അങ്ങിനെ ഇന്ദ്രസദസ്സിൽ നർത്തനംപൊടിപൂരമായി നടക്കുന്നു.

ഒരിക്കൽ സുന്ദരീരത്നമായ ഉർവശിയെക്കണ്ടു മദനവികാരപരവശനായിത്തീർന്ന ദുർമ്മദൻ എന്നൊരു ഗന്ധർവൻ അല്പവും മടികൂടാതെ അവളുടെ സമീപത്തുചെന്നു തൻെറ അഭിലാഷസിദ്ധി അർത്ഥിച്ചു. എന്നാൽ

"ക്രുദ്ധിച്ചുധിക്കരിച്ചാശ്ശുപോയാളവൾ,
ബുദ്ധിക്ഷയംപൂണ്ടുമാറിമഹാശഠൻ"

ദുർമ്മദൻ സങ്കല്പാനന്ദലാളിതനായി പിന്നീടൊരിക്കൽക്കൂടി

"മൂർദ്ധാവുകൊണ്ടുവണങ്ങിയാചിച്ചിട്ടു-
മൂർദ്ധ്വമാക്കിട്ടയച്ചിടിനാളുർവശി."

അന്നുമുതൽ അവളെ കൈക്കലാക്കുന്നതിനു ദുർമ്മദൻ ഓരോ ഉപായങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഇന്ദ്രസദസ്സിലെ നൃത്തകോലാഹലങ്ങളെല്ലാം കഴിഞ്ഞപ്പോൾ പുരൂരവസ്സും ഉർവശിയും തമ്മിൽ അന്യോന്യദൃഷ്ടികൊണ്ടു് ചന്ദനപ്പൂങ്കാവിൽ തദനന്തരം സമ്മേളിക്കണമെന്നു തീർച്ചചെയ്യുന്നു. ഉർവശീചിന്തയാൽ തപ്തനായിത്തീർന്ന ദുർമ്മദൻ ഈ ഗൂഢലക്ഷ്യങ്ങളും തീരുമാനവും കണ്ടറിയുന്നു. ഇതുതന്നെയാണു തൻെറ അഭിലാഷം സാധിക്കാനുള്ള അവസരമെന്നു ബുദ്ധിമാനായ ഗന്ധർവൻ മനസ്സിലാക്കുകയും ചന്ദനപ്പൂങ്കാവിലേക്കു പോകുന്ന പുരൂരവസ്സിനെ വഴിമദ്ധ്യേ താമസിപ്പിക്കുന്നതിനു ഉന്മദയെന്നു പേരുള്ള ഒരു വിദ്യാധരിയെ ഉർവശീവേഷം ചമയിപ്പിച്ചു നിയോഗിക്കുകയും ചെയ്യുന്നു.

"മല്ലികാവാടിയിൽചെന്നു തത്ര
നല്ലശിലമേലിരുന്നു............
... ... ... ...
അന്നേരംവന്നുനരേന്ദ്രൻ,അങ്ങു
മന്ദിരംതന്നിൽമഹേന്ദ്രൻ,സുര
സുന്ദരിമാരുടെമാനസമാകുന്ന
കൈരവങ്ങൾക്കൊരുചന്ദ്രൻ,
... ... ... ...
ഉന്മദചെന്നുവണങ്ങി,നല്ല
സമ്മോദത്തോടങ്ങിണങ്ങി......
... ... ... ... നാഥാ!
സങ്കേതഭൂമിയിലോളംനടപ്പാനെ-
നിക്കുക്ഷമയില്ലതെല്ലും'
... ... ... ... ... ...
കൈതവപ്പെൺമണിതൻെറ,ബഹു
കൈതവസല്ലാപംകേട്ടുനിജ
ചേതസിനേരെന്നുറച്ചുമഹീപതി
... ... ... ... ... ...
കള്ളപ്പെണ്ണാളെപ്പുണർന്നു......"

ഇങ്ങിനെ ഉർവശീവേഷംപൂണ്ട ഉന്മദ പുരൂരവസ്സിനെ വഞ്ചിച്ചു മോഹപൂർത്തിവരുത്തുന്നു. ഇതിൻെറ സാദ്ധ്യതയ്ക്കുള്ള കാരണമായി കവി പ്രതിപാദിക്കുന്ന തത്വം

"കന്ദർപ്പാധിപിടിപെട്ടുഴലുംപുരുഷനു
ബോധവിവേകമുണ്ടാമോ?" എന്നതാണു്.

ഈ സമയത്തു ദുർമ്മദൻ പുരൂരവസ്സിൻെറ വേഷംധരിച്ചു സങ്കേതമണ്ഡപത്തിൽചെന്നു മദനതാപംസഹിയാഞ്ഞു ചപലചേഷ്ടകൾ കാട്ടിക്കൊണ്ടിരിക്കുന്നു. അപ്പോൾ

"കാണായിമെല്ലവേപൌർണ്ണമാസിതന്നി-
ലേണാങ്കബിംബമുദിക്കുംകണക്കിനെ
ശോണാധരിതൻമുഖാംബുജമൻപോടു
ചെണാൻമന്ദസ്മിതാമൃതോല്ലാസിതം"

അങ്ങിനെ പരമസുന്ദരിയായ ഉർവശിയും വന്നുചേരുന്നു

"കണ്ടകനാകുന്നദുർമ്മദൻകൈതവം-
കൊണ്ടുപുരൂരവസ്സായിവസിക്കുന്നു
കണ്ടുനിജപ്രിയനെന്നുകല്പിച്ചവൾ
കണ്ഠേകരങ്ങളെക്കെട്ടിപ്പിടിച്ചുടൻ"

ദുർമ്മദൻ വളരെക്കാലം കൊതിച്ചിരുന്നതെല്ലാം ഇപ്പോൾ മനംകുളുക്കെ സാധിക്കുന്നു. അഭിലാഷസിദ്ധിയിലിളകിയ ഗന്ധർവൻ അറിയാതൊന്നു പുഞ്ചിരിക്കൊൾകയും ഉർവശി ഒരു 'സന്ദേഹപ്പിണക്കം' ഭാവിച്ചു് മാറിനടക്കുകയുംചെയ്യുന്നു. എന്നാൽ ദുർമ്മദൻ ആ ഘട്ടത്തിൽ പുരൂരവസ്സു സാധാരണചെയ്യുന്നതുപോലെ ആശ്വാസനോക്തികളാൽ ഉർവശിയെ സന്തോഷിപ്പിക്കുവാൻതുനിയുന്നില്ല. അതിൽ കുണ്ഠിതയായിത്തീരുന്ന ഉർവശി അധികംതാമസിയാതെ വിദ്യാധരിയേയും പുരൂരവസ്സിനേയും കാണുന്നു. കാര്യങ്ങളുടെ സൂക്ഷ്മഗതി



പീരുമേട്ട് എസ്സ്. എം. എസ്സ്. ക്ലബ്ബിൻെറ വാർഷികദിനത്തിൽ 27-6-110-ൽ അതിലെ മെമ്പറന്മാർ അഭിനയിച്ച "ദുർഗ്ഗേശനന്ദിനി" എന്ന നാടകത്തിലെ അഭിനയക്കാർ.

ഇരിക്കുന്നവർ. ഇടത്തുനിന്നും വലത്തോട്ടു്:—1. പി. എസ്സ്. എസ്സ്. പിള്ള. 2. കെ. എസ്സ്. ശർമ്മാ. 3. സി. ജെ. സബാസ്റ്റ്യൻ ബി. ഏ. 4. കെ. സി. കോശി ബി. ഏ. (പ്രസിഡൻറ്) 5. കെ. കൃഷ്ണൻനായർ. 6. കെ. കിട്ടുപിള്ള. 7. എസ്സ്. നാരായണയ്യർ. നില്ക്കുന്നവരിൽ ആദ്യത്തെവരിയിൽ മൂന്നാമതായി നില്ക്കുന്നതു ഈ നാടകത്തിൻെറ കൺവീനർ മി. എസ്സ് ശങ്കരപ്പിള്ള ബി. ഏ.

അപ്പോഴാണു അവർ ഗ്രഹിക്കുന്നതു്. ദുസ്സഹമായ കോപത്തോടെ ഉടൻതന്നെ ഉർവ്വശി ദുർമ്മദനേയും ഉന്മദയേയും ശപിക്കുന്നു. ദുർമ്മദൻ ഒരു രാക്ഷസനായും ഉന്മദ ഒരു ക്ഷത്രിയപുത്രിയായും ജനിക്കണമെന്നും അവർ ഒരുത്തനെകാംക്ഷിച്ചിരിക്കുമ്പോൾ അന്യനൊരുവൻ അവളെ അപഹരിക്കണമെന്നുമായിരുന്നു ഉർവ്വശിചെയ്ത ശാപം. എന്നാൽ ഉന്മദയും ദുർമ്മദനും ശാപമോക്ഷത്തിനായി ഉർവ്വശീപാദത്തിൽ വീണപേക്ഷിക്കുന്നു. ഉന്മദയുടെ മകനായി ദുർമ്മദൻ ജനിക്കുമെന്നും നർമ്മദാതീരത്തിലെ ഒരു യുദ്ധക്കളത്തിൽവച്ചു അവൻ വെട്ടിമരിക്കുമെന്നും അതുപോലെതന്നെ അവളുടെ ഭർത്താവും മൃതിപ്പെട്ടുമെന്നും അതിനുശേഷം വീരസ്വർഗ്ഗംപൂകുന്ന ദുർമ്മദനെപ്പോലെ അവൾക്കും മോക്ഷംപ്രാപിക്കുന്നതിനു് അഗ്നിപ്രവേശംചെയ്തു അവൾ മരിച്ചുകൊള്ളണമെന്നും ഉർവ്വശിശാപമോക്ഷം കൊടുത്തു മടങ്ങുന്നു. ഉർവ്വശി കാന്തനൊന്നിച്ചു് ഇന്ദ്രലോകത്തിൽ തദനന്തരം സുഖലാളിതയായികഴിയുന്നു.

ഹരിണീസ്വയംവരം രണ്ടാംകളത്തിൽ ഉർവ്വശിയുടെ ശാപഫലം പൂർത്തിയാകുന്നതാണു കഥാവിഷയം. ഉന്മദാദേവി വിദേഹരാജാവായ വേഗവാന്റെ പുത്രിയായി ജനിക്കുന്നു. പിറന്ന പെൺകുട്ടി ഹരിണത്തിന്റെ തോട്ടുകൂടിയവളാകയാൽ വേഗവാൻ അവൾക്കു ഹരിണി എന്നു പേരിടുന്നു.

"സമത്തിലുള്ളൊരു ബാലപ്പെൺകിടാങ്ങളോടുകൂടി സമസ്തക്രീഡയുമാടിക്രമത്തിൽ" വളൻ അവൾ

"തരുണന്മാരുടെചിത്തം കവൎന്നുകൈക്കലാക്കുവാൻഗുരുവൈദഗ്ദ്ധ്യമുള്ളോരു"യൌവനദശയെ പ്രാപിക്കയും അവൾക്കു സർവ്വഗുണങ്ങളും വഴിപോലെ വന്നുചേരുകയും ചെയ്യുന്നു.

അക്കാലത്തുതന്നെ ഹിരണ്യപുരത്തിൽ നക്തഞ്ചരാധിപനായ ദീർഘജംഘന്റെ പുത്രനായി ദുർമ്മദനും ജനിക്കുന്നു. അവൻ പിംഗാക്ഷനെന്ന പേരോടുകൂടി വളരുന്നു. പിംഗാക്ഷൻ ദുഷ്കർമ്മലോലുപനായിമൂന്നുലോകത്തിലും പാഞ്ഞുനടന്നു് നിരവധി ദുഷ്കൃത്യങ്ങൾചെയ്യുന്നു. ഒരുദിവസം യൌവനയുക്തയായ ഹരിണി സഖിമാരുമൊന്നിച്ചു മന്ദിരാരാമത്തിൽ സുഗന്ധാനിലനേററു സുഖിച്ചുകൊണ്ടിരിക്കുമ്പോൾ ദുഷ്കർമ്മസാദ്ധ്യതക്കായി സഞ്ചാരംചെയ്യുന്ന പിംഗാക്ഷൻ അവിടെ വന്നുചേരുകയും

"ചന്തമോടങ്ങിനെമേവും ഹരിണിതൻ കാന്തിവിശേഷങ്ങൾ"കണ്ടു അവളെസമീപിച്ചു്

"ഇത്രിലോകങ്ങളെല്ലാം ജയിച്ചീടുന്ന ശക്തിമാനാമെന്റെഭാൎയ്യയായ്‌വാഴ്കനീ" എന്നിങ്ങനെ ഒരു പ്രണയപ്രാൎത്ഥന സമൎപ്പിക്കയുംചെയ്യുന്നു. ഹരിണിയാകട്ടെ ഭയാക്രാന്തയായി വാവിട്ടുനിലവിളിച്ചു് അവിടെനിന്നും ഓടാൻഭാവിക്കുന്നു. പിംഗാക്ഷൻ അതേനിമിഷത്തിൽതന്നെ അവളെ കൈയിൽകോരിയെടുത്തു ആകാശമാൎഗ്ഗത്തിൽക്കൂടെ ത്വരിതയാനംചെയ്തു ഒടുവിൽ ഒരുഘോരകാന്താരത്തിൽവന്നിറങ്ങി ഭയവിഹ്വലയായ ആ തരുണിയെ ആശ്വസിപ്പിച്ചു വശീകരിക്കുവാൻ ശ്രമിക്കുന്നു.

അക്കാലത്തു് അയോദ്ധ്യയെ ഭരിച്ചിരുന്നവനും സൽഗുണസമ്പന്നനുമായ വസുമനസ്സുപള്ളിവേട്ടയ്ക്കുവേണ്ടഭടന്മാരോടുകൂടി, പിംഗാക്ഷൻ ഹരിണീസമേതം വിശ്രമിച്ചുകൊണ്ടിരുന്ന കാന്താരത്തിൽ ചെന്നെത്തുന്നു: അദ്ദേഹം ഹരിണിയുടെ കരുണരോദനംകേട്ടു് അടുത്തുചെല്ലുകയും പിംഗാക്ഷനെ വധിച്ചു് അവളെ രക്ഷിക്കുകയും ചെയ്യുന്നു പഞ്ജരമുക്തയായ ശാരികയെപ്പോലെ പ്രസന്നഭാവം പൂണ്ടുനില്ക്കുന്ന കനകയോടു് അദ്ദേഹം ജിജ്ഞാസയോടുകൂടി ഇങ്ങിനെ ചോദിക്കുന്നു

'കുശലതനോ!നന്നഭീതികളഞ്ഞുതെളിഞ്ഞുവസിക്കസുശീലെ!
വശഗതനഹമഹിമകരാന്വയജാതമഹീപതിപുത്രൻ.
... ... ... ...
അവികലഗുണശാലിനി!നിന്നുടെതാതനുമമ്മയുമെങ്ങു,
സുവിശദമതുചൊല്ലുകമമ ഹൃദി കൌതുകമുണ്ടതുകേൾപ്പാൻ'

ഹരിണി മറുപടി പറയുന്നു

"നിരുപമനൃപതേ!മമനിശമയവചനം
നരവരനയനാമൃതസരസശരീര!
വിമലയശോരാശിവിദേഹനരേന്ദ്രൻ
മമജനകൻകേവലമവനിമഹേന്ദ്രൻ!
... ... ...
മനുകുലമണിഭൂഷണ!സുന്ദര!നൃപതേ!
താവകകൃപകൊണ്ടിഹജീവിതലാഭം,
കേവലമധുനാമമവന്നു സുശോഭം
പാവനചരിതെയഘഭവാന്മമശരണം;
ജീവ തസമ!വിരവൊടുവരനാസ്ഥരണം"

ഹരിണിയും വസുമനസ്സും ഈ കാനനമദ്ധ്യത്തിൽവച്ചു തന്നെ പരസ്പരാനുരാഗബദ്ധരാകുന്നു. വസുമനസ്സു് വരുണഭഗവാനിൽനിന്നും ലഭിച്ച തുരഗത്തിന്റെ സഹായത്തോടുകൂടി ഉടൻതന്നെ ഹരിണിയെ വിദേഹരാജാവിന്റെ കൊട്ടാരത്തിൽകൊണ്ടുചെന്നിറക്കിയിട്ടു തിരിച്ചുപോരുന്നു പുത്രിയെ തിരിയെക്കിട്ടിയതിലുള്ള ആനന്ദാതിരേകത്താൽ വേഗവാൻ താമസംകൂടാതെ തന്നെ ഹരിണിയുടെ സ്വയംവരം നിശ്ചയിച്ചു് ഒരു പരസ്യ ചെയ്യുന്നു.

സർവ്വാംഗസുന്ദരിയായ ഹരിണിയെ പാണിഗ്രഹണം ചെയ്യുന്നതിനു എല്ലാ രാജാക്കന്മാൎക്കും ഒരുപോലെ ആഗ്രഹം ജനിക്കുന്നു. അവരെല്ലാവരും നിശ്ചിതസമയത്തു് സ്വയംവരസ്ഥാനത്തെത്തുന്നു അക്കൂട്ടത്തിൽ വസുമനസ്സും വന്നുചേരുന്നു സ്വയംവരവൎണ്ണനയിൽ നമ്പ്യാർ കാണിക്കുന്ന പാടവം നിസ്തുലമാണു്:-

"ഇക്കണ്ടരാജാക്കളാകവേകൂടെ
തിക്കിത്തിരക്കിത്തങ്കെട്ടരമന-
പുക്കുവസിക്കുന്നതെന്തിനുപാഴിൽ?
കന്യകതാനവളൊന്നേയങ്ങുള്ളു;
മന്നവന്മാൎക്കൊരുസംഖ്യയുമില്ല.
പെണ്ണിന്റെദേഹത്തിലുള്ളൊരുരോമങ്ങളോരോന്നിവൎക്കു പകുപ്പാനുമില്ല."

ഇതാണു് സ്വയംവരവേളയിലെ കോലാഹലത്തിനുള്ള കാരണം. ആഗതരായ രാജാക്കന്മാരെല്ലാം മോഹനാംഗിയായ ഹരിണിയെക്കണ്ടു മതിമറന്നുപോകുന്നു

"മഞ്ചത്തിൽനിന്നെഴുനേററൊരുമന്നവൻ
തഞ്ചത്തിൽനിന്നുതരുണീമണിയുടെ
പുഞ്ചിരിതഞ്ചുംമുഖാംബുജംകണ്ടുകൊ-
ണ്ടഞ്ചാറുകൂപ്പിത്തൊഴുതുതുടങ്ങിനാൻ.
... ... ...
കണ്ടിവാർകേശിയെക്കാണ്മാനെഴുനേററു
രണ്ടുനാൽച്ചോടങ്ങുമുല്ലാട്ടുവച്ചുടൻ
മണ്ടിവന്നാലുമിങ്ങോട്ടെന്നുകൈകൊണ്ടു
മാടിവിളക്കുന്നുമററൊരുമന്നവൻ."

ഇങ്ങിനെ ഉദ്ധരിക്കുവാൻ തുടങ്ങിയാൽ ഒരവസാനമുണ്ടാകുന്നതല്ല. സകല ഭൂപന്മാരും മന്മഥപരവശരായെന്നു പറഞ്ഞാൽ കഴിഞ്ഞു.

സ്വയംവരമുഹൂൎത്തമായി. ധാത്രീജനങ്ങളുമായി ഹരിണി സ്വയംവരമണ്ഡപത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അപ്പോഴേയ്ക്കും അക്ഷമനായിത്തീൎന്ന ഹേഹയരാജാവായ ഭദ്രശ്രേണ്യൻ ചാപവുമേന്തിക്കൊണ്ടു മഞ്ചത്തിൽനിന്നും ചാടി 'ചഞ്ചലാക്ഷീമണി'യായ ആ രാജകന്യകയെ പിടിച്ചു തേരിൽകയററി വേഗത്തിൽ പ്രയാണം തുടങ്ങുന്നു. വസുമനസ്സിനെച്ചിന്തിച്ചു തളൎന്നിരുന്ന കന്യകയെ അപഹരിച്ചതുകണ്ടു ഹരിണിയുടെ ബന്ധുജനങ്ങൾ കുണ്ഠിതരായിത്തീരുന്നു. സമീപസ്ഥരായ മററു മന്നവന്മാർ ഭദ്രശ്രേണ്യനോടു യുദ്ധംചെയ്യുന്നു. പക്ഷെ എല്ലാവരും ഒരുപോലെ ഭദ്രശ്രേണ്യന്റെ മുമ്പിൽ പരാജിതരാവുകയാൽ, കൈയിൽക്കിട്ടിയ സൌന്ദൎയ്യനിധിയുമായി അയാൾ ഹേഹയരാജ്യത്തേക്കു മടങ്ങുകയും ഹരിണിയെ പാണിഗ്രഹണം കഴിക്കയുംചെയ്യുന്നു. ഇങ്ങിനെ ഹരിണീസ്വയംവരം അപജയത്തിൽ കലാശിക്കുകയാണു ചെയ്യുന്നതു്. ഈ കൃതിയിൽ ഉദ്ധരിക്കത്തക്കവരികൾ മാത്രമെ കാണുന്നുള്ളു. നമ്പ്യാരുടെ ഉത്തമകൃതികളിലൊന്നാണു് ഹരിണീസ്വയംവരം.

# ഭൃംഗസംഗീതം.

വി. വി. കെ. നമ്പ്യാർ.

മിൻതരിക്കുള്ളിലുംമന്ദഹാസാങ്കുര-
മമ്പിൽപ്പുലൎത്തുംപുലരിയോടാദരാൽ
സൌന്ദൎയ്യമല്ലഞാൻയാചിപ്പതെപ്പൊഴും
സൌഹൃദമാണതാണല്ലോസുദുൎല്ലഭം.
കണ്ടകാകീൎണ്ണമാംപൊൽപ്പനീർത്തോപ്പിനി
വേണ്ട;മറക്കാത്തപാഠംപഠിച്ചുഞാൻ!

സ്നേഹംവിരയിച്ചപുഞ്ചിരിപ്പൂക്കളാൽ,
മോഹംതിരളുന്നപല്ലവച്ഛാൎത്തിനാൽ,
പ്രേമംതുളുമ്പുന്നൊരാനന്ദവീചികാ-
സ്തോമംകണക്കെക്കുഴഞ്ഞിഴഞ്ഞങ്ങിനെ
സൌഭാഗ്യത്തിന്റെപുഞ്ജമല്ലാ,മുല്ല;-
സൌഹൃദത്തിന്റെനികുഞ്ജം; സകൌതുകം,
മാമകോൽക്കണ്ഠയ്ക്കുനിൎമ്മലസ്വാഗതം
തൂമയിലോതുന്ന നിശ്ശബ്ദഭാഷയിൽ!
ഞാനെന്റെനൈരാശ്യത്ധങ്കാരധാരയാ-
ലാനന്ദസന്ദേശമെങ്ങിനെ കേട്ടിടും?
ദൂനഭാവത്തിൻമറുകരക്കെത്തണ-
മാനന്ദഭിക്ഷുവിൻപ്രേമതീൎത്ഥാടനം!
ഭൂതകാലത്തിൻമുറിപ്പാട്ടുകെട്ടുവാൻ
ഭൂതലത്തിന്നൊന്നു, വിസ്മൃതിപ്പെട്ടുതാൻ!

# ബുദ്ധമതതത്വങ്ങൾ.

(കെ. പി. ഗോപാലമേനോൻ.)

## അദ്ധ്യായം ൧൪.

### രാജഗൃഹത്തിലെ ഉപദേശം.

"ധർമ്മബോധവും ദൈവഭക്തിയുമേറ്റുവോരെ
ധർമ്മമൂർത്തിയാം ദേവൻ തൻ നികടത്തിലേക്കായ്
വാത്സല്യമേറും താതൻ പുത്രരെയെന്നപോലെ
സോത്സാഹം വിളിക്കുന്നു വേണ്ടപോൽ ലാളിക്കുവാൻ
ജന്മനാ സൽബുദ്ധിയായ് വാഴുകമൂലമായ
കല്മഷലേശമേശാതെന്നെയും മഹേശ്വരൻ
കല്പിച്ചെന്നന്തികത്തിങ്കലേക്കാനയിച്ച
മൽപ്രിയസഹോദരി! വാസ്തവമേവമല്ലോ."

"ഉദയപ്രഭാ" സ്വപ്നദർശനം.

ഉരുവില്വത്തിൽ കുറേക്കാലം താമസിച്ചശേഷം ബുദ്ധൻ, മുമ്പ് ജടിലന്മാരായിരുന്ന അനേകം ഭിക്ഷുക്കളോടുംകൂടി രാജഗൃഹം എന്ന സ്ഥലത്തേക്കുപോയി. ജടിലകുലത്തിന്റെ തലവനായിരുന്ന കാശ്യപനും അദ്ദേഹത്തെ അനുഗമിച്ചു.

രാജഗൃഹത്തിൽ ഒരു ആശ്രമത്തിൽ ശിഷ്യസമേതം ബുദ്ധൻ ഇരുന്നുവരുന്നുവെന്നും, അനുഗ്രഹിതനായ അദ്ദേഹത്തിനു ജാതിവ്യത്യാസമോ കുലവ്യത്യാസമോ ഇല്ലാതെ എല്ലാവരേയും ഒന്നുപോലെ ഉപചരിച്ച് ഉപദേശിക്കുന്നതിൽ അതീവ താല്പര്യം ഉണ്ടെന്നും, തന്റേ രാജ്യത്തിലും അനേകംപേർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു എന്നും ആ രാജ്യത്തെ ഭരിച്ചുവരുന്ന ബിംബിസാരൻ എന്ന മഗധമഹാരാജാവു അറിഞ്ഞു. ഉടൻ തന്റെ മന്ത്രിവര്യരോടും, ഗുരുക്കന്മാരോടും, നാനാനായകന്മാരോടുംകൂടി ബുദ്ധസന്ദർശനത്തിനായി ഈ രാജാവ് പുറപ്പെട്ടു.

കാശ്യപനോടും അനേകജടിലന്മാരോടുംകൂടി ബുദ്ധൻ ഇരിക്കുന്നതു കണ്ട് ബിംബിസാരൻ ആശ്ചര്യപ്പെട്ട്, ഈ ജടിലനായകനും ശിഷ്യനായി തീർന്നോ എന്നു ആത്മഗതം ചെയ്തു.

അവിടെ കൂടിയിരുന്നവരുടെ മനസ്സുകളിലുള്ള വിചാരങ്ങളെ ദിവ്യദൃഷ്ട്യാ തഥാഗതൻ ഗ്രഹിച്ചു, കാശ്യപനെ നോക്കി "അഗ്നിയെ വന്ദിച്ചുവന്നിരുന്ന നിങ്ങൾ അതിനെവിട്ട് എന്നെ പിന്തുടർന്നുവരുവാൻ കാരണമെന്തു? ഇങ്ങനെ ചെയ്തതിനാലുള്ള ഫലമെന്ത്? ആചാരം, അനുഷ്ഠാനങ്ങൾ ഇവ മാററുവാൻ ധൈര്യംവന്നതു് എന്തിനാൽ? എന്നു ചോദിച്ചു.

"അഗ്നിയേ വന്ദിച്ചുവന്നതിനാൽ ഞങ്ങൾക്കു് ഇഹലോകത്തിലുള്ള സന്തോഷം സന്താപം എന്ന അവസ്ഥകൾ മാറിമാറിവന്നുകൊണ്ടിരുന്നു പക്ഷേ അതിനാൽ ജീവന്മുക്തിക്കു് മാർഗ്ഗം കണ്ടില്ലാ. ആ ആചാരം ജീവിതത്തെ മായാസംഘടിതമായ ലൌകികജീവിതം ശരിയായിനയിക്കുവാൻ ഇടയാക്കിയെന്നുള്ളതു വാസ്തവംതന്നേ. പക്ഷേ അതുപോരെന്നുതോന്നി സ്ഥിരവും, നിത്യവുമായ നിർവ്വാണത്തെ തേടി ഞാൻ അങ്ങേ പിന്തുടർന്നു" എന്നു കാശ്യപൻ പറഞ്ഞു.

അവിടെ കൂടിയിരുന്നവരെല്ലാം ഭൂമിയേപോലെ എല്ലാം സ്വീകരിക്കുവാൻ സന്തുഷ്ടരായിരിക്കുന്നു എന്നു് മനസ്സിലാക്കി, ബുദ്ധൻ ബിംബിസാരനോടായിട്ട് താഴെ പറയുന്ന വിധം പറഞ്ഞുതുടങ്ങി.

"തന്റേ ആത്മാവിന്റേ സ്വഭാവവും, തന്നിൽ പഞ്ചേന്ദ്രിയങ്ങളാൽ വന്നുകൂടുന്ന വികാരഭേദവും യാവനൊരുത്തൻ ശരിയായി മനസ്സിലാക്കുന്നുവോ അവൻ "ഞാൻ" എന്നും "എന്റേതു്" എന്നും ഉള്ളതിനെ മറക്കും. ഭൂലോകം അഹംഭാവത്താൽ നിറഞ്ഞു് മനുഷ്യരിൽ വൈരാഗ്യം ഉണ്ടാക്കുന്നു. മരണത്തിനുശേഷവും "ഞാൻ" എന്നതു് ഉണ്ടായിരിക്കുമെന്നും, അല്ലാ അതു് മരണത്തോടുകൂടി നശിക്കുമെന്നും രണ്ടു് കക്ഷികൾ ഉണ്ടു്. ഇതു രണ്ടും തെററാണു്. ഈ തെററായ ധാരണ ദുഃഖാസ്പദമായി തീരുന്നു. എന്തുകൊണ്ടെന്നാൽ "ഞാൻ" എന്നതു നശിച്ചുപോകുമെങ്കിൽ ആ "ഞാൻ" ബുദ്ധിമുട്ടി പ്രവർത്തിച്ചു് അനുഭവിയ്ക്കാനായി തുടങ്ങുന്ന കർമ്മങ്ങളുടെ ഫലവും നശിച്ചുപോകയില്ലയോ. അങ്ങിനെയാണെങ്കിൽ സ്വാത്മമായി ഉണ്ടാകുന്ന സദ്പ്രവൃത്തികളുടെ ഫലത്താൽ കിട്ടുന്ന മോക്ഷത്തിനു് എന്തു് മാഹാത്മ്യമാണുള്ളതു്? ഇനി മറേറവാദം ചിന്തിച്ചുനോക്കാം. അതായതു് "ഞാൻ" എന്നുള്ളതു് നിത്യമാണു്, നശിയ്ക്കയില്ലാ. എന്ന കക്ഷി ഇങ്ങിനെയാണെങ്കിൽ ജനനത്തിന്റേയും മരണത്തിന്റേയും ഇടയ്ക്കു് നിത്യമായും ജനനമരണമില്ലാതെയും ഒരേ ഒരു ശക്തിമാത്രം ഉണ്ടാകുന്നു. ഈ ശക്തിയെയാണു് ഈ കക്ഷിക്കാർ "ഞാൻ" എന്നുവിചാരിക്കുന്നു എങ്കിൽ, അതു് കർമ്മഫലത്താൽ വ്യത്യാസംവരാത്ത പൂർണ്ണമായ ഒരു ശക്തിയാണു്. അതുതന്നെ എല്ലാ അനുഭവങ്ങൾക്കും കാരണമായി തീരുന്നു. അതിനെ നന്നാക്കുവാൻ സാധിയ്ക്കയില്ല. തന്മൂലം സന്മാർഗ്ഗാചാരങ്ങളും മോക്ഷാർത്ഥമായ പ്രവൃത്തികളും അനാവശ്യമെന്നു വന്നുകൂടുന്നു.

എന്നാൽ ഇന്നു സന്തോഷം നാളെ സന്താപം എന്ന സ്ഥിതികൾ നാം കണ്ടുവരുന്നില്ലേ. ഇഹലോകത്തിൽ സ്ഥിരത എന്നതു് ഉണ്ടോ. നമ്മുടെ പ്രവൃത്തികൾക്കെല്ലാം കാരണം "ഞാൻ" അല്ലെങ്കിൽ "ഞാൻ" എന്നു് ഒന്നില്ലെന്നുതന്നേ. നാട്യത്തിന്റേ പുറകേ നടനോ, ജ്ഞാനത്തിന്റെ പുറകേ ജ്ഞാനിയോ, ജീവിതത്തിന്റേ പുറകേ ജീവശക്തിയോ ഇല്ലെന്നുവരും.

പഞ്ചേന്ദ്രിയങ്ങൾ ഒരു വസ്തുവിൽ പതിയുമ്പോൾ വൈകല്യങ്ങൾ ഉണ്ടാകുന്നു. വൈകല്യത്തിൽനിന്നും സ്മരണവരുന്നു. ഇപ്രകാരം, ഒരു കണ്ണാടിയിൽ തട്ടുന്ന സൂര്യരശ്മികളാൽ അഗ്നി ഉണ്ടാകുന്നതുപോലെ വസ്തുക്കളിൽ പഞ്ചേന്ദ്രിയങ്ങൾ തട്ടി ഉണ്ടാകുന്ന ജ്ഞാനത്തിൽനിന്നും ആത്മാവു് എന്ന ശക്തി ഉണ്ടാകുന്നു. വിത്തിൽനിന്നു മുളവരുന്നതല്ലാതെ. മുളയിൽനിന്നും വിത്തുണ്ടാകുമോ ഇവ രണ്ടും ഒന്നല്ലാ എങ്കിലും വാസ്തവത്തിൽ ഒന്നുതന്നേയാണു്. ഇതുപോലെയാണു് ജീവികൾ ഉണ്ടാകുന്നതും.

"ഞാൻ" എന്ന വിചാരത്തിൽ മുഴുകി, അതിനു് അടിമകളായി, അഹോരാത്രം അതിന്റേ പോഷണത്തിനായി മാത്രം ബുദ്ധിമുട്ടി, ജനനം, വാർദ്ധക്യം, രോഗം, മരണം, എന്നവയേ അനുഭവിച്ചു് കാലംകഴിച്ചുവരുന്ന മനുഷ്യർ ഈ അഹംഭാവത്തിൽനിന്നും വിമോചനം ലഭിക്കണം. അതു കേവലം മായാചഞ്ചലവും തെററായ ധാരണയും മാത്രമാണു് ഉണർന്നു നിത്യാവസ്ഥയേ മനസ്സിലാക്കി പരബ്രഹ്മത്തിൽ മനുഷ്യർ ലയിക്കട്ടേ. ഉണർന്നിരിക്കുന്നവനു സ്വപ്നത്തിൽ കാണാവുന്ന ദുർന്നിമിത്തങ്ങളാൽ ഭയം ഉണ്ടാകുമോ—കയർ എന്നതു് എന്താണെന്നു ശരിയായും പൂർണ്ണമായും മനസ്സിലാക്കിയിരിക്കുന്നവൻ വഴിയിൽ വളഞ്ഞു പുളഞ്ഞുകിടക്കുന്ന കയറിനെ കണ്ടു് സർപ്പം എന്നുവിചാരിച്ചു് ഭയപ്പെടുമോ ഒരിക്കലും ഇല്ല.

വാസ്തവത്തിൽ "ഞാൻ" എന്നു് ഒന്നില്ലെന്നു മനസ്സിലാക്കിയിരിക്കുന്നവൻ, അഹംഭാവത്താലുള്ള ദുർവ്വിചാരങ്ങളും, കാമക്രോധാദികളായ ദോഷങ്ങളും ഇല്ലാതെ കഴിച്ചുകൂട്ടുവാൻ സാധിയ്ക്കുന്നവനാണു്.

ഇഹലോകത്തിലുള്ള സകല ദുഃഖങ്ങൾക്കും കഷ്ടതകൾക്കും വാസ്തവത്തിൽ ഹേതുഭൂതമായിരിക്കുന്നതു് പൂർവ്വജന്മവാസന വിട്ടുമാറാതെ അനിത്യവസ്തുക്കളിൽ ആഗ്രഹിച്ചും നിചകൃത്യങ്ങളിൽ താല്പര്യപ്പെട്ടും കാമപാശത്തിൽ വീണു് കുടുങ്ങിയും ഉള്ള ജീവിതമാണു്.

അഹംഭാവത്തെ തിരസ്കരിച്ചു സാക്ഷാൽ പരബ്രഹ്മത്തിൽ ലയിച്ചു് കഴിച്ചുകൂട്ടുന്നവനു് സദാ മനസ്സമാധാനം, ജ്ഞാനം, ജീവന്മുക്തി എന്നിവകൾ ക്ഷിപ്രസാദ്ധ്യമാണു്.

തന്റേ ജീവനേക്കൂടെ കൂട്ടാക്കാതെ ഒരു മാതാവു് ഏകപുത്രനെ എങ്ങിനെ രക്ഷിച്ചുവരുന്നുവോ അതുപോലെ വാസ്തവതത്വത്തെ മനസ്സിലാക്കിയിരിക്കുന്നവൻ എല്ലാജീവികളിലും സമഭാവത്തോടും താല്പര്യത്തോടുംകൂടി ജീവിക്കട്ടേ.

ഈ ദൃഢവിശ്വാസം മനുഷ്യനു് ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും ഒരിടത്തിരിക്കുമ്പോഴും എന്നുവേണ്ടാ സദാകാലവും ഉണ്ടായിരിക്കട്ടേ ഈ സ്ഥിതിയേയും അനുഭവത്തിനേയുമാണു്, സാക്ഷാൽ "നിർവ്വാണം" എന്നു പറയുന്നതു്.

മനസാവാചാകർമ്മണാ തെററുകൾ ഇല്ലാതെ ജീവിക്കുക, പരിശുദ്ധമാർഗ്ഗങ്ങളിൽകൂടി മോക്ഷസിദ്ധിയ്ക്കു ശ്രമിയ്ക്കുക, ഹൃദയശുദ്ധിവരുത്തി സകല ജീവികളിലും സമമനസ്കത ഉണ്ടാകുക — ഇതാണു് ബുദ്ധന്മാരുടെ മതം:

ഉപദേശരൂപമായി ബുദ്ധൻ ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോഴേയ്ക്കും സശ്രദ്ധം കേട്ടുകൊണ്ടിരുന്ന മഗധമഹാരാജാവു് അദ്ദേഹത്തോടായി "പ്രഭോ, ഞാൻ രാജകുമാരനായിരുന്നപ്പോൾ എനിക്കു് അഞ്ചുസംഗതികൾ

ളിൽ താല്പര്യം ഉണ്ടായിരുന്നു. ആദ്യമായി വേഗം പട്ടാഭിഷേകം കഴിഞ്ഞു രാജാവാകണം എന്നു്; അതു സാധിച്ചു രണ്ടാമതായി— ഞാൻ രാജാവായിരിക്കുന്ന കാലത്തുതന്നേ പരിശുദ്ധനായ ബുദ്ധൻവന്നു് എന്റെ രാജ്യം പാവനമാക്കണം എന്നു്; ഇതാ ഈ അനുഗ്രഹവും സാധിച്ചു മൂന്നാമതായി— ആ അമാനുഷനായ മഹാനേ നമസ്കരിക്കുവാൻ എനിയ്ക്കു് ഇടയാകണമെന്നു്; അതും സാധിച്ചു നാലാമതായി ബുദ്ധദേവൻ തന്റെമതതത്വങ്ങളേ എന്റേ രാജ്യത്തിൽ പരത്തണമെന്നു്; ഇന്നു ഇതും സാദ്ധ്യമായി. ഇവയിലെല്ലാം അത്യാസക്തിയോടുകൂടി ഞാൻ പ്രതീക്ഷിച്ചിരുന്നതു്, അഞ്ചാമതായി ആ മഹാതത്വങ്ങൾ എനിക്കു് മനസ്സിലാകണം എന്നുള്ളതായിരുന്നു. കൃതാർത്ഥോസ്യഹം! ഇതും സുവിശേഷമായി ഫലപ്രാപ്തിയായി. അവിടുന്നു് ഉപദേശിച്ച ശുഭകരമായ ഈ മനുഷ്യജീവിതനിയന്ത്രണതത്വങ്ങൾ അനുസരിച്ചു് ജീവിച്ചാൽ ആർക്കാണു് മോക്ഷം ലഭിയ്ക്കാതിരിക്കുന്നതു് ഭിന്നിച്ചുപോയ ശക്തികളേ ഈ ഉപദേശം സംഘടിപ്പിക്കുന്നു ഗോപ്യമായിരുന്ന തത്വങ്ങൾ പ്രത്യക്ഷപ്പെടുന്നു. വഴിതെററിപ്പോയ പാന്ഥനേ ശരിയായ നിരത്തിൽകൊണ്ടുവന്നു ചേർക്കുന്നു കണ്ണുള്ളവർക്കു് ശരിയായി കാണത്തക്കവണ്ണം ഇരുട്ടിൽ ഇതാ ഒരു മഹാദീപം എരിച്ചു് കാണിക്കുന്നു. ഞാൻ ബുദ്ധനേ അനുഗമിക്കുന്നു. ധർമ്മത്തിൽ ആശ്രയിക്കുന്നു. സംഘത്തിൽചേരുന്നു" ഇത്രയും പറഞ്ഞുകൊണ്ടു് ബിംബിസാരൻ സാഷ്ടാംഗം നമസ്കരിക്കയും ബുദ്ധൻ അനുഗ്രഹിച്ചു പിടിച്ചു എഴുന്നേല്പിക്കയും ചെയ്തു ഈ ദിവസം മുതൽ മഗധാരാജ്യംമുഴവനും ബുദ്ധമതം പരക്കുകയും രാജാക്കന്മാർ ഈ മതസ്ഥാപനത്തിനായി യത്നിച്ചുവരികയുംചെയ്തു.

ബുദ്ധനിൽ പൂർണ്ണദയഭക്തിവിശ്വാസത്തോടുകൂടിയ മഹാരാജാ ബിംബിസാരൻ ഒരു ദിവസം ബുദ്ധനോടായി "ഗുരോ, ഭിക്ഷുക്കളോടുംകൂടി അവിടുന്നു ഒരുനേരം എന്റേ അരമനയിൽവന്നു് ആതിഥ്യം സ്വീകരിച്ചു ഭക്ഷണം കഴിയ്ക്കാനുള്ള മഹാപദവി എനിയ്ക്കുതരുമോ" എന്നു ചോദിച്ചു.

അടുത്തദിവസം തന്നെ പീതാംബരം ധരിച്ചു്, കമണ്ഡലുവും കയ്യിലെടുത്തു കുറേ ഭിക്ഷുക്കളോടുംകൂടി ബുദ്ധൻ രാജഗൃഹത്തിലേയ്ക്കു് നടന്നുതുടങ്ങി. ദേവഗുരുവായ ശക്രൻ ഒരു യൌവ്വനബ്രാഹ്മണവേഷം ധരിച്ചു മുമ്പിൽ നടന്നു, എല്ലാവരുമായി രാജഗൃഹത്തിൽ പ്രവേശിച്ചു. ഭക്ഷണം കഴിച്ചു് ബുദ്ധൻതന്നെ തന്റേ ഭിക്ഷാപാത്രം വൃത്തിയാക്കി അവിടെ ഇരുന്നു.

ഈ ദിവ്യപുരുഷൻ എന്റേ രാജ്യത്തിൽ തന്നേ ഇരുന്നു് ഇനിയും ഉപദേശം ചെയ്തു് എനിയ്ക്കും പ്രജകൾക്കും മോക്ഷമാർഗ്ഗം സുലഭമാക്കണം. പട്ടണത്തിനു് ഏററവും അടുത്തും ദൂരെയും അല്ലാതേയും, അദ്ദേഹത്തിന്റെ സൌകര്യങ്ങൾക്കും നിഷ്ഠയ്ക്കും അനുസരണമായും ശാന്തമായും, പരിശുദ്ധമായും ഉള്ള ഒരു പ്രദേശം കണ്ടുപിടിക്കണം. എന്നും മററും മഹാരാജാവു് നിശ്ചയിച്ചു് ഈ വിവരം മന്ത്രികളേ അറിയിച്ചു. എന്റേ ഉദ്യാനം ഉണ്ടു്, കീചകവനം ഉണ്ടു്; ഇവയേ ഈ സംഘത്തിലേയ്ക്കു് ഞാൻ ദാനം ചെയ്യാം എന്നു് അദ്ദേഹം നിശ്ചയിച്ചു.

ഒരു ശുഭദിവസം നിശ്ചയിച്ചു് മന്ത്രികൾ, ഗുരുക്കൾ, പുരോഹിതന്മാർ, നഗരപ്രധാനികൾ ഇവരോടുംകൂടി ബിംബിസാരൻ ബുദ്ധന്റേ അടുത്തുചെന്നു നമസ്കരിച്ചു "മനോഹരം" എന്നു പേരുള്ള വലിയ ഉദ്യാനത്തേയും അടുത്തുള്ള കീചകവനത്തേയും ദാനംചെയ്തു

ഒന്നും പറയാതേ തലകുലുക്കി സ്വീകരിച്ചു ലക്ഷണം പ്രത്യക്ഷപ്പെടുത്തി നിഷ്ഠയിൽ ഇരുന്ന ബുദ്ധദേവൻ എണീററു് തന്റെ കൂടെയുള്ള ഭിക്ഷുക്കൾ ഇരിക്കുന്ന സ്ഥലത്തേയ്ക്കു് പോയി.

# സമ്മാനം 100 രൂപാ.

## മഹാത്മജി പദചിത്രപ്രശ്നം No. 10

(പുസ്തകങ്ങളും പ്രവേശനഫീസായി സ്വീകരിക്കും)

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2 സി | 3 | | ✤ | 4 | 5 | | 6 സി |
| 7 സ | | | ✤ | ✤ | 8 ല | | ✤ | |
| | ✤ | 9 ക | 10 | 11 | ✤ | 12 | 13 | ✤ |
| ✤ | 14 | ✤ | 15 ക | | 16 രി | ✤ | 17 | 18 കം |
| ✤ | 19 | ര | | ✤ | 20 | 21 രു | ✤ | |
| 22 സ | | ✤ | ത്മ | ✤ | 23 | | 24 | |
| | ✤ | 25 വി | | | ✤ | ✤ | | ✤ |
| 26 | 27 പ്പ | | | ✤ | 28 പ | 29 | ✤ | 30 യ |
| ✤ | 31 | | ✤ | 32 | | ഷം | ✤ | |

* ചില്ലുകൾ പ്രത്യേകം കള്ളികളിൽ ചേർക്കേണ്ടതാണു്.

വലത്തോട്ടു്:—(1) ഒരു വിനോദമാസിക. (4) കറുത്തവാവു്. (7) വഴി. (8) വള്ളി. (9) വ്യഞ്ജനാക്ഷരങ്ങൾ. (12) പന്നി. (15) പള്ളിക്കൂടം. (17) തവള. (19) ശിരസ്സുകൊണ്ടു്. (20) ഒരു ചന്ദ്രവംശരാജാവു് (22) ത്രിഗുണങ്ങളിൽ ഒന്നു്. (23) വെളുത്തേടൻ. (25) ആൾപാർപ്പില്ലാത്ത പ്രദേശം. (26) യജമാനൻ. (28) വജ്റായുധം. (31) ഋണം. (32) ഉരകല്ലു് (ശാണോപലം.)

കീഴോട്ടു്:—(1) നാക്കു്. (2) ഞരമ്പു്. (3) തുള്ളി. (4) തിരമാല. (5) കോവിലന്റെ ഭാര്യ. (6) സമുദ്രം. (10) രാക്ഷസൻ. (11) പല്ലക്കു്. (13) വ്യഞ്ജനാക്ഷരങ്ങൾ. (14) അഷ്ടസിദ്ധികളിൽ ഒന്നു്. (16) വ്യഞ്ജനാക്ഷരങ്ങൾ. (18) ശ്രീകൃഷ്ണന്റെ മാതുലൻ. (21) രോഗം. (22) എല്ലാദ്ദേഹം. (24) ആന. (25) പുരാണപ്രസിദ്ധമായ ബറോഡം. (27) ധൂമം. (28) ദോഷം. (29) പാഷാണം. (30) സന്യാസി.

പ്രയോജകന്റെ ഉത്തരം സീൽവച്ചു മലയാളമനോരമ ആഫീസിൽ ഏല്പിച്ചിട്ടുണ്ടു്. ഈ ഉത്തരത്തോടു് അക്ഷരംപ്രതി യോജിക്കുന്ന ശരിയായ ഉത്തരങ്ങൾക്കു 70 രൂപാ; ഒരു തെററുള്ളവയ്ക്കു് 30 രൂപാ; ഒന്നിലധികം തെററുള്ള 50 ഉത്തരങ്ങൾക്കു് 6 ണ. വിലയുള്ള പുസ്തകങ്ങൾ പാരിതോഷികം ഒരു ലൈബ്രറിക്കു പററിയ നല്ല പുസ്തകങ്ങൾ (ഇംഗ്ലീഷോ, മലയാളമോ.) ഉപയോഗത്തിന്റെ പഴക്കത്തിനു കാൽഭാഗം വില തള്ളിയും ഉപയോഗിച്ചിട്ടില്ലാത്തവ യഥാർത്ഥ വിലയ്ക്കും പ്രവേശനഫീസായി സ്വീകരിക്കും. പ്രവേശനഫീസു് ഒരുത്തരത്തിനു് 5 ണ മാത്രം. ഉത്തരമൊന്നിച്ചു് ഈ സംഖ്യ മണിയാർഡറായോ, പുസ്തകമായോ 110 മേടം 30-ാംനു-യ്ക്കകം അയച്ചുതരേണ്ടും മേൽവിലാസം:—

കെ. വി. കുമാരൻ ബി. എ.,
കാരാപ്പുഴ, കോട്ടയം-തിരുവിതാംകൂർ.


# നിങ്ങളുടെ ഭാവി

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിന്റെ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവർക്കു 100 ക. ഇനാം.

Professor G. Shunker,
PstoBox No. 72, Lahore

കേരളാചാരനാശിപരീക്ഷ
അഥവാ
ക്ഷേത്രപ്രവേശവാദം.

പി. കെ. നാരായണപിള്ള ബി. ഏ ബി. എൽ

ഒന്നാതരം 6 ണ. രണ്ടാംതരം 4 ണ.
'ശ്രീരാമവിലാസം' പ്രസ്സ്, കൊല്ലം.

ചെറുകഥാപംക്തി

# വിധുരയായ മധുര.

(വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ.)

തൃശ്ശിനാപ്പള്ളിയിലുള്ള മുകുന്ദേശ്വരം ക്ഷേത്രത്തിലെ മഹാനവമി മഹോത്സവദിനത്തിലെ ദീപാരാധനാസമയമാണു്. ഭക്തജനസമൂഹത്തിൽനിന്നും നിരർഗ്ഗളം നിർഗ്ഗളിക്കുന്ന നാമസ്തോത്രങ്ങളാൽ ആ പ്രദേശമാകെ മുഖരിതമാകുന്നു. ദീപാവലികളാൽ പ്രശോഭിതമായിരുന്ന ക്ഷേത്രപുരോഭാഗം പൊട്ടുന്നനവെ നട തുറന്നപ്പോഴുണ്ടായ പരമാനന്ദഭരിൽപ്രവാഹത്തിന്റെ അലതല്ലലിൽ കോലാഹലമയമായിത്തീൎന്നു.

ബഹളമേ! നീ എത്രപേർക്കു് അവരുടെ ദുശ്ചേഷ്ടിതങ്ങൾക്കു വളംവച്ചുകൊടുക്കുന്നില്ല. ഈശ്വരസന്നിധിയിലായാലെന്താണു? അതു് ദുർവൃത്തരെ അനുഗ്രഹിച്ചാണു കാണുന്നതു്. പരധനാപഹാരി ലാഭേച്ഛുക്കളിൽ കരുണകാണിക്കാൻ കരുണാകരൻ ഒരുക്കമാണെന്നോ? പക്ഷേ ഭക്തന്മാരുടെ അഭിലാഷാനുസരണം 'ബഹള'സ്വരൂപനായി ഭഗവാൻ അവിടെ പ്രത്യക്ഷപ്പെട്ടുകയായിരിക്കാം. ബഹളമേ! നീ എത്രപേർക്കു മാറാത്ത മനോവ്യാധിയെ വരുത്തിവയ്ക്കുന്നു. ആഭരണചോരണം ശിശുമോഷണം തുടങ്ങിയവ നിന്റെ കണക്കിൽ നിസ്സാരങ്ങളായ ചില ഏട്ടുകൾ ആയിരിക്കാം.

ദീപാരാധനാബഹളത്തെത്തുടൎന്നു് ഇതാഅതിലും ഗംഭീരമായ മറ്റൊരുബഹളം. ഹാ! തൃശിനാപ്പള്ളിയിലെ ഏററവുംവലിയ പ്രഭുകുടുംബമായ അമരാവതിയിലെ ഏകസന്താനം രത്നാഭരണഭൂഷിതനും രണ്ടുവയസ്സുമാത്രം പ്രായമുള്ളവനുംആയ ഒരു കോമളകുമാരൻ—മോഷ്ടിക്കപ്പെട്ടു. എത്ര വലിയ അത്യാഹിതം. ആ കുഞ്ഞിന്റെ നിർഭാഗ്യയായ മാതാവ് മോഹാലസ്യത്തിൽനിന്നും ഉണൎന്നിട്ടില്ല ശീതോപചാരങ്ങൾ മുറയ്ക്കുനടക്കുന്നു. പിതാവ് വാവിട്ടു നിലവിളിക്കയാണു്. കൂടിനിൽക്കുന്നവരും എന്തിനെന്നറിയാതെ അതിനെ ആവൎത്തിച്ചു പോകുന്നു വിപദിധൈൎയ്യവാന്മാരായ ചില യുവാക്കന്മാർ നാലുവശത്തേയ്ക്കും പായുന്നു. ചിലർ കിണററിലും കുളത്തിലും ഇറങ്ങി തപ്പിത്തിരയുന്നു.

'കുന്തംപോയാൽ കുടത്തിലുംതപ്പണം' എന്നുണ്ടായിരിക്കാം. എന്നാൽ ഇവിടെ അതു് വൃഥാശ്രമമാകുന്നു ആ അപഹൃതബാലൻ തൽക്കാലം ഒരു വനാന്തരത്തിലെത്താറായിരിക്കുന്നു. ഹേ! മാതാവേ,ബഹളത്തിൽ മതിമറന്ന നിങ്ങളുടെകയ്യിൽനിന്നു കുഞ്ഞിനെവാങ്ങിയതു് ദാസിയാണെന്നോ വിചാരിക്കുന്നതു്? അവിടെയാണു അബദ്ധംപിണഞ്ഞതു്. ദാസിയിതാ അടുത്തുതന്നെ കിടന്നു മുറവിളിക്കുന്നുണ്ടു്. നിങ്ങളെപ്പോലെയുള്ള ഒരു സ്ത്രീതന്നെയാണു കുട്ടിയെ കയ്യിൽനിന്നും വാങ്ങിയതു്. കയ്യിൽകിട്ടിയ കനകത്തേയുംകൊണ്ടു് അപ്പോൾതന്നെ അവൾ ഒരു ഊടുവഴിയെ ഓടിത്തുടങ്ങി. അന്ധകാരം ആസ്ത്രീയുടെ ഹൃദയത്തിൽ എന്നപോലെ പരിസരങ്ങളിലും കട്ടിപിടിച്ചിരുന്നു. കുററിക്കാട്ടുകൾനിറഞ്ഞും വിജനമായുംഇരിക്കുന്ന ഒരു പ്രദേശത്തവസാനിക്കുന്ന ഇടവഴിയുടെ അന്തത്തിലെത്തിയപ്പോഴേക്കും കാത്തുനിന്നിരുന്ന ഒരു കാളരൂപൻ കുട്ടിയെ പിടിച്ചുവാങ്ങിക്കൊണ്ടു ഓടിത്തുടങ്ങി. 'മൃദുലചിത്ത'യായ ആ വനിതയും അയാളെ അനുഗമിക്കുന്നു പുരുഷന്റെപിറകെ സ്ത്രീ എന്നാണല്ലോ വയ്പു്.

## II

നന്ദനസമാനമായി, നയനസുഭഗമായിരിക്കുന്ന ഒരു സുന്ദരോദ്യാനം അവിടെയുള്ള ഒരു 'വെൺകുളിർകൽത്തറയിൽ' ആലസ്യമാണ്ടമുഖമൊട്ടുകുനിച്ചു് രാത്രി എട്ടുമണിയായിട്ടും ഒരു സുന്ദരിയായ യുവതി സ്ഥിതിചെയ്യുന്നു. അവളുടെ വദനസുഷമയേയും ഉദ്യാനത്തിലെ കുസുമസമൂഹങ്ങളുടെ മനോഹാരിതയേയും ചന്ദ്രതാരകങ്ങൾ ആകാശദേശത്തു് ശരിയായി പകൎത്തികാണിക്കുന്നു. സൗരഭ്യവാഹിയായ മന്ദമാരുതൻ ചേലാഞ്ചലത്തേയും മുകിലൊളിമുടിയിഴയേയും ചഞ്ചലിപ്പിച്ചിട്ടും ആ യുവതി നിശ്ചലയായും നിരുന്മേഷയായും കാണപ്പെടുന്നു. പലപല ഭൃംഗങ്ങളും കുസുമകലങ്ങളോടു സല്ലപിച്ചു അവിടെ സഞ്ചരിക്കുന്നുണ്ടെങ്കിലും അവളുടെ മനോഭൃംഗം മറെറവിടെയോ പറക്കുകയാണു്. ആ വനിതാരത്നത്തിന്റെ മ്ലാനമുഖത്തെ പകൎത്തിക്കാട്ടുവാനെന്നപോലെ ഇതാ സോമബിംബം കാർനിരയിൽ മറയുന്നു. പെട്ടെന്നു പുറത്തുവന്നു പുഞ്ചിരിതൂകുന്ന ശശാങ്കന്റെ ഒളിച്ചുകളി കണ്ടിട്ടും യുവതിയുടെ വദനം പൂൎവ്വവൽ ക്ലാന്തമായിത്തന്നെ കാണുന്നു. ഇത്രമാത്രം വിധുരയായ ഈ രമണി ആരായിരിക്കാം? അറിയാൻ മാൎഗ്ഗമുണ്ടു്. അടുത്തുതന്നെയുള്ള ഗൃഹത്തിൽനിന്നു് ഇതാ ഒരു വിളി കേൾക്കുന്നു. "മധുരേ! മധുരേ!"

പെട്ടെന്നു ഞെട്ടിയെഴുന്നേററു് ആ യുവതി സ്വസദനത്തിലേക്കു തിരിച്ചു. സ്വന്തം പ്രാണനാഥനായ പോലീസ് ഇൻസ്പെക്റ്റർ രാമനാഥന്റെ വിളികേട്ടിട്ടും അലസഗമനയായി കാണുന്നതെന്താണു്? സമീപത്തെത്തിയ മധുരയോടു രാമനാഥൻ ചോദിച്ചു.

"ഇത്ര രാത്രിയായാലും വീട്ടിലിരിക്കാൻ വിഷമമാണെന്നു തോന്നുന്നല്ലോ. എന്താ ഉദ്യാനലക്ഷ്മിയായി അഭിഷേചിച്ചു കഴിഞ്ഞുവോ?

മൗനം.

"സ്ത്രീകൾക്കു പൊതുവെയുള്ള ഒരു സൂത്രമാണിതു്. അനിഷ്ടത്തിനു് മൗനംതന്നെ മരുന്നു്."

മധുര.—അങ്ങോട്ടു ചോദിക്കാൻ ഇവൾക്കധികാരമില്ലല്ലോ, അല്ലേ? ഞാൻ തോട്ടം വിട്ടു് എങ്ങും പോകാറില്ല.

രാമനാഥൻ—ഉണ്ടെന്നു വല്ലവരും പറഞ്ഞോ? എന്താ,കുറേദിവസങ്ങളായി മട്ടൊന്നു മാറിക്കാണുന്നതു്.

മധുര എന്നും ഒന്നുപോലെയിരിക്കുമോ? അവിടെ സന്തോഷം കൂടുതലുണ്ടല്ലോ. അതുമതി.

രാമനാഥൻ എനിക്കു മനസ്സിലാകാത്ത ഭാഷയാണിതു്

മധുര മനസ്സിലാകാൻ വിഷമമാണു്. കാമുകനു് ഇന്ദ്രിയബോധം അത്ര ശരിയല്ല. വിവേകം കാമുകന്റെ വഴിയേകൂടി പോകുമോ?

രാമനാഥൻ മറുപടിയൊന്നും പറയാതെ സംഭാഷണം അവസാനിപ്പിച്ചു് ഇതരകൃത്യങ്ങളിൽ ഏൎപ്പെട്ടു. അത്താഴം ഊണു കഴിഞ്ഞപ്പോഴേയ്ക്കും മണി പതിനൊന്നു കഴിഞ്ഞിരിക്കുന്നു. സ്വൈരസംഭാഷണത്തിനൊന്നും ഉദ്യമിക്കാതെ ഇൻസ്പെക്ടർ ഗൌരവഭാവംപൂണ്ടിരുപ്പായി. തന്നിമിത്തം മധുരയും സംഭാഷണത്തിനു അസ്വതന്ത്രയായി. ഈവിധത്തിൽ രണ്ടു മുനികളും മുറിയിൽ ജ്വലിച്ചുകൊണ്ടിരുന്ന ദീപത്തെ ധ്യാനിച്ചു തപസ്സുചെയ്യുന്നതുപോലെ കാണപ്പെട്ടു. ഇതാ മണി പന്ത്രണ്ടടിക്കുന്നു. ഇൻസ്പെക്ടർ ബദ്ധപ്പെട്ടു് എഴുന്നേല്ക്കുന്നു. ചുമരിൽ തൂക്കിയിരുന്ന നിരപരാധിയായ ഒരു ദണ്ഡത്തെ യാതൊരു ദയയും കൂടാതെ വലിച്ചെടുത്തു. പ്രിയയുടെ മുഖത്തു് ഒന്നു നോക്കി. ഒടുവിൽ ഒന്നു മന്ദസ്മിതം തൂകിയിട്ടു് പുറത്തിറങ്ങി.

മന്ദസ്മിതം! ഹാ! അതു് ഇത്രമാത്രം വിഷവഷിയാണെന്നു മധുര ഇതുവരെ അറിഞ്ഞിരുന്നില്ല. "ശകാരിച്ചിട്ടു പോയിരുന്നെങ്കിൽ!" മധുര മനഃപൂൎവ്വം ആഗ്രഹിച്ചു. "തന്റെ വാക്കുകൾ അദ്ദേഹത്തെ കോപിപ്പിച്ചുഭവാ" മധുര ഭയപ്പെട്ടു. "ഇത്ര അധന്യയോ ഭാൎയ്യ-" അവൾ അരിശംകൊണ്ടു. "എന്റെ ഭാഗ്യഹീനത" ഒടുവിൽ വ്യസനിക്കാൻതുടങ്ങി. അതു തുടൎന്നു നിന്നു- ഇരുന്നു വ്യസനിക്കാൻ കെല്പില്ലാതെ കട്ടിലിൽ കമഴ്ന്നുകിടന്നു കണ്ണുനീർ പൊഴിക്കുകയായി

## III

സ്വാമിനി വിഷണ്ണയായി കിടക്കുന്നതു കണ്ടു ദാസിയായ കാഞ്ചി സമീപത്തുചെന്നു ആശ്വസിപ്പിക്കാൻ ആരംഭിച്ചു.

"സ്വാമിനി എന്തിനാണിത്രവളരെ വ്യസനിക്കുന്നതു്. പുരുഷന്മാരെല്ലാം ഇങ്ങനെയൊക്കെത്തന്നെയാണു്- അവരുടെ മൃദുലചിത്തം സ്ത്രീസാന്നിദ്ധ്യത്തിൽ നവനീതസമം അലിഞ്ഞുപോകും. പോരെങ്കിൽ സർവ്വതന്ത്രസ്വതന്ത്രരുമാണല്ലോ"

മധുര മറുപടിയൊന്നും പറഞ്ഞില്ല. കാഞ്ചി പിന്നേയും പറഞ്ഞു.

"വ്യസനിച്ചതുകൊണ്ടു വിശേഷംവല്ലതുമുണ്ടോ? ഈ വിവരം അറിഞ്ഞതുകൊണ്ടാണല്ലോ വിഷമമുണ്ടായതു്. ഭാൎയ്യമാരറിയാത്ത രഹസ്യബന്ധം ഒരു പുരുഷനു എത്രമാത്രമുണ്ടാകുമെന്നു നമുക്കറിയാമോ?

മധുര കണ്ണുതുടച്ചു എഴുന്നേററിരുന്നു.

കാഞ്ചി—എനിക്കു ഈ പുരുഷന്മാരെ ഒരുകാലത്തും വിശ്വാസമില്ല. അവൎക്കു യഥേഷ്ടം വിഹരിക്കാം- അതിനെപ്പററി സ്ത്രീകൾക്കു വല്ലതും ചോദിക്കാമോ? 'ശിവനേ' ന്നിരുന്നുകൊള്ളണം. സ്ത്രീയാണെങ്കിലോ കഥയുംതീൎന്നു. കയറോ വാളോ കഴുത്തിൽ വീണുകഴിഞ്ഞു."

മധുര നിഷ്ക്കളങ്കയാണെങ്കിലും ദാസിയുടെ

വാക്ക കേൾക്കുന്നതിൽ ശ്രദ്ധ പ്രദർശിപ്പിച്ചു.

"ഇക്കൂട്ടരെ ഒന്ന പഠിപ്പിക്കുകയാണുവേണ്ടതു്. നമുക്കും തുടങ്ങരുതേ ഇത്തരം രഹസ്യബന്ധങ്ങൾ."

മധുരയുടെ നേത്രങ്ങൾ കോപാരുണങ്ങളായി അവൾ ചാടിയെഴുന്നേറ്റു പല്ലുകടിച്ചുകൊണ്ടു്–

"അസത്തേ! പോ അപ്പുറത്തു്. നിന്നെപ്പോലുള്ള കുലടകളാണു പുരുഷന്മാരെ വശീകരിക്കുന്നതു്. എന്തിനു വെറുതേ അവരെ പഴിക്കുന്നു. ഇനി എന്റെ മുമ്പിൽ കാണരുതു്."

മധുര തിരിഞ്ഞുകിടന്നുറങ്ങാൻ ഒരുങ്ങി. "ഞാൻ നേരമ്പോക്കുപറഞ്ഞതാണേ" എന്നു പറഞ്ഞു കാഞ്ചി ലജ്ജിച്ചു തല താഴ്ത്തി തിരിച്ചുപോയി.

IV

കോയമ്പത്തൂരിൽ രാമനാഥൻ ഇൻസ്പെക്റ്ററുടെ താമസസ്ഥലത്തിനു അധികമകലെയല്ലാതെ രണ്ടുമാസത്തിനു മുമ്പു് ഒരു പുതിയ ജവുളിക്കട ആരംഭിച്ചിട്ടുണ്ടു്. ജനാവലിയെ ആകർഷിക്കത്തക്കവണ്ണം നയനമോഹനമായി അലങ്കരിച്ചിട്ടുള്ള ആ കടയുടെ ഉടമസ്ഥ മണിയാച്ചി എന്നൊരു വനിതയാണു്. ആകർഷണോചിതമാംവണ്ണം ആഭരണഭൂഷിതയായി ഒരു സോഫായിൽ ആ പ്രൗഢവനിത വന്നിരിക്കുന്നതു് ഒരു കാണാനുള്ള കാഴ്ചതന്നെ. മന്ദസ്മിതവദനം, കൃശഗാത്രം, അഴകുള്ള വസ്ത്രധാരണം, സരസസംഭാഷണം ഇതെല്ലാം മണിയാച്ചി എന്ന നാമത്തോടുകൂടി സ്മരിക്കാനുള്ളതാണു്. സ്ത്രീകൾ ഇത്ര വ്യാപാരകുശലകളോ എന്നു ജനങ്ങൾ അത്ഭുതപ്പെടാൻ തുടങ്ങി. അവരുമായുള്ള പരിചയലാഭത്തെ ഉദ്ദേശിച്ചുതന്നെ അനവധിയാളുകൾ കട സന്ദർശിക്കയും ചരക്കുവാങ്ങുകയും ചെയ്യുന്നു. വ്യാപാരകാര്യം നിർവ്വഹിച്ചിട്ടു് സംഭാഷണവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സംഖ്യയും ധാരാളമാണു്. എത്രയായാലും ആരേയും മുഷിപ്പിക്കാതെ പിന്നേയും വരുവാൻ പ്രേരിപ്പിക്കത്തക്ക ആകർഷണശക്തി മണിയാച്ചിക്കുണ്ടെന്നു് സമ്മതിച്ചേ മതിയാകൂ.

സ്വന്തം മുതലെന്നവണ്ണം നിഷ്കൃഷ്ടയായി പെരുമാറുന്ന ഒരു ശമ്പളക്കാരനേയും അവിടെ കാണാം. പക്ഷേ, അയാൾ ഒരു ക്രൂരനോ ദുർമ്മുഖനോ ആണെന്നു മിക്കവർക്കും അഭിപ്രായമുണ്ടു്. ജനങ്ങളുടെ ഇപ്പോഴത്തെ സംസാരവിഷയം ഇതൊന്നുമല്ല. ഇൻസ്പെക്ടർ രാമനാഥൻ മണിയാച്ചിയുടെ വലയിൽ അകപ്പെട്ടുഎന്നു് പരക്കെ സംസാരമായിക്കഴിഞ്ഞു. രാമനാഥൻ കടയിൽ പോകുന്നതും, ഇരിക്കുന്നതും രസിച്ചു സംഭാഷണം ചെയ്യുന്നതും പലപ്പോഴും പലരുടേയും ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. അവരുടെ താമസസ്ഥലത്തു് ഇൻസ്പെക്ടരുടെ സാന്നിദ്ധ്യമുണ്ടാകുന്നതും അത്ര രഹസ്യമല്ല. ഈവക കാര്യങ്ങളെ ക്രോഡീകരിച്ചാൽ മണിയാച്ചിയുടെ കാമുകനാണു് രാമനാഥൻ എന്നു് ജനങ്ങൾ വിധിയെഴുതിയതിൽ എന്താണതിശയം. മദനജ്വരം പിടിപെട്ടവർക്കുണ്ടോ അപവാദഭയം. അവരുടെ സൈ്വരസല്ലാപം തുടർന്നുതന്നെ വരുന്നു. കാര്യസ്ഥനോ കൂലിക്കാരനോ ആയ ആ ദുർമ്മുഖനു് ഈ സമ്പ്രദായം തീരെ പിടിക്കാതായി. അയാൾ മണിയാച്ചിയോടു് ഇതു് അത്ര നന്നല്ലെന്നു് ഗുണദോഷിച്ചു. എങ്കിലും ഇൻസ്പെക്ടരുടെ സാന്നിദ്ധ്യത്തെ നിരാകരിക്കാൻ അവൾക്കു സാദ്ധ്യമാകുന്നില്ല. നാടൊട്ടുക്കു പരസ്യമായ ഈ സംഗതിതന്നെയാണു് മധുരയുടെ വിധുരതയ്ക്കു ഹേതുവായതു്.

V

മധുരയെ കദനജലധിയിലാഴ്ത്തി അല്പരാത്രിക്കു് വടിയുമേന്തി രാമനാഥൻ പുറപ്പെട്ടതിന്റെ പിറേറദിവസം പ്രഭാതത്തിൽ വഴിയരികിലും വീടുകളുടെ മുററത്തും ജനങ്ങൾ കൂട്ടംകൂടി അവക്ക് ചട്ടിച്ച ഏതോ ഒരു പുതിയ വാർത്തയെപ്പററി വിമർശനം ചെയ്യുകയാണു്. പുറത്തുപോയിരുന്ന മധുരയുടെ വാലിയക്കാരൻ ഇതാ പാഞ്ഞു പടികടന്നു് "കൊച്ചമ്മേ, കൊച്ചമ്മേ" എന്നു വിളിക്കുന്നു. കാര്യമെന്തെന്നറിയാതെ മധുര ഓടിയെത്തുന്നു.

"യജമാനൻ മണിയാച്ചിയേയും അവളുടെ കാര്യസ്ഥനേയും അറസ്ററുചെയ്തു.

"എന്തു? മണിയാച്ചിയേയോ? അറസ്ററുചെയ്തോ? യജമാനനോ?" "അതെ. മണിയാച്ചിയെത്തന്നെ. യജമാനൻതന്നെ."

മധുര വിവിധവികാരങ്ങളാൽ വിവശയായി കുറെനിമിഷം നിന്നുപോയി

"എന്തിനാണെടോ? അവരെന്തുകുററം ചെയ്തു?"

"അതല്ലേ അറിയേണ്ടതു്. കണ്ടവന്റെ പണം. പിന്നെ ജവുളിവ്യാപാരമൊ രത്നവ്യാപാരമൊ, എന്താ പാടില്ലാത്തതു്. തൃശ്ശിനാപ്പള്ളിയിലെ ശിശുമോഷണം നടത്തിയകൂട്ടരാണിവർ. കാര്യസ്ഥൻ അവളുടെ ഭർത്താവാണു."

മധുര ഉഴറി "അയ്യോ—ഞാൻ—വെറുതേ" വാലിയക്കാരൻ തുടർന്നു

"യജമാനന്റെ മിരട്ടിൽ മണിയാച്ചിയകപ്പെട്ടു. കാര്യസ്ഥൻ കാര്യമേതാണ്ടു മനസ്സിലാക്കി ഇന്നലെരാത്രി ഒരുമണിയുടെ വണ്ടിക്കു പുറപ്പെടാനൊരുങ്ങി. യജമാനൻ കൃത്യസമയത്തെത്തുകയും ചെയ്തു."

മധുര മന്ത്രിച്ചു: "ഞാനെത്ര മഹാപാപി." ചോദിച്ചു: "കുഞ്ഞിനെ ഈ പാപികൾ എന്തുചെയ്തു?"

"യജമാനൻ എല്ലാംപറയിച്ചില്ലേ. കൊളംബിലുള്ള ഒരു ധനികനു് കുട്ടിയെ വിററു. ഏററവും ആഭരണങ്ങളും വിററപ്പോൾ രൂപാ പതിനയ്യായിരം അവരുടെ കയ്യിൽ. ഏഴായിരം വ്യാപാരത്തിൽ മുടക്കി. ചിലവുകഴിച്ചു ബാക്കി കൈവശമുണ്ടു്.

"മണിയാച്ചി ഒന്നു കുഴഞ്ഞുനോക്കി- ദുർമ്മുഖൻ കയ്യിലുള്ളതു മുഴുവൻ കാണിക്കവെച്ചു. യജമാനനുണ്ടോ കുലുക്കം."

ഈ അവസരത്തിൽ ഇൻസ്പെക്ററർ മന്ദസ്മിതസമന്വിതം അവിടെ ആഗതനായി. ഉടനെ മധുര "ഇന്നലത്തെ ആ ചിരി ഇന്നെനിക്കെത്ര മധുരതരം; ക്ഷമിക്കണേ" എന്നു പറഞ്ഞു ഭർത്തൃപാദങ്ങളിൽ പ്രണമിച്ചു


## ൧൧൧ ആട്ടക്കഥകൾ.



ആട്ടക്കഥകൾ കൈരളിയുടെ ജന്മസ്വത്തായ അമൂല്യനിധിയാണെന്നുള്ളതിൽ പക്ഷാന്തരത്തിനു വകയില്ലല്ലോ. ഇതേവരെ കണ്ടിട്ടുള്ള പ്രസിദ്ധീകരണങ്ങളിൽ 72 ദിവസത്തെ കഥകൾ മാത്രമേ കണ്ടിട്ടുള്ളു. ഇത 111 ദിവസത്തെ കഥകൾ ക്രോഡീകരിച്ചു ബഹുജനസമക്ഷം അവതരിപ്പിച്ചിരിക്കുന്നു. കാലപ്പഴക്കം നിമിത്തം ചില കൃതികളിൽനിന്നു പൊയ്പോയിട്ടുള്ള ഒന്നാന്തരം ഭാഗങ്ങൾ കണ്ടുപിടിച്ചുചേർത്തു്, അശുദ്ധപാഠങ്ങൾ മുതലായ പിഴകളെല്ലാം കഴിയുന്നതും പരിഹരിച്ചു്, മിക്ക പദങ്ങളും വരിവരിയായി തിരിച്ചു് ശ്രദ്ധാപൂർവ്വമായ മേൽനോട്ടത്തിൽ അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കയാണു ചെയ്തിരിക്കുന്നതു്. സുപ്രസിദ്ധങ്ങളായ സകല പുരാണകൃതികളും, പാഠ്യപുസ്തകങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുള്ള കഥകളും, കുട്ടിക്കുഞ്ഞുതങ്കച്ചി, കേരളവർമ്മകോയിത്തമ്പുരാൻ, മേപ്പട്ടയിൽ രാമൻപിള്ളആശാൻ മുതലായ കവികളുടെ കഥകളും, ഉമാകേരളം, നിഴൽക്കുത്തു്, ഔഷധാഹരണം, ഭാമാപരിണയം മുതലായ പുതിയ കഥകളും ഇതിൽ അടങ്ങിയിരിക്കുന്നു.

1500 പേജുകളോളം ഉള്ള ഈ ഗ്രന്ഥത്തിനു വില രൂപാ 3.

തോൽ, കാലിക്കോ ബയിൻറുചെയ്തതു് വില രൂപാ 3½.

# ജോൺ ഗുട്ടൻബർഗ്.

## അച്ചടിയന്ത്രനിർമ്മാതാവ്.

(തോമസ്സ് ജേക്കബ്, കരിപ്പാപ്പറമ്പിൽ)

വായിക്കുന്നതിനുയാതൊന്നുമില്ലാതിരുന്നകാലത്തെ ജനങ്ങളുടെ ജീവിതരീതി നമ്മുടെ ചിന്താപരിധിക്കു അതീതമായിട്ടുള്ള ഒന്നാണ്. അവർ മനഃപരിഷ്കാരത്തിൽ ഇന്നുള്ള കാട്ടാളന്മാരെക്കാൾ ഒട്ടുംതന്നെ ഉന്നമനംപ്രാപിച്ചിട്ടുണ്ടായിരിക്കുവാൻ തരമില്ല. ദുർല്ലഭം ചില കഥകളും ഇതിഹാസങ്ങളും പറഞ്ഞുവന്നിരുന്നതുമാത്രമെ അവരുടെ മനസ്സിൻെറ വളർച്ചയെ സഹായിച്ചിരുന്നൊള്ളു. ജനങ്ങൾ അജ്ഞന്മാരും കിഞ്ചിജ്ഞന്മാരുമായി കാലം നയിച്ചുപോന്നു.

ധനികനായ ഒരുവൻ ബുദ്ധിമാനും അഭ്യസ്തവിദ്യനുമായിരിക്കുന്നതിൽ അഭിമാനിക്കുമെന്നു നാം വിചാരിച്ചേയ്ക്കാം; എന്നാൽ അക്കാലത്തെ ധനികർ കേവലം അനഭിജ്ഞരായിരുന്നു. വായിക്കുവാൻപോലും അറിയുവാൻ പാടില്ലായിരുന്നു എന്നുമാത്രമല്ല, എഴുത്തും വായനയും തങ്ങളുടെ സ്ഥിതിക്കു യോജിക്കാത്ത ഒരു തൊഴിലായി അവർ ഗണിച്ചുംപോന്നു. എഴുതുവാനും എഴുത്തു പഠിപ്പിക്കുവാനും ത്രാണിയുള്ള ചിലർ അന്നുണ്ടായിരുന്നുവെങ്കിലും അന്നത്തെ മുതലാളിമാർക്കു അതൊന്നും ആവശ്യമുണ്ടായിരുന്നില്ല അവർ തങ്ങളുടെ ആവശ്യത്തിലേക്കു സാധുക്കളായ സന്യാസിമാരെയും ഗുമസ്ഥാക്കളേയും ശമ്പളംകൊടുത്തു നിയമിച്ചുവന്നു. ഒപ്പുവയ്ക്കുന്നതുകൂടെ ഈ ആശ്രിതരായിരുന്നുവത്രെ.

അന്നു യൂറോപ്പിലെല്ലാംകൂടെ, ഇന്നു ഒരു ചെറിയ വായനശാലയിലുള്ളടത്തോളം പുസ്തകങ്ങൾ ഉണ്ടായിരുന്നില്ല അനേകംവർഷങ്ങൾകൊണ്ടായിരിക്കണം ഓരോ പുസ്തകങ്ങളും ഉണ്ടാക്കപ്പെട്ടിട്ടുള്ളതു്. ജനങ്ങളിൽ കുടികൊണ്ടിരുന്ന അബദ്ധവിശ്വാസങ്ങളെയും ആചാരങ്ങളെയും വർദ്ധിപ്പിക്കുവാൻ മാത്രം പര്യാപ്തമായിരുന്ന അവയിൽ മിക്കതും ഇല്ലായിരുന്നുവെങ്കിൽ ലോകം ഒന്നുകൂടെ ശോഭനമായിരിക്കുവാനേ തരമുണ്ടായിരുന്നുള്ളൂ. ഇവ, സാധുക്കളും നിരപരാധികളുമായ പലരെയും ക്ഷുദ്രപ്രയോഗികളെന്നുംപറഞ്ഞു പലവിധത്തിൽ പീഢിപ്പിക്കുവാനും ജീവനോടെ ദഹിപ്പിക്കുവാൻതന്നെയും പഠിപ്പിച്ചിരുന്നുവത്രെ. ഏതായാലും, അച്ചടിയന്ത്രം കണ്ടുപിടിക്കുന്നതിനുമുൻപുള്ള ഈ കാലഘട്ടം ചരിത്രത്തിൽ അറിയപ്പെടുന്ന നികൃഷ്ടമായിട്ടുള്ള കാലങ്ങളിൽ ഒന്നായിരുന്നുവെന്നുള്ളതിനു പക്ഷാന്തരമില്ല.

ചുരുക്കംചില നല്ല പുസ്തകങ്ങളുമുണ്ടായിരുന്നു- അവ, ഗ്രീസിലെയും റോമിലെയും മഹാന്മാരായ ഗ്രന്ഥകാരന്മാരുടെ കൃതികളിൽ ചിലതിൻെറ കയ്യെഴുത്തുപ്രതികളായിരുന്നു. അവയെപ്പററി അറിഞ്ഞിരുന്ന കുറച്ചുപേർ അവയെ വേണ്ടവിധത്തിൽ മതിക്കുകയുംചെയ്തിരുന്നു. ഒരാൾ ഫ്ളോറൻസിനുസമീപം കുറേ സ്ഥലം വാങ്ങുവാൻവേണ്ടി തനിക്കുണ്ടായിരുന്ന ഒരു സുപ്രസിദ്ധ ഗ്രന്ഥത്തെ വിററതായും അതു വാങ്ങിയആൾ അതിൻെറവില കൊടുക്കുന്നതിനു കുറേസ്ഥലം മറെറാരാൾക്കു കൊടുത്തതായും കാണുന്നുണ്ടു്. പുസ്തകങ്ങൾക്കാവശ്യക്കാർ വർദ്ധിച്ചുവർദ്ധിച്ചു വന്നുവെങ്കിലും, അതിനനുസരണമായിട്ടു അവ നിർമ്മിക്കുന്നതിനുള്ളശക്തി അന്നുണ്ടായിരുന്നില്ല. ഇപ്രകാരം ജനങ്ങൾക്കു പുസ്തകങ്ങൾ നൽകുന്നതിനു എന്തെങ്കിലും പുതിയ ഒരുമാർഗ്ഗം കണ്ടുപിടിക്കേണ്ടതു അത്യന്താപേക്ഷിതമായിരുന്ന ഒരു ദശയിലാണു അച്ചടിയന്ത്രം കണ്ടുപിടിച്ച ജോൺഗുട്ടൻബർഗ്ഗ് (John Gutenberg) ജർമ്മനിയിലുള്ള മെയിൻസ് (Mainz) എന്ന പ്രദേശത്തു ആയിരത്തിനാനൂററിപ്പത്താമാണ്ടോടടുത്തു ജാതനായതു്.

മറെറല്ലാ കണ്ടുപിടുത്തങ്ങളേയും കുറിക്കുന്ന അച്ചടി അതിൻെറ ചരിത്രംമാത്രം നമ്മെ വിശദമായി ഗ്രഹിപ്പിക്കുന്നില്ല. അച്ചടി എന്നൊരാശയം ആരിലാണു് ആദ്യമായി ഉദയംചെയ്തതെന്നു് നമുക്കു നിശ്ചയം പോരാ വെവ്വേറേയുള്ള ഭാഗങ്ങളായി മാററാവുന്ന മാതൃകയിൽ (separate pieces of moveable type) അച്ചടിച്ച ഒരു പുസ്തകം ഇദംപ്രഥമമായി ലോകർക്കു നൽകിയതു ഗുട്ടൻബർഗാണെങ്കിലും, അക്കാലത്തിൽതന്നെ ജീവിച്ചിരുന്ന മററു ചിലരിലാണു് ഈ കണ്ടുപിടുത്തത്തിനുള്ള ബഹുമതി സ്ഥിതിചെയ്യുന്നതു്. ഗുട്ടൻബർഗ്ഗ് ജനിച്ചവർഷംപോലും നമുക്കു് വ്യക്തമായി അറിയുവാൻ പാടില്ല അദ്ദേഹത്തിൻെറ ബാല്യകാലം നമുക്കു തീരെ അജ്ഞാതമാണു്. അദ്ദേഹത്തിൻെറ പുതിയ കണ്ടുപിടുത്തം വിജ്ഞാനചരിത്രത്താൽ അറിയപ്പെട്ടിട്ടുള്ളതിൽവെച്ചു് ഏററവും വലിയ പരിവർത്തനം ലോകത്തിലുണ്ടാക്കിയെങ്കിലും അദ്ദേഹത്തിൻെറ സ്വകാര്യജീവിതത്തെക്കുറിച്ചു് വളരെ കുറച്ചുമാത്രമെ നമുക്കറിയുവാൻപാടുള്ളൂ.

ഗുട്ടൻബർഗിൻെറ യൌവ്വനകാലത്തുണ്ടായിരുന്ന പുസ്തകനിർമ്മാണത്തിനുള്ള ശ്രമങ്ങൾ നോക്കുന്നപക്ഷം അച്ചടി കണ്ടുപിടിച്ചതിനേ സംബന്ധിച്ചുള്ള തക്കകാരണങ്ങൾ ഒന്നുകൂടി വ്യക്തമാകുന്നതാണു്. പുസ്തകം നിർമ്മിക്കുവാൻ കൈകൊണ്ടു് എഴുതിയുണ്ടാക്കുന്നതിനേക്കാൾ സുകരമായ ഒരു പോംവഴി ഉണ്ടെന്നുള്ള വസ്തുത മനുഷ്യർ ഗ്രഹിച്ചിരുന്നു. നാം സാധാരണയായി കൊത്തുതടി (Woodcuts) എന്നു പറയുന്ന സാധനത്തിൽനിന്നുമാണു് മനുഷ്യർ അച്ചടിക്കുവാനുള്ള മാർഗ്ഗം മനസ്സിലാക്കിയതു് തടിക്കഷണങ്ങളിൽ പടങ്ങൾ കൊത്തി, അതിനു പുറമെ മഷിയിട്ടശേഷം ഒരു കടലാസു അതിൻെറ മുകളിൽവച്ചമർത്തിയപ്പോൾ അച്ചടിച്ച ഒരു രൂപം ലഭിച്ചു. ഇപ്രകാരം, കൊത്തുതടിയിൽനിന്നും ഏതെങ്കിലും രൂപത്തിൽ അനേകം പ്രതികളുണ്ടാക്കുവാൻ സാധിക്കുമെന്നു മനുഷ്യനു ബോധമുണ്ടായി

കൊത്തുതടി, പടങ്ങൾ നിർമ്മിക്കുന്നതിനല്ലാതെ വാക്കുകൾ അച്ചടിക്കുന്നതിനുപകരിച്ചില്ല ഒരു പുറത്തുള്ള വാക്കുകളെല്ലാം ഒരു തടിക്കഷണത്തിൽ കൊത്തുവാൻതന്നെ വളരെ നാൾവേണം. ആ സ്ഥിതിക്കു്, ഒരു പുസ്തകം അച്ചടിക്കുന്നതിനു് ഓരോ പുറവും ഓരോ പ്രത്യേകതടിക്കഷണങ്ങളിൽ കൊത്തേണ്ടിയിരുന്നതുകൊണ്ടു്, ഈ വിധത്തിൽ പുസ്തകങ്ങളുണ്ടാക്കുന്നതു കേവലം ദുഷ്കരമായിരുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കൂട്ടിച്ചേർക്കുമ്പോൾ വാക്കുകൾ ഉണ്ടാകുന്നവിധത്തിലും, ഓരോ പുറവും അച്ചടിച്ചശേഷം പെറുക്കി തിരിച്ചുംമറിച്ചും വെച്ചു മററു പുറങ്ങളും അടിക്കത്തക്കവിധത്തിലുമുള്ള പ്രത്യേക അക്ഷരങ്ങളായിരുന്നു ആവശ്യമുണ്ടായിരുന്നതു്. ഈ അത്ഭുതകരമായ മാർഗ്ഗം ആദ്യമായി തോന്നിയതു ഗുട്ടൻബർഗിനാണെന്നുകാണുന്നു.

ഗുട്ടൻബർഗിൻെറ മാതാപിതാക്കന്മാർ ഉൽകൃഷ്ടവംശജരായിരുന്നു. അദ്ദേഹത്തിൻെറ അച്ഛൻെറ പേർ ഗൻസ്ഫ്ലീസ്ക Gans Fleisch എന്നായിരുന്നുവെങ്കിലും, അമ്മ അവരുടെ കുടുംബത്തിലെ അവസാനസന്തതിയായിരുന്നതിനാൽ ആ പേർ നിലനിർത്തിക്കൊണ്ടുപോകുന്നതിനു വേണ്ടി അവരുടെ പേരാണു് അദ്ദേഹം സ്വീകരിച്ചതു്. തൻെറ പേർ ഇത്ര ബഹുമതിയും മഹിമയും ആർജ്ജിക്കുമെന്നു് ആ സാധു നിരൂപിച്ചുപോലും കാണുകയില്ല.

ആ നഗരിയിലുണ്ടായിരുന്ന സാധുക്കളും ധനികരും തമ്മിൽ വലിയ ഒരു കലഹമുണ്ടാവുകയാൽ, ധനികരുടെ കൂട്ടത്തിലുൾപ്പെട്ട ജോണിൻെറ മാതാപിതാക്കൾക്കു് അക്കാലത്തു പത്തുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന കുട്ടിയേയുംകൊണ്ടു മെയിൻസ് (Mainz) വിട്ടുപോകേണ്ടിവന്നു. അവർ സ്റ്റ്രാസബർഗ് (Strasbourg) എന്ന സ്ഥലത്തുചെന്നഭയം പ്രാപിച്ചു അവിടെയാണു് അച്ചടിയന്ത്രനിർമ്മാതാവായ നമ്മുടെ കഥാനായകൻ വളർന്നുവന്നതു്. അദ്ദേഹം ചിന്താശീലമുള്ള ഉന്മേഷവാനായ ഒരു ബാലനായിരുന്നു. ഏതാണ്ടു പതിനാറുവയസ്സു പ്രായമുള്ളപ്പോൾതന്നെ അദ്ദേഹം കല്ലുകൾ മിനുക്കുന്നതിനും കണ്ണാടികൾ നിർമ്മിക്കുന്നതിനും വേണ്ട പരീക്ഷണങ്ങൾ നടത്തിയിരുന്നപോൽ. ഇവയ്ക്കുവേണ്ടി അദ്ദേഹത്തിനു വീട്ടിൽനിന്നും ലഭിച്ചിരുന്നതിൽ കൂടുതൽ പണം ആവശ്യമുണ്ടായിരുന്നതുകൊണ്ടു്, ആൻഡ്രൂഡ്രിററ്സ്സെൻ (Andrew Dritzehn) എന്നൊരു പൌരനെ, പണം കടംവാങ്ങുന്നതിലേയ്ക്കു് തനിക്കൊരു ജാമ്യക്കാരനായി നില്ക്കുവാൻ ഗുട്ടൻബർഗ്ഗ് സമ്മതിപ്പിച്ചു.

കല്ലുകൾ മിനുക്കുകയും കണ്ണാടി നിർമ്മിക്കുകയും ചെയ്യുന്ന ജോലിയിൽ ഡ്രിററ്സനും അദ്ദേഹത്തിൻെറ ഒരു പങ്കുകാരനായിച്ചേർന്നു. ഇതിൽനിന്നും അദ്ദേഹത്തിനു ഗുട്ടൻബർഗിൽ അതിരററ മതിപ്പും വിശ്വാ

സവമുണ്ടായിരുന്നുവെന്നു വേണം ഊഹിക്കുവാൻ. മുഖക്കണ്ണാടി മുൻപുതന്നെ ഉണ്ടാക്കപ്പെട്ടിരുന്നെങ്കിലും അതു ഒന്നുകൂടെ പരിഷ്കരിച്ച് വിശിഷ്ടമായ രീതിയിലുണ്ടാക്കുവാൻ യുവാവായ ജോൺ ഒരു വഴികണ്ടുപിടിച്ചു. അവർ പന്ത്രണ്ടു വർഷക്കാലത്തേയ്ക്കു ഈ തൊഴിൽ സ്തുത്യർഹമാംവണ്ണം നടത്തി. എന്നാൽ ഒടുവിലൊരദൃഷ്ടസംഭവം അവരെ പ്രസ്തുതതൊഴിലിൽനിന്നും വിരമിപ്പിച്ചു. Aixe-La-Chapelle ലേയ്ക്കു ഒരു തീർത്ഥയാത്രയുണ്ടാകുമെന്നു നിശ്ചയിച്ചിരുന്നു; തദവസരത്തിൽ വലിയ ചിലവുണ്ടാകുമെന്നു കരുതി അവർ ധാരാളം കണ്ണാടികൾ നിർമ്മിച്ചു. പക്ഷെ, യാദൃച്ഛികമായി ഈ പുണ്യയാത്ര നീട്ടിവയ്ക്കപ്പെട്ടതുകാരണം ശേഖരിപ്പു മുഴുവൻ ഇരിപ്പായിപ്പോയി.

ഇങ്ങനെ ഈ തൊഴിൽ അവസാനിപ്പിച്ച ഗുട്ടൻബർഗ് തൻെറ ജീവിതായോധനത്തിലേക്കു പ്രവേശിച്ചു. അദ്ദേഹം ഡ്രിററ്സനെ കൂടാതെ ആൻഡ്രൂ എന്നും ആൻറൺ ഹെയിൽമാൻ (Anton Heilman) എന്നും പേരുള്ള രണ്ടുപേരെക്കൂടി പങ്കുകാരായിട്ടെടുത്തു. കൊത്തുതടികളുപയോഗിച്ചു അച്ചടിക്കണമെന്നുള്ളതായിരുന്നു അവരുടെ ഉദ്ദേശം; ഇളക്കിമാററാവുന്ന അക്ഷരങ്ങളെപ്പററിയുള്ള ആശയം ഇനിയും ഉദിച്ചിരുന്നില്ല. ആയിരത്തിനാനൂററി നാല്പത്തൊന്നിൽ ഡ്രിററ്സൻ മരിച്ചപ്പോൾ അദ്ദേഹത്തിൻെറ സഹോദരന്മാർ ഗുട്ടൻബർഗ് തങ്ങളിലൊരാളെക്കൂടെ മരിച്ചുപോയ ആളുടെസ്ഥാനത്തു പങ്കുകാരനാക്കുന്നതിനുവേണ്ടി കേസ്സുകൊടുത്തതിൽനിന്നും പങ്കാളികൾ ഈ തൊഴിലിനെ വളരെ കാര്യമായി ഗണിച്ചിരുന്നുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു

ഇതുകഴിഞ്ഞു കുറേക്കാലത്തേക്കുള്ള പ്രവൎത്തനങ്ങളെപ്പററി നമുക്കു വലിയ അറിവൊന്നുമില്ല. തൻെറ പരീക്ഷണങ്ങൾ തുടൎന്നുകൊണ്ടുപോകുന്നതിനുവേണ്ടി ഗുട്ടൻബർഗ് പണം കടംവാങ്ങിയിരുന്നെന്നുമാത്രമെ നമുക്കറിയുവാൻപാടൊള്ളു. അദ്ദേഹത്തിനുണ്ടായിരുന്ന ധനംമുഴുവൻ ഇതിലേക്കു ചിലവാക്കി. ഈ കാലത്തെ വീട്ടുവാടകകൂടെ അദ്ദേഹത്തിൻെറ ഭാര്യ കൊടുത്തതായി ഒരു കണക്കുകാണുന്നുണ്ടു്. പിന്നീടു് എന്തോ അദൃശ്യമായ ഒരു ശക്തി അദ്ദേഹത്തെ തൻെറസ്വദേശത്തേയ്ക്കു വിളിച്ചു. തൻെറ പുതിയ കണ്ടുപിടിത്തം വെളിപ്പെടുത്തുവാൻ കാലമായിരുന്നതിനാൽ അതിൻെറ ഉത്ഭവസ്ഥാനം തൻെറ ജന്മദേശമായ മെയിൻസുതന്നെ ആയിരിക്കണമെന്നുള്ള ഉദ്ദേശ്യമായിരിക്കണം ഈ അദൃശ്യശക്തി. ഏതായാലും 1446-ാമാണ്ടു് ഇരുപത്താറു വർഷത്തിനുശേഷം ഗുട്ടൻബർഗ് മെയിൻസിൽ മടങ്ങിച്ചെന്നു് തൻെറകുടുംബംവകയായിട്ടുണ്ടായിരുന്ന ഒരു ഗൃഹത്തിൽ വാസമുറപ്പിച്ചു.

അദ്ദേഹം മെയിൻസിലുള്ള ജോൺ ഫസ്റ്റ് (John Fast) എന്നൊരു ദുഷ്ടനായ കച്ചവടക്കാരൻെറ പക്കൽനിന്നും താൻ നിർമ്മിക്കുവാനുദ്ദേശിച്ചിരുന്ന അച്ചടിക്കുരുക്കളെല്ലാം പണയപ്പെടുത്തി അവയുടെ നിർമ്മാണത്തിനു വേണ്ട തുക കടംവാങ്ങിയതിൽനിന്നും പുതിയ അച്ചടിക്കു വേണ്ട പദ്ധതികളെല്ലാം ജോൺ തയ്യാറാക്കിക്കഴിഞ്ഞിരുന്നുവെന്നു് മനസ്സിലാക്കാം. സ്കോഫർ (Schoeffer) എന്ന ഒരു സമൎത്ഥനായ ലോഹപ്പണിക്കാരനെ അവർ തങ്ങളുടെ കൂടെ ജോലിയ്ക്കെടുത്തു. ഇയാൾ ഗുട്ടൻബർഗിൻെറ ഹിതാനുസരണമുള്ള കരുക്കളുണ്ടാക്കുന്നവിഷയത്തിൽ അദ്ദേഹത്തെ അത്യധികം സഹായിച്ചു. ഓരോ അക്ഷരവും പ്രത്യേകംപ്രത്യേകമുണ്ടാക്കുന്നതിനാണു ഗുട്ടൻബർഗ് ആരംഭിച്ചതു്. അതായതു 'എ' (A) എന്നയക്ഷരം നൂറെണ്ണം ആവശ്യമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം ആ നൂറെണ്ണവും തടിയിൽ പ്രത്യേകം കൊത്തുവാൻതുടങ്ങി.

ഈമാർഗ്ഗം വളരെസമയമെടുത്തുവെന്നു മാത്രമല്ല തടികൊണ്ടുള്ള അക്ഷരങ്ങൾ മാർദ്ദവമുള്ളവയായിരുന്നതിനാൽ അവ അധികം പഴക്കംചെയ്യിരുന്നുമില്ല. സ്കോഫർ അഭിപ്രായപ്പെട്ട ഒരു പരിഷ്കാരം വളരെപ്രധാനപ്പെട്ടതായിരുന്നു. അയാൾ ഒരു ലോഹത്തകിടിൻെറ അററത്തു് അക്ഷരംകൊത്തിയശേഷം അതുപയോഗിച്ചു് കട്ടികുറഞ്ഞ മറെറാരു ലോഹത്തിൽ അതിൻെറ അച്ചു് തുളച്ചെടുത്തു. അക്ഷരമാതൃകകൾ ലഭിക്കുന്നതിനു ലോഹം ആ അച്ചിൽ ഉരുക്കിയൊഴിച്ചു് അതുറയ്ക്കുണ്ട താമസംമാത്രമെ പിന്നീടു് ഉണ്ടായിരുന്നൊള്ളു.

ഇപ്പോഴാണു ഗുട്ടൻബർഗ് തൻെറ ജീവിതായോധനം ശരിക്കു സമാരംഭിച്ചതു്. അദ്ദേഹം വിശുദ്ധ വേദപുസ്തകത്തിൻെറ ഒരു പ്രതി അച്ചടിക്കുവാൻ തീർച്ചപ്പെടുത്തി. ഇതിലേയ്ക്കു ദീർഘമായ കാലതാമസംകൂടാതെ ഭീമമായ ഒരു ചെലവുംവേണ്ടിയിരുന്നു. ഗുട്ടൻബർഗിനോ പങ്കാളികൾക്കോ ഈ ജോലിക്കു് ആവശ്യമായിരുന്ന പണം ഉണ്ടായിരുന്നില്ല.

എങ്കിലും അവസാനം ആയിരത്തിനാനൂററിഅൻപത്തിയഞ്ചിൽ ഒന്നാമത്തെ അച്ചടിച്ച പുസ്തകം--ലത്തീനിലുള്ള വേദപുസ്തകം മുഴുവനും—രണ്ടുഭാഗങ്ങളായി പുറത്തുവന്നു. അച്ചടിയുടെ ജയാഘോഷവും സുസ്ഥാപിതമായി അതു കയ്യെഴുത്തുപോലെതന്നെ തെളിവുള്ളതാണെന്നു് എല്ലാവരും സമ്മതിച്ചു. അനേകം പ്രതികൾ ഒരേസമയത്തുതന്നെ അച്ചടിക്കുവാൻ സാധിച്ചതിനാൽ, പകൎത്തിയെഴുതുന്നതിനെക്കാൾ വളരെ സമയവും ചിലവും ലാഭമുണ്ടായി.

അച്ചടിയന്ത്രത്തിൻെറ പ്രഥമഫലമായി ലോകക്കു ശ്രേഷ്ഠമായ വിശുദ്ധഗ്രന്ഥം നൽകിയതിൽ ഗുട്ടൻബർഗും പങ്കുകാരനും വളരെ മഹനീയമായ ഒരു കൃത്യമാണു് സാധിച്ചതു്. ആദ്യമായി മുദ്രണംചെയ്യപ്പെട്ടതു് ലോകത്തിലുള്ളതിൽവെച്ചു് ഏററവും മഹത്വമേറിയ പുസ്തകമാണെന്നുള്ളതിൽ എല്ലാക്കാലത്തും അച്ചടിക്കാർ അത്യധികം അഭിമാനിക്കുന്നു.

ഗുട്ടൻബർഗിൻെറ ഭാഗ്യസൂര്യൻ ഉദിച്ചയുടൻതന്നെ അസ്തമിക്കുവാനാണിടയായതു്. വിശുദ്ധപുസ്തകം അച്ചടിച്ചുതീൎന്നതോടുകൂടെത്തന്നെ ഒരു കലഹവുമാരംഭിച്ചു. ഗുട്ടൻബർഗിനു് തൽക്കാലം തിരിച്ചുകൊടുക്കുവാൻ സാധിക്കുകയില്ലെന്നു പൂൎണ്ണമായി അറിഞ്ഞുംകൊണ്ടു് അത്യാഗ്രഹിയായ ഫസ്റ്റ് തൻെറ പണത്തിനു ബുദ്ധിമുട്ടിച്ചുതുടങ്ങി. പണം കൊടുക്കുവാൻ നിവൃത്തിയില്ലാതിരുന്നതിനാൽ അച്ചടിയന്ത്രം മുഴുവൻ ആ ദുരാഗ്രഹി കൈവശപ്പെടുത്തി. നിയമപ്രകാരം ഇതിനയാൾക്കവകാശമുണ്ടായിരുന്നെങ്കിലും, വളരെ നിയമങ്ങൾ ഘോരമായവിധത്തിൽ നിഷ്ഠുരമായിട്ടുള്ളതാണെന്നു പറയാതെ തരമില്ല. സാധു ഗുട്ടൻബൎഗ് തൻെറ വിജയനിമിഷത്തിൽതന്നെ അദ്ദേഹത്തിൻെറ ശാലയിൽനിന്നും നിഷ്കരുണം നിഷ്കാസിതനാവുകയും തൻെറ വാത്സല്യമേറിയ അച്ചടിയന്ത്രം ഫസ്റ്റിൻേറയും സ്കോഫറിൻേറയും അധീനത്തിലായി, പൂർവ്വാധികം ദാരിദ്ര്യപീഡിതനായിത്തീരുകയുംചെയ്തു. "വിധിവിഹിതമേവനും ലംഘ്യമല്ലേതുമേ."

ഒരു പുതിയ അച്ചടിശാല സ്ഥാപിക്കുന്നതിനു വേണ്ട സഹായസഹകരണങ്ങൾ തൻെറ ഒരു സ്നേഹിതൻ ഗുട്ടൻബർഗിനുചെയ്തുകൊടുക്കുകയും അദ്ദേഹം ഒന്നുരണ്ടു പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്തുവെങ്കിലും അതൊന്നും അഭിവൃദ്ധിപ്പെടുവാൻ ഇടയായില്ല: അദ്ദേഹം മെയിൻസിലെ മെത്രാപ്പോലീത്തായുടെ ഉദാരതയിൽ തൻെറ ശിഷ്ടകാലം നയിച്ചു. അദ്ദേഹത്തിൻെറ മരണം ആരും ശ്രദ്ധിച്ചില്ല. ലോകൈകമഹാന്മാരിൽ ഒരാളായി തന്നെ ഉൾപ്പെടുത്തിയ ആ വിശുദ്ധപുസ്തകത്തിൻെറ പ്രസിദ്ധീകരണത്തിനുശേഷം പതിമൂന്നുവർഷം കഴിഞ്ഞു്, ആയിരത്തിനാനൂററിഅറുപത്തെട്ടിലാണു് അദ്ദേഹം ദിവംഗതനായതു് ക്രമേണ ജർമ്മനിയിലേയും ഇററലിയിലേയും പ്രധാനപട്ടണങ്ങളിലെല്ലാം അച്ചടിശാലകളുണ്ടായിത്തുടങ്ങി. ഏകദേശം നാലുശതാബ്ദത്തിനുശേഷം മെയിൻസിലെ പൗരർ അദ്ദേഹത്തിൻെറ ഒരു പ്രതിമ സ്ഥാപിച്ചു. പക്ഷെ, അപ്പോൾ അതദ്ദേഹത്തിനാവശ്യമുണ്ടായിരുന്നില്ല; ലോകമെങ്ങും തൻെറ നിർമ്മലയശസ്സ് വ്യാപിച്ചുകഴിഞ്ഞിരുന്നു.


**The ROY AL STUDIO PHOTOS - the BEST: & therefore the CHEAPEST.**

**P. J Cherian, Durbar Artist & Photographer (Cochin)**

*Managing Proprietor:*

**THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.**

# ബാലിദ്വീപിലെ വനിതകൾ.

## സ്ത്രീകൾ പുരുഷന്മാരെ അടക്കിഭരിക്കുന്ന നാട്.

വി. എസ്സ്. എസ്സ്. കണിയാർ, കോതമംഗലം.

ബാലി (പാലി) ദ്വീപ് മനോഹരമായ ഒരു ഭൂവിഭാഗമാണ്. ഇതു "ആർച്ചിപേലാഗോ" ദ്വീപുകളുടെ കിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ഈ ദ്വീപനിവാസികൾ ഒരു പ്രത്യേകതരക്കാരാണെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ബാലിദ്വീപിലെ പെണ്ണുങ്ങൾ ധൈര്യശാലിനികളും, ആണുങ്ങൾ വെറും "മണന്ത"ന്മാരുമാണ്. അവിടത്തെ പുരുഷന്മാരെ തീററിപ്പോററി രക്ഷിക്കുന്നതു് സ്ത്രീകളാണെന്നു പറഞ്ഞാൽ അധികമാരും വിശ്വസിക്കുമെന്നു തോന്നുന്നില്ല. ഭൂമിയിൽ ഒന്നുരണ്ടു ദ്വീപുകളൊഴിച്ചാൽ, ഈ അത്ഭുതകരമായ 'വഴക്കം' മറെറങ്ങും കാണപ്പെട്ടമോ എന്നു സംശയമാണ്. വാസ്തവത്തിൽ നമുക്കിതു അതിശയമായി തോന്നിയേക്കാം. എന്നാൽ 'ബാലി' സ്ത്രീകൾ ആണുങ്ങളെ അടക്കി, അന്നവസ്ത്രങ്ങൾ നൽകി രക്ഷിച്ചുവരുന്നുവെന്നുള്ളതു തികച്ചും പരമാർത്ഥമാണ്. ഇന്നും അവിടെ ഈ 'വഴക്കം' നിലനിന്നും വരുന്നു.

### സ്ത്രീകൾ കൃഷിക്കാർ.

പാലിസ്ത്രീകൾ ഒന്നാന്തരം കൃഷിക്കാരാണ്. കുടുംബസംരക്ഷണത്തിൽ അതിവ സാമർത്ഥ്യശാലിനികൾ. നമ്മുടെ നാട്ടുകളിൽ ആണുങ്ങൾചെയ്യുന്ന എല്ലാത്തൊഴിലുകളും അവിടെ സ്ത്രീകളാണു നിർവ്വഹിച്ചുവരുന്നതു്. സ്ത്രീകൾ വയലുകളിൽപോയി ഉഴവുനടത്തുകയും, വിത്തുവിതക്കുകയും ചെയ്യുന്നു. കന്നുകളെക്കെട്ടി കലപ്പകൊണ്ടു നിലമുഴുന്ന സ്ത്രീകളുടെ സാമർത്ഥ്യവിശേഷം കണ്ടാൽ നാം അത്ഭുതപരതന്ത്രരായിപ്പോകും. അരയോളം ചേറുനിറഞ്ഞ വയലിലും അവർ ക്രൂസരെ ഇറങ്ങി വേലചെയ്യുന്നു. ധാന്യങ്ങൾശേഖരിച്ചു വിപണികളിൽ എത്തിക്കുന്നതും അവിടെ സ്ത്രീകൾതന്നെ. ധനംശേഖരിച്ചു കുടുംബസംബന്ധമായ ആവശ്യങ്ങൾക്കു യഥാർഹം വിനിയോഗിക്കുന്നതും അവിടെ സ്ത്രീകളുടെ ചുമതലയാണ്. സ്ത്രീകൾതന്നെ കൃഷിചെയ്തു സംഭരിച്ചു ശരിപ്പെടുത്തുന്ന 'ബാലിഅരി'ക്കു തുല്യമായ അരി മറെറങ്ങുമില്ലെന്നു പറയപ്പെടുന്നു.

### ആണുങ്ങളുടെ തൊഴിൽ

വയലിലെ കൃഷികൊണ്ടുമാത്രം സ്ത്രീകൾ തൃപ്തിപ്പെടുന്നുവെന്നു ആരും തെററിദ്ധരിക്കരുതു്. കരിമ്പു്, പുകയില കാപ്പി ഇവ സംഭരിക്കാനും അവിടെ സ്ത്രീകൾക്കാണവകാശമുള്ളതു്. വനിതകളെല്ലാം അവരവരുടെ തോട്ടങ്ങളിൽ കായ്കറി കൃഷിയിലും ശ്രദ്ധിക്കുന്നതായിരിക്കും. അവിടത്തെ ആണുങ്ങളുടെ തൊഴിലോ? ശുദ്ധ മടിയന്മാരായിരിക്കുകമാത്രം! യാതൊരു പ്രവൃത്തിയിലും അവിടെ പുരുഷന്മാക്കു സ്ഥാനമില്ലതന്നെ. പരമാർത്ഥം പറയുകയാണെങ്കിൽ, സന്തതികളെ ജനിപ്പിക്കുവാൻ മാത്രമാണു അവിടെ പുരുഷന്മാരെ സ്ത്രീകൾ രക്ഷിച്ചുവരുന്നതു്.




### വൃക്ഷങ്ങളിൽ.

വയലുകളിൽ വേലചെയ്യുന്നതു അത്ര പ്രമാദമായ കാര്യമല്ലായിരിക്കാം. എത്ര ആപൽപൂർണ്ണമായ തൊഴിലിലും പ്രവേശിക്കുവാൻ പാലിമഹിളകൾക്കൊരു ക്രൂസലുമില്ല. ഇന്നാട്ടിൽ ആണുങ്ങൾ ചെയ്യുവാൻ മടിക്കുന്ന അപകടപൂർണ്ണമായ തൊഴിലുകളിൽ പോലും അവിടെ സ്ത്രീകൾ സധൈര്യം പ്രവേശിക്കുന്നു

ബാലിദ്വീപിലെ തെങ്ങുവൃക്ഷങ്ങൾ യഥാർത്ഥത്തിൽ അംബരചുംബികളാണ്. സാധാരണ അവയുടെഉയരം 60-70 അടിയിൽ കുറയുകയില്ല. ഈ തെങ്ങുകളുടെ മുകളിൽ തപ്പിപ്പിടിച്ചുകയറി തേങ്ങായിടുന്നതു വനിതകളാണ്. മൂർച്ചയേറിയകത്തി കടിച്ചുപിടിച്ചുകൊണ്ടു തെങ്ങുകളുടെ ഉച്ചിയിൽ കയറിയിരുന്നു തേങ്ങാക്കുല വെട്ടി താഴെയിടുവാൻ ബാലിപ്പെണ്ണുങ്ങൾക്കുള്ള സാമർത്ഥ്യം അസൂയാവഹമാണെന്നു സമ്മതിച്ചേ കഴിയൂ. തേങ്ങായും മററും മാർക്കററുകളിൽ ചുമന്നുകൊണ്ടുപോകുന്നതിനുപോലും അവിടത്തെ പുരുഷന്മാക്കധികാരമില്ല. വിപണികളിലെ ക്രയവിക്രയങ്ങൾ സമസ്തവും സ്ത്രീകൾക്കധീനമാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ. ബാലിസ്ത്രീകളുടെ വാണിജ്യവൈദഗ്ദ്ധ്യത്തിൽ ആരും അമ്പരന്നുപോകുമത്രെ

ലോകത്തിൻെറ ഇതരഭാഗങ്ങളിലെ സ്ത്രീകളും, ബാലിവനിതകളുംതമ്മിൽ വളരെ വ്യത്യസ്തമായ ഒരു നിലയാണുള്ളതു്. ഇതരരാജ്യങ്ങളിൽ സ്ത്രീകളെ പുരുഷന്മാർ അടക്കിഭരിക്കുകയാണെങ്കിൽ, ബാലിദ്വീപിൽ സ്ത്രീകൾ പുരുഷന്മാരെ നിർഭയം അടിമകളാക്കി സൂക്ഷിച്ചുവരുന്നു ബാലിവനിതകൾ വസ്ത്രാഡംബരങ്ങളിൽ അത്രവളരെ ഭ്രമമുള്ളവരല്ല. ഇന്നാട്ടിലെ പുരുഷന്മാർ മുണ്ടും തോർത്തും ധരിക്കുന്നതുപോലെയാണു ബാലിസ്ത്രീകളും വസ്ത്രധാരണം ചെയ്യുന്നതു്. ഉടുക്കുന്നവസ്ത്രം മുഴങ്കാൽവരെമാത്രം നീണ്ടുകിടക്കും. അനാദികാലംമുതലേ ഈ രീതിയാണത്രെ അവിടത്തെ വസ്ത്രധാരണത്തിനുള്ളതു്. ഉത്സവകാലങ്ങളിലും മററും ചിത്രവേലകളോടുകൂടിയ പട്ടുവേഷ്ടികൾ ധരിക്കുന്നതിൽ കൗതുകമുള്ളവരാണു ആ ദ്വീപിലെ മഹിളകൾ. പക്ഷെ അവരവരുടെ വസ്ത്രങ്ങൾ, അവരവർതന്നെ നെയ്തുണ്ടാക്കിയതായിരിക്കണമെന്നു അവക്കു പ്രത്യേകം നിർബന്ധമുണ്ട്. പട്ടുനൂലോ പരുത്തിനൂലോകൊണ്ടു അവരവരുടെ ഇഷ്ടപ്പടി നെയ്തു ചിത്രവേലകൾചെയ്യുന്നതിൽ ബാലിപ്പെണ്മണികൾക്കുള്ള സാമർത്ഥ്യം അനിതരസാധാരണമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. തങ്കം,വെള്ളിക്കസവുകൾ വച്ചുപിടിപ്പിച്ച വസനങ്ങളും അവർ ഇഷ്ടപ്പെടുന്നു.

### ആരോഗ്യം.

കാററും, വെയിലും, മഞ്ഞും മഴയും വകവയ്ക്കാതെ എല്ലാ തൊഴിലുകളിലും പ്രവേശിക്കുന്നതുകൊണ്ടു അവിടത്തെ സ്ത്രീകൾ എപ്പോഴും അരോഗദൃഢഗാത്രകളായി കാണപ്പെടുന്നു ഓരോ അവയവത്തിലും ആരോഗ്യം തുളുമ്പിനിൽക്കുന്നുവെന്നു പറയാം. ഇവരെല്ലാം തികഞ്ഞ സുന്ദരികളാണെന്നു

ള്ള കാര്യവും പ്രത്യേകം പ്രസ്താവ്യമാണു്. "ബാലി"ദ്വീപിലെ യുവതികളുടേ തലയെടുപ്പും, മന്ദാലസഗമനവും, "ഏതു നാഗരികാംഗനാരസിക"നേയും ഭ്രമിപ്പിക്കുവാൻതികച്ചും പോന്നവയാണെന്നു പ്രസ്താവിക്കുന്നതതിശയോക്തിയല്ല. ഇവർ പൊതുവേ 'കറുപ്പു' നിറക്കാരാണെങ്കിലും ആ കറുപ്പു അഴകിനും പര്യായമായി കണക്കാക്കാവുന്നതാണു്.

പൗരോഹിത്യം

ആ ദ്വീപിൽ മതത്തിനൊരു മുഖ്യസ്ഥാനമുണ്ടു്. മതഭക്തരാണവിടെയുള്ളവർ എല്ലാംതന്നെ. വൈദികകാര്യങ്ങളിൽ സ്ത്രീകൾക്കെത്രമാത്രം സ്ഥാനമുണ്ടോ അതിലുമുപരിയായ അധികാരമാണു മതപരമായി ബാലിസ്ത്രീകൾക്കുള്ളതു്. മതഗുരുക്കന്മാരും മതാധികാരികളും സ്ത്രീകൾതന്നെ. കൊച്ചുകുമാരിമുതൽ പടുകിഴവിവരെ പുരോഹിതകളായി കാണപ്പെടുന്നു. നൃത്തഗീതാദികലകളിലും ബാലിപ്പെണ്ണുങ്ങൾ സമർത്ഥകളാണെന്നു സമ്മതിക്കണം. ഉത്സവകാലങ്ങളിൽ ധാരാളംസ്ത്രീകൾ ഒന്നുചേൎന്നു വെളിപ്രദേശങ്ങളിൽ നൃത്തംചെയ്യുന്ന ഒരു പതിവുണ്ടു് ബാലയും പ്രൗഢയും വൃദ്ധയും നൃത്തങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യും.

ആണുങ്ങളുടെ വേല.

ബാലിദ്വീപിലെ പുരുഷന്മാർ എന്തു ചെയ്യുന്നുവെന്നൊരു ചോദ്യമുണ്ടായേക്കാം. വൃഥാ കാലംകഴിക്കുന്നു എന്നാണതിനു സമാധാനം. കുടുംബസംബന്ധമായ യാതൊരല്ലലും അവൎക്കില്ല. വീർപ്പുമുട്ടെ ഭക്ഷണം കഴിച്ചു "ഊരുചുററിസഞ്ചരിക്കുക" അവരുടെ തൊഴിലുകളിൽ ഒന്നായി കരുതാവുന്നതാണു്. പന്തയംവച്ചു സമയംകളയുന്നവരുമുണ്ടു്. പോർക്കോഴികളെവളൎത്തി പന്തയംവച്ചു അവയെക്കൊണ്ടു പോർനടത്തി വിനോദിക്കുക, ബാലിപ്പുരുഷന്മാർ ചെയ്യാറുണ്ടു്. ഓരോരുത്തരുടെയും വീടുകളുടെമുമ്പിൽ കൂടുകെട്ടി, പോർക്കോഴികളെ വളൎത്തുന്നതു അവിടെ സഹജമാണു്. മൃതാട്ടത്തിൽ പുരുഷന്മാർ ബഹുതല്പരരാണു്. സ്ത്രീകൾക്കു ചൂതുകളിയിൽ താല്പൎയ്യമില്ലെങ്കിലും കോഴിപ്പോരിൽ സന്തോഷം പ്രകടിപ്പിക്കാറുണ്ടു്. പന്തയംവയ്ക്കാനുള്ള സ്വല്പസംഖ്യകൾപോലും അവിടെ പുരുഷന്മാർ സ്ത്രീകളോടു യാചിക്കേണ്ടിയിരിക്കുന്നു

---


# അഷ്ടാംഗഹൃദയം

"അരുണോദയം" എന്ന ഭാഷാവ്യാഖ്യാനത്തോടുകൂടിയതു്.

വ്യാഖ്യാതാ, പി. എം. ഗോവിന്ദൻവൈദ്യൻ.

മൂലശ്ലോകങ്ങളോടും, അന്വയക്രമത്തിനുള്ള അൎത്ഥത്തോടും, വിസ്തരിച്ച വ്യാഖ്യാനത്തോടും കൂടിയതു്. വിദ്യാൎത്ഥികൾക്കും വൈദ്യന്മാൎക്കും ഒന്നുപോലെ ഉപയോഗപ്രദമായ രീതിയിൽ ആണു് പണ്ഡിതനായ വ്യാഖ്യാതാ ഈ ദുൎഗ്രഹഗ്രന്ഥത്തെ സാരള്യത്തോടുകൂടി പ്രതിപാദിച്ചിരിക്കുന്നതു്.

| | ക. | ണ. | | ക. | ണ. |
|---|---|---|---|---|---|
| സൂത്രസ്ഥാനം ൧-ാംഭാഗം | 1 | 4 | സൂത്രസ്ഥാനം ൨-ാംഭാഗം | 1 | 4 |
| ശാരീരസ്ഥാനം | 1 | 4 | നിദാനസ്ഥാനം | 1 | 4 |
| ചികിത്സിതസ്ഥാനം 1-ാംഭാഗം | 1 | 8 | ബാക്കി ഭാഗങ്ങൾ തയാറായിവരുന്നു. | | |

മാനേജർ, ശ്രീരാമവിലാസം പ്രസ്സ് കൊല്ലം.



# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah Travancore)

## CHAIRMAN:- K. C. PANDALA B. Sc. (LOND.)

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches: Trivandrum, Changanacherry, Cochin and Quilon.**

**Sub-Offices: Ernakulam, Kayamkulam and Kottayam.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind or Banking Business transacted.

For Particulars apply to

C. KRISHNA MENON M.A.
MANAGER ALLEPPEY.

or to the

CHAIRMNA
COLLEGE BUILDINGS
ESPLANADE, MADRAS'

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ | | | |
| വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേൎന്നതിനു് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലന്റെ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവൎണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ | | | |
| കുമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവു്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരസ്ലിണി മുഴകാലിക്കോബയന്റു് | 1 | 0 | 0 |
| സാധാരണബയന്റു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടെലാസു്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം. | | 4 | 0 |
| മായാമണ്ഡലം. | | 8 | 0 |
| കനകമംഗലം. | | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാൎയ്യർ. | 0 | 4 | 0 |
| ഗുരുനാനാക്കു്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡു്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡു് അഥവാ | | | |
| സാൎവ്വഭൗമനായിത്തീൎന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ

| | | | |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർപപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | | | |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം | | | |
| സാരാൎത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോടു് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം'

**ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ**

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവൎണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ

പരിഷ്കൃതരീതിയിൽ കൃത്യസമയത്തു് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണു്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

**ബ്ളാക്കുനിൎമ്മാണശാല ഇതുമാത്രം.**

അപേക്ഷിക്കേണ്ടും മേൽവിലാസം.— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയൊ—കൊല്ലം.

 REG. NO. M 2689 & T. 122.


# THE MALAYALA RAJYAM CHITRAVARIKA.

8th APRIL 1935.

Vol. VII No 31


# ഉത്തരവാദിത്വമുള്ള ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

**അശോകാരിഷ്ടം:**—ആർത്തവസംബന്ധമായി സ്ത്രീകൾക്കുണ്ടാകുന്ന എല്ലാവക രോഗങ്ങൾക്കും വിശിഷ്യ, രക്തസ്രാവം, യോനിസ്രാവം എന്നിതുകൾക്കു ഇതിനോളം ശ്രേഷ്ഠമായി യാതൊരൌഷധവും ഉണ്ടായിട്ടില്ലെന്നുള്ളതു നിസ്തർക്കമാകുന്നു. അർശ്ശസ്സ്, ശോഫം, അരുചി എന്നിതുകളെക്കൂടി സമാഹരിക്കുവാൻ ശക്തിമത്തായ ഈ വിശിഷ്ടൌഷധം സ്ത്രീലോകത്തിന് വിലതീരാത്ത ഒരനുഗ്രഹമാകുന്നു. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കണം.

24 ഔൺസു കുപ്പി 1-ക്കു വില 2 ക - ണ.

**ഉശീരാസവം:**—രക്തപിത്തത്തിന്റെ ഏതു ഭയങ്കരാവസ്ഥയിലും ഉപയോഗിക്കുവാനും ഉപയോഗമാത്രയിൽതന്നെ സദ്യഃഫലം നൽകുവാനും ഇതിനുശരി മറ്റൊരൌഷധവുമില്ല. രോമകൂപങ്ങളിൽകൂടിയും മൂത്രമാർഗ്ഗത്തിൽകൂടിയും രക്തം പോകുന്നതിനെ ഇതു ക്ഷണത്തിൽ മാററും. കൂടാതെ, കൃമിദോഷങ്ങൾ, രക്താധിക്യമുള്ള മൂലക്കുരു, ചുട്ടുനീററൽ ഇവകളേയും ആശ്വാസപ്പെടുത്തും. പാണ്ഡു, കുഷ്ഠം, പ്രമേഹം, കൃമിദോഷങ്ങൾ, നീരു് എന്നിവകളിൽ ഈ ദിവ്യൌഷധം എത്രത്തോളം ആശ്വാസപ്രദമാണെന്നു് ഒരിക്കൽ ഉപയോഗിച്ചുനോക്കുന്നവർക്കു അനുഭവൈകവേദ്യമായിത്തീരും. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിനുമുമ്പു് സേവിക്കണം.

24 ഔൺസു കുപ്പി 1-ക്കു 2 ക 8 ണ.

**കനകാസവം:**—കാസശ്വാസം, ക്ഷയരോഗം എന്നിതുകളിൽ ഈ ഔഷധം ചെയ്യുന്ന ശക്തിമത്തായ ആശ്വാസം സുപ്രസിദ്ധമാകുന്നു. അരമുതൽ ഒരൌൺസുവരെ രാവിലേയും വൈകുന്നേരവും ഭക്ഷണത്തിനു മുൻപു സേവിക്കണം. എത്ര വിഷമകരമായ കഫക്കെട്ടിനേയും ഇതു ക്ഷണത്തിൽ തീർക്കുന്നതാണു്.

24 ഔൺസു കുപ്പി 1-ക്കു വില 2 ക 8 ണ.

**തിപ്പല്യാസവം:** ക്ഷയരോഗങ്ങളിൽ അതിശയനീയമായ ഫലത്തെ ചെയ്യുന്ന ഒരു പ്രസിദ്ധ സിദ്ധൌഷധമാണിതു്. മാത്രമല്ല, ഗുന്മൻ, ഗ്രഹണി, പാണ്ഡു, അഗ്നിമാന്ദ്യം, അർശോരോഗങ്ങൾ എന്നിവകളിലും ഇതു് അത്യുത്തമമാകുന്നു. മഹോദരത്തിനും ഇതു ഫലപ്രദമാണെന്നു പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണു്. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കണം.

കുപ്പി 1-ക്കു 2 ക 8 ണ.

**ദന്ത്യരിഷ്ടം:**—മൂലക്കുരു, മലബന്ധം, ഗ്രഹണി, പാണ്ഡുരോഗം, മഹോദരം ഇവകളെ ശമിപ്പിക്കുകയും അഗ്നിബലത്തെ വർദ്ധിപ്പിക്കുകയും അരോചകത്തെ നശിപ്പിക്കുകയും ചെയ്യും. നിത്യശോധനയ്ക്കും ഇതു ബഹു വിശേഷമാകുന്നു. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കാം.

24 ഔൺസു കുപ്പി 1-ക്കു 2 ക.

**പുനർന്നവാസവം:**—വീക്കം, മഹോദരം, പ്ലീഹ, വിള്ള്, അമ്ലപിത്തം, യകൃദ്രോഹം, ഗുന്മം, ജ്വരം എന്നീ സകല ഭയങ്കരരോഗങ്ങളിലും ഒന്നുപോലെ ആശ്വാസപ്രദമായ ഒന്നാംതരം സിദ്ധൌഷധമാണിതു്. അരമുതൽ ഒരൌൺസുവരെ രണ്ടുനേരവും ഭക്ഷണത്തിനു മുൻപു സേവിക്കാം.

24 ഔൺസു കുപ്പി 1-ക്കു വില 2 ക 12 ണ.

**ലക്ഷ്മീവിലാസലേഹ്യം:**—ക്ഷയരോഗത്തേയും അതു വരുത്തിക്കൂട്ടുന്ന അനർത്ഥങ്ങളേയും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. രോഗസാമ്രാട്ടായ ക്ഷയം എത്ര ബലിഷ്ഠശരീരത്തേയും ക്ഷണകാലത്തിനുള്ളിൽ ക്ഷീണിപ്പിച്ച് അസഹ്യമായ ചുമയ്ക്കും കഫക്കെട്ടിനും അമിതമായ ആലസ്യത്തിനും വിധേയമാക്കി ജീവനെത്തന്നെ സമാഹരിച്ചുകളയുന്നു. എത്ര ഭയങ്കരമായ ക്ഷയരോഗത്തേയും സമൂലം നശിപ്പിച്ചു വിജയകരമായ ആശ്വാസത്തെ ജനസാമാന്യത്തിനു നൽകുവാൻ പര്യാപ്തമായ ഒരു പുരാതനയോഗത്തെ അനവധി നിരീക്ഷണങ്ങളുടേയും പരീക്ഷണങ്ങളുടേയും ഫലമായി കണ്ടുപിടിച്ചു പ്രയോഗിച്ചു പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള ഒരു ദിവ്യൌഷധമാണു് 'ലക്ഷ്മീവിലാസലേഹ്യം.' ക്ഷയരോഗികൾ തങ്ങളുടെ വിലയേറിയ ജീവിതത്തേയും ധനത്തേയും നശിപ്പിക്കാതെ ഈ ശ്രേഷ്ഠൌഷധം വരുത്തി സേവിക്കുവിൻ! വിശിഷ്യ, എത്ര ക്ഷീണശരീരികളേയും മന്ദബുദ്ധികളേയും ഇതു് അതിശയനീയമാംവിധം ആശ്വസിപ്പിക്കുന്നതാണു്. ഓരോ ഉരുപ്പികത്തുക്കം ആഹാരത്തിനു മുൻപു സേവിച്ചു പാലോ ഇലവിൻവേരിട്ടുവച്ച കഷായമോ അനുപാനമായുപയോഗിക്കുക.

റാത്തൽ 1-ക്കു 4 ക.

**ശാരിബാസവം:**—പ്രമേഹത്തിൽ ഇത്ര മഹത്തായ മറെറാരൌഷധവും ആയുർവ്വേദം വിധിച്ചിട്ടില്ല. 18 വിധങ്ങളായ പ്രമേഹങ്ങളേയും പ്രമേഹപ്പിടകകളേയും തജ്ജന്യങ്ങളായ ഇതരരോഗങ്ങളേയും ഇതു ക്ഷണത്തിൽ ആട്ടി ഓടിക്കുന്നു. അര ഔൺസുമുതൽ ഒരൌൺസുവരെ രണ്ടുനേരവും സേവിക്കാം

24 ഔൺസു കുപ്പി 1-ക്കു വില 2 ക 8 ണ.

അമൃതസഞ്ജീവനി ആയുർവ്വേദ ഔഷധാലയം കൊല്ലം (തിരുവിതാംകൂർ.)

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.